JEEVA MOZHIKAL RNI/KERBIL/-2003/21404
December 2010 www.jeevamozhikal.org

Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

## ജീവമൊഴി അർദ്ധദിന സമ്മേളനം
## കണ്ണൂരിൽ ഡിസംബർ 11 ന്

ക്രിസ്തീയജീവിതത്തിലെ യാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിലാണോ നിങ്ങൾ? എങ്കിൽ ഈ സമ്മേളനത്തിലേക്കു സ്വാഗതം! പ്രവേശനം സൗജന്യം.

**സ്ഥലം:** ജവഹർലാൽ നെഹ്റു പബ്ലിക് ലൈബ്രറി & റിസേർച്ച് സെന്റർ (ഒന്നാം നിലയിലെ ഓഡിറ്റോറിയം) മുനിസിപ്പൽ ബസ്സ്റ്റാൻഡിനു സമീപം, യോഗശാല റോഡ്, കണ്ണൂർ

**സമയം:** 2010 ഡിസംബർ 11 ശനിയാഴ്ച രാവിലെ 10 മുതൽ 1 മണി വരെ

**ചിന്താവിഷയം:**

'ക്രിസ്തീയമതത്തിനപ്പുറം ആത്മീയതയിലേക്ക്'

കൂടുതൽ വിവരങ്ങൾക്ക് : 9495575692, 9745568090

ജീവമൊഴിയുടെ ആഭിമുഖ്യത്തിലുള്ള ഈ സമ്മേളനം നിങ്ങളുടെ വിശ്വാസ ജീവിതത്തിന് പുതിയൊരു ദിശാബോധം നൽകും. പ്രാർത്ഥനാപൂർവം വരിക.

## വായ്പ കൊടുക്കുന്നത് ആർക്ക്?

ഒരു പിതാവ് മകന് 10 രൂപ കൊടുത്തിട്ട് ഏതെങ്കിലും നല്ല കാര്യത്തിന് പ്രയോജനപ്രദമായി ഉപയോഗിച്ചുകൊള്ളാൻ പറഞ്ഞു. മകൻ അതുമായി പോകുമ്പോൾ വിശന്നു വലഞ്ഞ ഒരുവനെ കണ്ടു. അവന് അതു നൽകി. വൈകിട്ടു മകൻ വീട്ടിൽ വന്നപ്പോൾ പിതാവ് അവനെ വിളിച്ചു പണം എന്തു ചെയ്തു എന്നന്വേഷിച്ചു.

"ഞാൻ അത് ഒരു എളിയവനു വായ്പയായി കൊടുത്തു" എന്നായിരുന്നു മകന്റെ മറുപടി. ലോക പരിചയവും അറിവും കൂടുതലുള്ള പിതാവിന് അതു കേട്ടപ്പോൾ അരിശമാണ് വന്നത്: "വായ്പ കൊടുക്കുമ്പോൾ എപ്പോഴും അതു തിരിച്ചുതരാൻ പ്രാപ്തിയുള്ളവനേ കൊടുക്കാവൂ. എളിയവനു കൊടുത്താൽ അതു തിരിച്ചു കിട്ടുമോ? വെറുതെ ആ രൂപ നഷ്ടമാക്കി"- പിതാവു പറഞ്ഞു. മകൻ ഉടനെ തന്റെ ബൈബിൾ തുറന്നു സദൃശവാക്യങ്ങൾ 19 ന്റെ 17 വായിച്ചു കേൾപ്പിച്ചു-'എളിയവനോടു കൃപകാട്ടുന്നവൻ യഹോവയ്ക്കു വായ്പ കൊടുക്കുന്നു. അവൻ ചെയ്ത നന്മയ്ക്ക് അവൻ പകരം കൊടുക്കും.' ഇതുകേട്ട് സന്തുഷ്ടനായ പിതാവ് ഉടനെ പേഴ്സു തുറന്നു മകനു 10 രൂപ സമ്മാനമായി കൊടുത്തു. പണം വാങ്ങി സന്തോഷത്തോടെ നടന്നു നീങ്ങുമ്പോൾ മകന്റെ കമന്റ് ഇങ്ങനെയായിരുന്നു: "യഹോവയ്ക്കു വായ്പ കൊടുത്താൽ ഇത്രവേഗം മടക്കി കിട്ടുമെന്നു ഞാൻ പ്രതീക്ഷിച്ചില്ല."


'വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നതു ലാഭം'( പ്രവൃത്തി 20:35)

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 8 – ലക്കം 12 ഡിസംബർ 2010 Rs. 7.00



**എഡിറ്റോറിയൽ**

# ആത്മാവിലെ ദാരിദ്ര്യമാണ് താഴ്മ



യേശുക്രിസ്തുവിന്റെ താഴ്മ ഏറ്റവും കൂടുതൽ പ്രകടമാകുന്നത് അവിടുന്നു ശിഷ്യന്മാരുടെ കാലുകൾ കഴുകിയതിലോ കാൽവറിയിൽ മരിച്ചതിലോ അല്ല, അവിടുന്നു ജഡാവതാരം എടുത്തതിലാണ്. 'അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി' എന്നാണ് ആ കാര്യത്തെ പൗലോസ് വിശദീകരിക്കുന്നത് (ഫിലി. 2:6-8).

ഇവിടെ സംഭവിച്ചതു നമുക്കു സങ്കല്പിക്കാൻ കഴിയുന്നതിനും അപ്പുറമുള്ള കാര്യമാണ്-ദൈവം മനുഷ്യനായിത്തീർന്നു! പരിമിതികളില്ലാത്ത ദൈവം പരിമിതികളുള്ള മനുഷ്യനായി മാറി. ഒരു കുറവും ഇല്ലാത്ത ദൈവത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അവിടുത്തേക്ക് ആരെയും ആശ്രയിക്കേണ്ട എന്നതാണ്. എന്നാൽ അവിടുന്നു മനുഷ്യനായി ഭൂമിയിൽ വന്നപ്പോഴോ? യേശു എപ്പോഴും ഏതിനും പിതാവിനെ ആശ്രയിക്കുന്നതാണു നാം കാണുന്നത്. പിതാവിനെ ആശ്രയിക്കാതെ ഒരു വാക്കോ പ്രവൃത്തിയോ തനിക്കുണ്ടായിരുന്നില്ല. ഭൂമിയിലെ ജീവിതം സംബന്ധിച്ച തന്റെ നയം യേശു ഇങ്ങനെയാണു വ്യക്തമാക്കുന്നത്: പിതാവു ചെയ്തു കാണുന്നത് അല്ലാതെ പുത്രനു സ്വതേ ഒന്നും ചെയ്‌വാൻ കഴികയില്ല (യോഹ. 5:19). ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല. എന്നെ അയച്ച പിതാവു തന്നെ ഞാൻ ഇന്നതു പറയണം എന്നും ഇന്നതു സംസാരിക്കണം എന്നും കല്പന തന്നിരിക്കുന്നു (12:49). നോക്കുക: തനിക്ക് ഒരു കുറവും (ദാരിദ്ര്യവും)ഇല്ലാത്തതു മൂലം ' ആശ്രയിക്കുക' എന്നാൽ എന്താണെന്ന് അറിഞ്ഞുകൂടാത്തവനായ സർവ്വശക്തനായ ദൈവം എന്തിനും ഏതിനും ആശ്രയിക്കേണ്ട ദരിദ്രാവസ്ഥ സ്വയം വരിച്ചതാണ് ജഡാവതാരത്തിൽ സംഭവിച്ചത്. "നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്നു" (2 കൊരി. 8:9). ഉവ്വ്, യേശുക്രിസ്തു തന്നെത്താൻ ഒഴിച്ച് മനുഷ്യനായി താഴേക്കു വന്നതായിരുന്നു താഴ്മയുടെ ഏറ്റവും വലിയ ചുവടുവയ്പ്. ക്രൂശിലെ മരണത്തോളം താഴ്ത്തിയതുൾപ്പെടെയുള്ള മറ്റു കാര്യങ്ങൾ അതിന്റെ തുടർച്ചയായാണു സംഭവിച്ചത്.

പിതാവിനോടുള്ള ആശ്രയത്വം എപ്പോഴും ആവശ്യമായി വരുന്ന ഈ 'ദാരിദ്ര്യം' സ്വയം വരിച്ച യേശു ഈ താഴ്മയുടെ വഴിയാണു പർവ്വതപ്രസംഗത്തിൽ ശിഷ്യന്മാർക്ക് ഒന്നാമതായി ഉപദേശിച്ചത്-'ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, ദൈവരാജ്യം അവർക്കുള്ളത്' (മത്തായി 5:3). സ്വയം അനുഭവവേദ്യമാക്കാത്ത കാര്യങ്ങൾ ഒന്നും യേശു മറ്റുള്ളവരോട് ഉപദേശിച്ചിട്ടില്ലല്ലോ. (അപ്പോ. പ്രവൃ. 1:1).

ഒന്നാമതു നാം ആത്മാവിൽ ദരിദ്രരായിരിക്കണം എന്നു യേശു പറഞ്ഞത് എന്തുകൊണ്ടാണ്? എല്ലാ ആത്മീയനന്മകളുടേയും അടിസ്ഥാനം താഴ്മയാണെന്നുള്ളതുകൊണ്ട് ഭാഗ്യവർണ്ണനയിൽ ഒന്നാമത് യേശു താഴ്മയെക്കുറിച്ചായിരുന്നില്ലേ പറയേണ്ടിയിരുന്നത്? അതേ, തീർച്ചയായും. യേശു ഇവിടെ ഒന്നാമതു പറഞ്ഞതും അതു തന്നെയാണ്. വാസ്തവത്തിൽ താഴ്മ എന്നു പറയുന്നത് ആത്മാവിലെ ദരിദ്രാവസ്ഥയാണ്.

യഥാർത്ഥത്തിൽ ' ആത്മാവിലെ ദാരിദ്ര്യം' എന്നാൽ എന്താണ്? നമ്മുടെ സ്വാഭാവിക ചിന്തകൾക്ക് അതു പലപ്പോഴും മനസ്സിലാവുകയില്ല. ആത്മാവിൽ സമ്പന്നതയല്ലേ നമുക്കു വേണ്ടത്? പിന്നെ എന്തുകൊണ്ടാണ് യേശു ആത്മാവിൽ ദരിദ്രരായവർക്ക് ദൈവരാജ്യം വാഗ്ദാനം ചെയ്തത്? -ഇങ്ങനെ പോകുന്നു സ്വാഭാവിക മനസ്സിന്റെ സംശയങ്ങൾ.

യേശുവിന്റെ ജഡാവതാരത്തോടു ബന്ധപ്പെട്ടു തുടക്കത്തിൽ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിച്ചാൽ ഇതിനു മറുപടിയായി. യേശു ജഡാവതാരത്തിൽ ദൈവികമായ സമ്പന്നത ഉരിഞ്ഞു വച്ച് മനുഷ്യനായി തീർന്നപ്പോൾ എന്താണു സംഭവിച്ചത്? അവിടുന്ന് എപ്പോഴും പിതാവിനെ ആവശ്യമുള്ളവനായി, ഏതു കാര്യത്തിനും പിതാവിന്റെ ആശ്രയം വേണ്ട 'ദരിദ്ര'നായിത്തീരുകയായിരുന്നു. ഈ അവസ്ഥയാണ് ആത്മാവിലെ ദാരിദ്ര്യം. യേശു തന്റെ താഴ്മയിൽ ആത്മാവിലെ ദാരിദ്ര്യമാണ് വരിച്ചതെന്നു കാണാം.

നാമും ഈ നിലയിൽ ആത്മാവിൽ ദരിദ്രരാകണമെന്നാണ് യേശു ആഗ്രഹിക്കുന്നത്. ആത്മാവിലെ ദാരിദ്ര്യം എപ്പോഴും ദൈവത്തെ ആശ്രയിക്കുവാൻ നമ്മെ പ്രേരിപ്പിക്കും. നമുക്ക് നമ്മിൽ തന്നെ ആശ്രയവും വിശ്വാസവും ഉണ്ടായിരിക്കുകയില്ല (ഫിലി. 3:3). എന്താണ് ചെയ്യേണ്ടതെന്ന് സ്വാഭാവികമായി അറിയാത്ത, എന്താണ് പറയേണ്ടതെന്ന് നിശ്ചയമില്ലാത്ത, സ്വയത്തിൽ നിസ്സഹായരായ ആളുകൾ. അങ്ങനെയുള്ളവർക്ക് ദൈവത്തെ മുറുകെപിടിക്കുകയല്ലാതെ എന്താണ് മാർഗ്ഗം? ഈ മട്ടിൽ നിസ്സഹായരായ, ദരിദ്രരായ ആളുകൾ എപ്പോഴും എല്ലാറ്റിനും വേണ്ടിയും ദൈവത്തിന്റെ അടുക്കലേക്കു ചെല്ലും-യാചകൻ ധനവാന്റെ പടിവാതിൽക്കൽ ദിനംതോറും കാത്തു നിൽക്കുന്നതുപോലെ. ഇതാണ് യഥാർത്ഥ താഴ്മ. ഇങ്ങനെയുള്ളവർ ഭാഗ്യവാന്മാരാണെന്നും ദൈവരാജ്യം അവർക്കുള്ളതാണെന്നും യേശു പറഞ്ഞപ്പോൾ അത് അവിടുന്ന് സ്വന്തം ജീവിതത്തിൽ അനുഭവമാക്കിയ ഒരു സത്യത്തിന്റെ ഉദ്ഘോഷണമായിരുന്നു.

'ദൈവത്തിന് ഒരുവനെ താഴ്ത്തുന്നത് താരതമ്യേന എളുപ്പമാണ്; അവനെ താഴ്മയിൽ നിലനിർത്തുന്നതാണ് പ്രയാസം' എന്നു പറയാറുണ്ട്. അതു ശരിയാണ്. 'ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ' എന്ന വാക്യത്തിന്റെ കാലം (Tense) പൂർത്തിയായ ഭൂതകാലമല്ല, വർത്തമാനകാലമായി തുടരുന്നതാണ് എന്നതു ശ്രദ്ധിക്കുക. നാം ഭൂതകാലത്തിലെപ്പോഴോ സ്വയത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ട് ദൈവത്തെ മാത്രം ആശ്രയിച്ച് ആത്മാവിൽ ദരിദ്രരായിത്തീർന്നിട്ടുണ്ടാവാം. പക്ഷേ, ഇപ്പോൾ നമ്മുടെ അവസ്ഥ എങ്ങനെയിരിക്കുന്നു? നാം ഇപ്പോഴും ദരിദ്രരായി തുടരുകയാണോ അതോ കാലം കടന്നുപോയപ്പോൾ സ്വയത്തിൽ ശക്തരായി തീർന്നിരിക്കുകയാണോ? ആത്മാവിലെ ദാരിദ്ര്യം നമ്മെ സംബന്ധിച്ചിടത്തോളം ഒരു ഭൂതകാല അനുഭവം മാത്രമാണോ അതോ വർത്തമാനത്തിലും തുടർന്നുകൊണ്ടിരിക്കുന്നോ എന്നതാണ് പ്രസക്തമായ ചോദ്യം.

നാം ഇന്ന് ശക്തരായി മാറിയിട്ടുണ്ടെങ്കിൽ നമ്മെ വീണ്ടും ആത്മാവിലെ ദാരിദ്ര്യത്തിലേക്ക് കൊണ്ടു വരുവാൻ (താഴ്മയിലേക്ക് പ്രത്യാനയിക്കുവാൻ) ദൈവം ആഗ്രഹിക്കുന്നു. നമ്മെ ആത്മാവിലെ ദാരിദ്ര്യത്തിൽ നിലനിർത്താൻ ദൈവത്തിനു തന്റേതായ മാർഗ്ഗം ഉണ്ട്.

*ശേഷം പേജ് 15 ൽ*

സന്ദേശം

# താഴ്മയുടെ അർത്ഥതലങ്ങൾ

ആർ. പ്രഭാകർ പോണ്ടിച്ചേരി

**ഒ**രു പ്രമാണി യേശുവിനോട്: “നല്ല ഗുരോ, ഞാൻ നിത്യജീവനെ അവകാശമാക്കേണ്ടതിന് എന്തു ചെയ്യണം” എന്ന് ചോദിച്ചു അതിന് യേശു : “എന്നെ നല്ലവൻ എന്നു പറയുന്നത് എന്ത്? ദൈവം ഒരുവനല്ലാതെ നല്ലവൻ ആരും ഇല്ല.” (ലൂക്കോ. 18:18, 19). യേശുവിന്റെ ആന്തരികജീവിതം പഠനവിഷയമാക്കുകയും അവിടുത്തെ കാൽച്ചുവടുകൾ പിൻപറ്റുകയും വേണം എന്ന് നാം പലപ്പോഴും കേട്ടുകൊണ്ടിരിക്കുന്നവരാണു നാം. മുകളിൽ ഉദ്ധരിച്ച വചനങ്ങളുടെ പശ്ചാത്തലത്തിൽ നാം നമ്മോടുതന്നെ ഒരു ചോദ്യം ചോദിക്കേണ്ടിയിരിക്കുന്നു. ഒരിക്കൽപോലും പാപം ചെയ്യാത്ത യേശു ഈ മനുഷ്യനോട് തന്നെ “നല്ലവൻ” എന്ന് വിളിക്കരുത് എന്ന് പറയാൻ കാരണം എന്താണ്? അത്തരം ഒരു പ്രസ്താവന നടത്താൻ യേശുവിനെ പ്രേരിപ്പിച്ചത് അവിടുത്തെ താഴ്മയായിരുന്നു.

യേശു ഭൂമിയിൽ മനുഷ്യപുത്രനായി ജീവിച്ചതിനാൽ, പരിശോധന



ഭൗതികസമൃദ്ധിയും ഒരു വിധത്തിലുള്ള ബുദ്ധിമുട്ടായിത്തീരാം എന്ന് നിങ്ങൾ ഗ്രഹിച്ചിട്ടുണ്ടോ?

**രണ്ടും രണ്ടും കൂട്ടിയാൽ നാലാണെന്ന് ഗ്രഹിക്കുന്നത്ര വ്യക്തതയോടെ ഈ കാര്യം നാം ഗ്രഹിക്കണം. നാം മനുഷ്യരാണെങ്കിൽ ഉചിതമായ കാര്യം സ്വയം വിനയപ്പെടുത്തുകയാണ്. ഭൂമിയിൽ ആയിരുന്നപ്പോൾ യേശു മനുഷ്യനായിരുന്നതിനാൽ മനുഷ്യൻ ന്യായമായും ചെയ്യേണ്ടകാര്യം അവിടുന്ന് ചെയ്തു- തന്നെത്താൻ താഴ്ത്തി. അതുകൊണ്ട് ഒരിക്കൽപോലും പാപം ചെയ്യാത്തവനെങ്കിലും "നല്ല ഗുരോ" എന്ന് വിളിക്കപ്പെടുവാൻ അവിടുന്ന് സമ്മതിച്ചില്ല.**

കളിലൂടെയും, പരീക്ഷകളിലൂടെയും വിഷമകരമായ സാഹചര്യങ്ങളിലൂടെയും കടന്നുപോകുന്നവരുമായി താദാത്മ്യം പ്രാപിക്കാൻ അവിടുത്തേക്ക് കഴിഞ്ഞിരുന്നു. ജീവിതത്തിന്റെ വേദനകളും കഷ്ടപ്പാടുകളും മനസ്സിലാക്കാൻ കഴിയുന്ന നിങ്ങളെപ്പോലെ ഒരു മനുഷ്യനാണ് ഞാനും എന്ന് യേശു സദാ നമ്മോട് പറയുന്നതുപോലെ തോന്നും. നിങ്ങളോടൊത്ത് ഈ ഭൂമിയിൽ ജീവിക്കുമ്പോൾ എനിക്ക് നിങ്ങളെ മനസ്സിലാക്കാൻ കഴിയും. ഈ ലോകം ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു. ജഡത്തിൽ ഒരു നന്മയും വസിക്കുന്നില്ല. നിങ്ങൾ പരീക്ഷിക്കപ്പെടുന്നതുപോലെ ഞാനും പരീക്ഷിക്കപ്പെടുന്നു. നിങ്ങളെപ്പോലെ ഞാനും കഷ്ടങ്ങളിലൂടെ കടന്നുപോകുന്നു. എനിക്കും ഒരു കുടുംബം ഉണ്ടായിരുന്നു. കുടുംബത്തിന്റെ സന്ധാരണത്തിനായി എനിക്കും വേലചെയ്യേണ്ടിവന്നു. ഓരോ ദിവസവും വിവിധ മേഖലകളിൽ ഞാൻ പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഞാനും ശോധനകളിലൂടെ കടക്കേണ്ടതുണ്ട്. നിങ്ങൾ പരാജയപ്പെടുന്ന സ്ഥാനത്ത് ഞാൻ ജയിക്കുന്നു എന്നത് സത്യമായിരിക്കാം. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവനാണല്ലോ. എന്നാൽ ഞാൻ പരീക്ഷിക്കപ്പെടുന്നു. പരീക്ഷിക്കപ്പെടുന്ന കാലത്തോളം നല്ലവൻ എന്ന് എന്നെപ്പറ്റി ചിന്തിക്കാൻ കഴിയുകയില്ല. ഞാൻ ജയാളിയും നിങ്ങൾ തോല്ക്കുന്നവനും ആണെന്ന കാര്യത്തിന് ഇവിടെ വലിയ പ്രസക്തിയില്ല. നാം എല്ലാവരും ഒരുപോലെ കഷ്ടങ്ങളിലൂടെ കടന്നുപോകുന്നവരത്രേ.

യേശുവിനെപ്പറ്റി പൗലൊസിന് പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയത് മേൽപ്പറഞ്ഞ കാര്യമത്രേ. ഒരു മനുഷ്യനെന്ന നിലയിൽ യേശു തന്നെത്താൻ താഴ്ത്തി. ഭൂമിയിൽ ഒരു മനുഷ്യനായി വെളിപ്പെട്ടതിലൂടെ അവിടുന്ന് സ്വയം താഴ്ത്തുകയായിരുന്നു. രണ്ടും രണ്ടും കൂട്ടിയാൽ നാലാണെന്ന് ഗ്രഹിക്കുന്നത്ര വ്യക്തതയോടെ ഈ കാര്യം നാം ഗ്രഹിക്കണം. നാം മനുഷ്യരാണെങ്കിൽ ഉചിതമായ കാര്യം സ്വയം വിനയപ്പെടുത്തുകയാണ്. ഭൂമിയിൽ ആയിരുന്നപ്പോൾ യേശു മനുഷ്യനായിരുന്നതിനാൽ മനുഷ്യൻ ന്യായമായും ചെയ്യേണ്ടകാര്യം അവിടുന്ന് ചെയ്തു- തന്നെത്താൻ താഴ്ത്തി. അതുകൊണ്ട് ഒരിക്കൽപോലും പാപം ചെയ്യാത്തവനെങ്കിലും "നല്ല ഗുരോ" എന്ന് വിളിക്കപ്പെടുവാൻ അവിടുന്ന് സമ്മതിച്ചില്ല. എബ്രായർ 2:18ൽ പറയുന്നു, നമ്മെ സഹായിക്കാനാണ് യേശു ഭൂമിയിലേക്ക് വന്നതെന്ന്. ഏതുതരത്തിലുള്ള സഹായമാണ് യേശു നൽകുന്നത്? പരീക്ഷിക്കപ്പെടുമ്പോൾ നാം വീണുപോകുന്നു. വീഴ്ച സംഭവിച്ചവരാകയാൽ ഈ ഭൂമിയിൽ നാം കടന്നുപോകുന്ന ഓരോ സാഹചര്യവും നമ്മുടെ ദൃഷ്ടിയിൽ നമ്മെ ചെറുതാക്കാനായി സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നതത്രേ.

ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ നമ്മോടുതന്നെ ഒരു ചോദ്യം





ചോദിക്കാം. യേശുവിൽ നിന്ന് എങ്ങനെ നമുക്ക് സഹായം ലഭിക്കും? നാമെല്ലാവരും പരീക്ഷിക്കപ്പെടുന്നവരാണ്. എന്നാൽ ആരെയാണ് യേശുവിന് സഹായിക്കാൻ കഴിയുന്നത്? തന്നെപ്പോലെ സ്വയം താഴ്ത്തുന്നവരെ മാത്രമേ യേശുവിന് സഹായിക്കാൻ കഴിയൂ. മത്തായി 11:28 ൽ യേശു അദ്ധ്വാനത്താൽ തളർന്നവരെ തന്റെ അടുക്കൽ വിളിക്കുന്നു. രക്ഷിക്കപ്പെട്ട് യേശുവിന്റെ അടുക്കൽ വന്നശേഷം വളരെ സന്തോഷമുള്ളവരായിരിക്കാനാണ് നമ്മുടെ ആഗ്രഹം. എന്നാൽ മിക്കപ്പോഴും ബുദ്ധിമുട്ടുള്ള സാഹചര്യത്തിലൂടെ നാം കടന്നുപോകുന്നു. വീട്ടിൽ ഭാര്യമാർ തങ്ങളെ ബുദ്ധിമുട്ടിക്കുന്നു എന്ന് ചില ഭർത്താക്കന്മാർ പറയുന്നു. മറ്റു ചിലർ കുഞ്ഞുങ്ങളാണ് പ്രശ്നങ്ങൾക്ക് കാരണം എന്ന് വിലപിക്കുന്നു. നല്ലവരായ തങ്ങളെ തെറ്റിദ്ധരിച്ച് സഭയിൽ ചില സഹോദരന്മാർ പ്രശ്നം ഉണ്ടാക്കുന്നതായി ചിലർ പരിഭവിക്കുന്നു. ഭൂമിയിൽ ആയിരിക്കുന്ന എല്ലാവരും തന്നെ ഒന്നല്ലെങ്കിൽ മറ്റൊരു പ്രശ്നത്തെ അഭിമുഖീകരിക്കുകയാണ്. യേശു വ്യക്തിപരമായി നിങ്ങളെ അവന്റെ അടുക്കൽ വന്ന് അവന്റെ നുകം വഹിക്കാൻ ക്ഷണിക്കുകയാണ്. യേശുവിനും ഒരു നുകം ഉണ്ടായിരുന്നു. നമ്മെപ്പോലെ തന്നെയാണ് അവിടുന്ന് ഭൂമിയിൽ ജീവിച്ചത്. " എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവും ആകുന്നു" എന്ന് പറഞ്ഞുകൊണ്ട് പ്രശ്നപരിഹാരത്തിനായി തന്റെ അടുക്കൽ വന്ന് പഠിക്കുവാൻ യേശു വിളിക്കുന്നു. എത്രമാത്രമാണ് നാം പഠിക്കുവാൻ അവിടുന്ന് പ്രതീക്ഷിക്കുന്നത്? പത്തുവർഷം സഭയിലായിരുന്ന വ്യക്തി പത്തുകാര്യങ്ങൾ എങ്കിലും പഠിച്ചിരിക്കണം എന്നും ഇരുപതു വർഷമായ വ്യക്തി കുറഞ്ഞത് ഇരുപത് കാര്യങ്ങൾ പഠിച്ചിരിക്കണം

**ഒരു സമ്മേളനത്തിൽ ഒരു ദൈവഭൃത്യൻ പറഞ്ഞ കാര്യം ഓർക്കുന്നു. ക്രിസ്തീയ ജീവിതത്തിന്റെ മൂന്നു രഹസ്യങ്ങളായി അദ്ദേഹം പറഞ്ഞത് ഒന്നാമതായും രണ്ടാമതായും മൂന്നാമതായും "താഴ്മ" എന്നതായിരുന്നു! കഴിഞ്ഞ മുപ്പത് വർഷങ്ങളായി നിങ്ങൾ ഒരു ക്രിസ്ത്യാനി ആയിരുന്നെങ്കിൽ യേശുവിൽ നിന്ന് നിങ്ങൾ പഠിക്കാൻ പ്രതീക്ഷിച്ചിരിക്കുന്ന ഏക കാര്യവും 'താഴ്മ' മാത്രമാണ്. ഒരു പ്രശ്നത്തിലൂടെയോ വിഷമകരമായ സാഹചര്യത്തിലൂടെയോ നിങ്ങൾ കടന്നുപോകുമ്പോൾ യേശുവിൽ നിന്ന് നിങ്ങൾ പഠിക്കേണ്ടത് താഴ്മയാണ്.**

എന്നും ആണോ? അല്ല, ഒരു മൂപ്പനാണ് നിങ്ങൾ എങ്കിൽ മുപ്പതു കാര്യങ്ങളെങ്കിലും പഠിച്ചിരിക്കണം എന്നാണോ വ്യവസ്ഥ? ഒരിക്കലും അല്ല.

ഒരു സമ്മേളനത്തിൽ ഒരു ദൈവഭൃത്യൻ പറഞ്ഞ കാര്യം ഓർക്കുന്നു. ക്രിസ്തീയ ജീവിതത്തിന്റെ മൂന്നു രഹസ്യങ്ങളായി അദ്ദേഹം പറഞ്ഞത് ഒന്നാമതായും രണ്ടാമതായും മൂന്നാമതായും "താഴ്മ" എന്നതായിരുന്നു! കഴിഞ്ഞ മുപ്പത് വർഷങ്ങളായി നിങ്ങൾ ഒരു ക്രിസ്ത്യാനി ആയിരുന്നെങ്കിൽ യേശുവിൽ നിന്ന് നിങ്ങൾ പഠിക്കാൻ പ്രതീക്ഷിച്ചിരിക്കുന്ന ഏകകാര്യവും 'താഴ്മ' മാത്രമാണ്. ഒരു പ്രശ്നത്തിലൂടെയോ വിഷമകരമായ സാഹചര്യത്തിലൂടെയോ നിങ്ങൾ കടന്നുപോകുമ്പോൾ യേശുവിൽ നിന്ന് നിങ്ങൾ പഠിക്കേണ്ടത് താഴ്മയാണ്. ഏതെങ്കിലും പ്രശ്നവുമായി ഞാൻ എപ്പോൾ യേശുവിന്റെ അടുത്തുചെന്നാലും തന്നിൽ നിന്നും പഠിക്കാൻ യേശു ആവശ്യപ്പെടുന്നത് താഴ്മ മാത്രമാണ്. പ്രിയ സഹോദരീ സഹോദരന്മാരേ, ക്രിസ്തീയജീവിതം വളരെ ലളിതമാണ്. നാം ബുദ്ധിമുട്ടുകളിലൂടെ കടന്നുപോകുമ്പോൾ സാധാ

**സമൃദ്ധി ഉണ്ടാകുമ്പോൾ നമ്മുടെ കഴിവും പ്രാപ്തിയും ആണ് സമ്പത്തിന് പുറകിൽ എന്ന് വിചാരിച്ചു പോകാനുള്ള അപകടം ഉണ്ട്. ആ സന്ദർഭത്തിലും നാം നമ്മെതന്നെ വിനയപ്പെടുത്താനാണ് ദൈവം പറയുന്നത്. സമൃദ്ധിയുടെ നടുവിലും നമ്മുടെ ദൃഷ്ടിയിൽ നാം ചെറിയവരായിരിക്കണം എന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. നമുക്ക് എന്തൊക്കെ ഉണ്ടെങ്കിലും നാം താഴ്മയുള്ളവരല്ലെങ്കിൽ അപകടത്തിലാണ്.**

രണയായി മറ്റു മനുഷ്യരുടെ അടുക്കൽ സഹായത്തിനും ആശ്വാസത്തിനുമായി പോകാനാണ് ഒരുമ്പെടുക. അതിനുപകരം കർത്താവിന്റെ അടുത്തേക്ക് ചെന്നാൽ അവിടുന്ന് നമ്മെ വിടുവിക്കും. ആവർത്തനം 8:2-ൽ യഹോവയായ ദൈവം തന്റെ ജനത്തെ താഴ്ത്തുകയും അവരെ പരീക്ഷിക്കുകയും ചെയ്തതിനെപ്പറ്റി നാം വായിക്കുന്നു. മരുഭൂമിയിലെ അവസ്ഥ എങ്ങനെയുള്ളതായിരുന്നു? യിസ്രായേൽ മക്കൾക്ക് കാര്യങ്ങൾ എളുപ്പമായിരുന്നോ? ഭൂമിയിലെ നമ്മുടെ ജീവിതവും മരുപ്രയാണത്തിന് തുല്യമല്ലേ? പലപ്പോഴും ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളിലൂടെ നാം കടന്നുപോകേണ്ടിവരുന്നു. ആവർത്തനം 8:3 ൽ തുടർന്നു നാം വായിക്കുന്നതെന്താണ്? അവൻ നിങ്ങളെ വിശപ്പിക്കയും നിങ്ങളെ താഴ്ത്തുകയും ചെയ്തു എന്നാണ്.

വീട്ടിൽ ആവശ്യത്തിന് ഭക്ഷണം ഇല്ലായിരിക്കാം. ഒരുപക്ഷേ നിങ്ങൾ രോഗിയായിരിക്കാം- ഈ വിധത്തിലുള്ള അനുഭവം ഉണ്ടാകുമ്പോൾ ദൈവം നിങ്ങളെ ഈ സാഹചര്യങ്ങളിലൂടെ താഴ്മ പഠിപ്പിക്കുകയാണ് എന്ന് നിങ്ങൾ തിരിച്ചറിയുന്നുണ്ടോ? ഒരുപക്ഷേ നിങ്ങളുടെ സാമ്പത്തിക സ്ഥിതി ഭദ്രമായിരിക്കാം. നിങ്ങളുടെ മക്കൾ മുതിർന്നവരായി വലിയ ശമ്പളം വാങ്ങുന്നവരായിരിക്കാം. പല ചെറുപ്പക്കാരും വിദേശരാജ്യങ്ങളിൽ ജോലി ചെയ്ത് ഇൻഡ്യയിലെക്കാൾ പത്തുമടങ്ങ് ശമ്പളം വാങ്ങുന്നുണ്ട്. നല്ലകാര്യം. എന്നാൽ ഭൗതികസമൃദ്ധിയും ഒരു വിധത്തിലുള്ള ബുദ്ധിമുട്ടായിത്തീരാം എന്ന് നിങ്ങൾ ഗ്രഹിച്ചിട്ടുണ്ടോ? ആവ. 8:13-17 പറയുന്നു: "നിങ്ങളുടെ വെള്ളിയും പൊന്നും വർദ്ധിച്ച് നിങ്ങളുടെ ഹൃദയം നിഗളിച്ചിട്ട്, എന്റെ ശക്തിയും ഭുജബലവുംകൊണ്ട് ഞാൻ ഇതൊക്കെയും സമ്പാദിച്ചു" എന്ന് പറയുന്ന അവസ്ഥ. സമൃദ്ധി ഉണ്ടാകുമ്പോൾ നമ്മുടെ കഴിവും പ്രാപ്തിയും ആണ് സമ്പത്തിനു പുറകിൽ എന്ന് വിചാരിച്ചു പോകാനുള്ള അപകടം ഉണ്ട്. ആ സന്ദർഭത്തിലും നാം നമ്മെത്തന്നെ വിനയപ്പെടുത്താനാണ് ദൈവം പറയുന്നത്. സമൃദ്ധിയുടെ നടുവിലും നമ്മുടെ ദൃഷ്ടിയിൽ നാം ചെറിയവരായിരിക്കണം എന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. നമുക്ക് എന്തൊക്കെ ഉണ്ടെങ്കിലും നാം താഴ്മയുള്ളവരല്ലെങ്കിൽ അപകടത്തിലാണ്.

യേശുവിന്റെ മുഴുജീവിതവും ഒറ്റ വാചകത്തിൽ സംഗ്രഹിക്കാം: "അവിടുന്ന് തന്നെത്തന്നെ താഴ്ത്തി". മനുഷ്യൻ ജഡത്തിൽ ജീവിച്ചിരിക്കുന്ന കാലത്തോളം അവൻ തന്നെത്തന്നെ വിനയപ്പെടുത്തിയേ തീരൂ. നാം അങ്ങനെ ചെയ്താൽ യേശുവിനെപ്പോലെ നാമും സദാ സന്തുഷ്ടരായിരിക്കും. നമ്മുടെ ദുഃഖങ്ങൾ നീങ്ങിപ്പോകുകയും ചെയ്യും.

ദൈവകൃപയാൽ ഞാൻ സന്തുഷ്ടനായ ഒരു മനുഷ്യനാണെന്ന് പറയാൻ കഴിയും. യോഹന്നാന്റെ സുവിശേഷം 12:25ൽ ലോകജീവിതത്തിൽ നാം സദാ ചെയ്യേണ്ട കാര്യത്തെപ്പറ്റി പറഞ്ഞിരിക്കുന്നു. ഓരോ ദിവസവും വിഷമകരമായ സാഹചര്യങ്ങളിലൂടെ നാം കടന്നുപോകേണ്ടിവന്നേക്കാം. യേശുവിന്റെ അനുഭവവും മറിച്ചായിരുന്നില്ല. എന്നാൽ അവിടുന്ന് ജീവിച്ചത് ഈ പ്രമാണം അനുസരിച്ചായിരുന്നു: "തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും. തന്റെ ജീവനെ പകയ്ക്കുന്നവൻ അതിനെ നിത്യജീവനായി സൂക്ഷിക്കും (യോഹ. 12:25) എന്റെ ഇഷ്ടം അല്ല; പിതാവിന്റെ ഇഷ്ടം മാത്രം എന്ന് ഓരോ ദിവസവും യേശു പറഞ്ഞിരുന്നു. ദിനം പ്രതി താൻ സ്വയം താഴ്ത്തി. ഭൂമിയിലെ ജീവിതത്തിന്റെ ഒടുവിൽ യേശു പറയുന്നത് ശ്രദ്ധിക്കുക: "എന്റെ ഉള്ളം ഇപ്പോൾ കലങ്ങിയിരിക്കുന്നു; ഞാൻ എന്തു പറയേണ്ടു? പിതാവേ, ഈ നാഴികയിൽ നിന്ന് എന്നേ രക്ഷിക്കണം എന്നോ? എങ്കിലും ഇതു നിമിത്തം ഞാൻ ഈ നാഴികയിലേക്കു വന്നിരിക്കുന്നു". (യോഹ. 12:27) നാം ഈ മനോഭാവം ഉള്ളവരായിരിക്കണം. യേശുവിന്റെ ക്രൂശുമരണത്തെപ്പറ്റിയല്ല, നമുക്ക് നാൾതോറും വഹിക്കേണ്ട ക്രൂശിനെപ്പറ്റിയാണ് ഞാൻ ചിന്തിക്കുന്നത്. ബുദ്ധിമുട്ടുകളെ അഭിമുഖീകരിക്കുമ്പോൾ അവ നീങ്ങിപ്പോകേണ്ടതിനല്ല നാം പ്രാർത്ഥിക്കേണ്ടത്. മറിച്ച് നാം യേശുവിന്റെ ആത്മാവിൽ ഇവ്വണ്ണം പറയണം: "ഈ കാര്യത്തിന് വേണ്ടിയല്ലോ ഞാൻ ഈ നാഴികയിലേക്ക് വന്നിരിക്കുന്നത്; കർത്താവേ അങ്ങ് എന്നെ വിനയപ്പെടുത്തുകയാണല്ലോ. അങ്ങ് ഈ സാഹചര്യം അനുവദിച്ചിരിക്കുന്നു. അവിടുത്തെ നാമം മഹത്വപ്പെടേണം എന്നാണ് എന്റെ ആഗ്രഹം."

ഈ സന്ദർഭത്തിൽ യേശു പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക: "മനുഷ്യപുത്രൻ തേജസ്ക്കരിക്കപ്പെടുവാനുള്ള

**ബുദ്ധിമുട്ടുകളെ അഭിമുഖീകരിക്കുമ്പോൾ അവ നീങ്ങിപ്പോകേണ്ടതിനല്ല നാം പ്രാർത്ഥിക്കേണ്ടത്. മറിച്ച് നാം യേശുവിന്റെ ആത്മാവിൽ ഇവ്വണ്ണം പറയണം: "ഈ കാര്യത്തിന് വേണ്ടിയല്ലോ ഞാൻ ഈ നാഴികയിലേക്ക് വന്നിരിക്കുന്നത്; കർത്താവേ അങ്ങ് എന്നെ വിനയപ്പെടുത്തുകയാണല്ലോ. അങ്ങ് ഈ സാഹചര്യം അനുവദിച്ചിരിക്കുന്നു. അവിടുത്തെ നാമം മഹത്വപ്പെടേണം എന്നാണ് എന്റെ ആഗ്രഹം."**

നാഴിക വന്നിരിക്കുന്നു" (യോഹ 12:23) നാം തെറ്റിദ്ധരിക്കപ്പെടുമ്പോഴും ആരും നമ്മെ സ്നേഹിക്കുന്നില്ല എന്ന് തോന്നുമ്പോഴും യേശുവിന്റെ ഈ മനോഭാവം നമുക്കുണ്ടെങ്കിൽ, നമുക്ക് ദൈവികസഹായം ലഭിക്കും. അതുകൊണ്ടാണ് മറ്റെന്തിനെക്കാളും അധികം തന്നിൽനിന്നും താഴ്മ പഠിക്കുവാൻ യേശു നമ്മോട് ആവശ്യപ്പെടുന്നത്. സ്വന്തം ഇച്ഛ നിരന്തരം നിഷേധിച്ചുകൊണ്ട് യേശു തന്നെത്താൻ താഴ്ത്തി. ഏതു മനുഷ്യനും ആവശ്യമായ കാര്യം സ്വയം വിനയപ്പെടുക എന്നതാണെന്ന് ഇപ്രകാരം യേശു കാണിച്ചുതന്നു.

യോഹന്നാൻ 12-ൽ പിതാവിനോടുള്ള ബന്ധത്തിൽ യേശുവിന്റെ താഴ്മ നാം കാണുന്നു. അടുത്ത അദ്ധ്യായത്തിൽ സഹജീവികളോടുള്ള തന്റെ താഴ്മ ദർശിക്കാം. തന്റെ ശിഷ്യന്മാരുടെ കാൽ കഴുകിയപ്പോൾ എന്താണ് അവിടുന്ന് വെളിപ്പെടുത്തിയത്? യോഹന്നാൻ 13:1 വ്യക്തമാക്കുന്നത്, "യേശു തന്റെ ശിഷ്യന്മാരെ അവസാനത്തോളം സ്നേഹിച്ചു" എന്നാണ്. എങ്ങനെയാണ് ആ സ്നേഹം പ്രദർശിപ്പിച്ചത്?

അവരുടെ വൃത്തിഹീനമായ പാദങ്ങൾ കഴുകുന്നതിലൂടെ. ഞാൻ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങളുടെ ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം നൽകിയിരിക്കുന്നു" എന്നാണ് യേശു പറഞ്ഞത് (യോഹ 13:15, 16). ദാസൻ യജമാനനെക്കാൾ വലിയവനല്ലല്ലോ. യേശുയൂദയുടെ കാലുകളും കഴുകി. അതിനുശേഷം ഉള്ളം കലങ്ങി അവിടുന്ന് പറഞ്ഞു: "നിങ്ങളിൽ ഒരുവൻ എന്നെ കാണിച്ചുകൊടുക്കും" എന്തുകൊണ്ടാണ് അവിടുന്ന് ആത്മാവിൽ വ്യഥ അനുഭവിച്ചത്? നമ്മെപ്പോലെ അവിടുന്ന് പരീക്ഷിക്കപ്പെട്ടു. ഒറ്റിക്കൊടുക്കാൻ പോകുന്ന യൂദയെ അവസാനത്തോളം സ്നേഹിക്കുന്നത് എളുപ്പമായിരുന്നില്ല. അവന്റെയും കാലു കഴുകുന്നത് ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. എന്നാൽ യേശു അതു ചെയ്തു. അപ്പവും വീഞ്ഞും കൊടുത്ത ശേഷമാണ് യൂദയെ യേശു യാത്ര അയയ്ക്കുന്നത്. അപ്പോൾ യേശു പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക: "ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു; ദൈവവും അവനിൽ മഹത്വപ്പെട്ടിരിക്കുന്നു."(31)

സഭയിലുള്ളവരെ സ്നേഹിക്കാൻ നമുക്ക് ബുദ്ധിമുട്ടാണോ? ഏതോ ഒരു കാര്യത്തിൽ ഒരാൾ നിങ്ങളോട് യോജിക്കുന്നില്ലായിരിക്കാം. അയാളെ സ്നേഹിക്കാൻ നീ പ്രയാസപ്പെടുന്നു. യൂദാ ഉൾപ്പെടെ എല്ലാവരെയും അവസാനത്തോളം സ്നേഹിക്കണം എന്ന് അവിടുത്തേക്ക് നിർബന്ധമുണ്ടായിരുന്നു. അത് നിർവഹിച്ചശേഷം വളരെ ആശ്വാസത്തോടെ യേശു പറയുന്നു: "ഇപ്പോൾ ദൈവം മഹത്വപ്പെടും". ആ പരീക്ഷയിലും യേശു ജയാളിയായി.

തുടർന്ന് നമ്മോട് യേശു പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക. (യോഹ 13:33 -35) വിശ്വസിക്കാത്ത യഹൂദന്മാരോട് താൻ പോകുന്നിടത്തേക്ക് അവർക്ക് എത്താൻ കഴികയില്ല എന്ന് യേശു പറഞ്ഞിരുന്നു. അതേ കാര്യം തന്റെ ശിഷ്യന്മാരോട് യേശു ഇപ്പോൾ പറയുന്നു. താൻ പോകുന്ന ഇടത്തേക്ക് തന്റെ ശിഷ്യന്മാർ തന്നെ അനുഗമിക്കണം എന്ന് കർത്താവ് ഹൃദയപൂർവം ആഗ്രഹിച്ചിരുന്നു. അതുകൊണ്ട് അവരോടുള്ള വാക്കുകൾ ഗൗരവമേറിയതത്രേ. പത്രോസിന്റെ കാൽ കഴുകിയ അതേ മനോഭാവത്തോടെ ഒറ്റിക്കൊടുത്തവൻ എന്നറിഞ്ഞുകൊണ്ടും യൂദയുടെയും കാൽകഴുകുകയും അവനെ തുറന്നു കാണിക്കാതെ സ്നേഹപൂർവ്വം പറഞ്ഞയയ്ക്കുകയും ചെയ്ത സ്നേഹമാണ് യേശു ശിഷ്യന്മാർക്ക് കാണിച്ചുകൊടുക്കുന്നത്. "ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു തരുന്നു, നിങ്ങൾ ഇവ്വണ്ണം തമ്മിൽ തമ്മിൽ സ്നേഹിക്കണം" എന്നാണ് യേശു പറയുന്നത്. യേശുവിനെപ്പോലെ അവസാനത്തോളം മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ മാത്രമേ ദൈവനാമം മഹത്വപ്പെടുകയുള്ള. അനേകവർഷങ്ങളായി സഭയിലുള്ളൂ. പല മുതിർന്ന സഹോദരന്മാരും ഇന്ന് താഴ്മയില്ലാത്തവരായിരിക്കുന്നു എന്നത് ദുഃഖകരമായ സത്യമത്രേ. യേശുവിനെ അനുഗമിക്കാൻ നാം വളരെ കാര്യങ്ങൾ ഒന്നും ചെയ്യേണ്ടതില്ല. വാസ്തവം പറഞ്ഞാൽ ഒരു കാര്യം മാത്രം മതി. ദിനംപ്രതി കഷ്ടങ്ങളെ അഭിമുഖീകരിക്കുമ്പോൾ, ഹൃദയം കലങ്ങുമ്പോൾ, നാം നമ്മുടെ സ്വയജീവനെ വെറുത്ത് നമ്മെത്തന്നെ താഴ്ത്തുക മാത്രം മതി. സഭയിലെ മൂപ്പനായ നിങ്ങളുടെ ഭാഗം ശരിയായിരിക്കെ മറ്റുള്ളവർ അത് അംഗീകരിക്കാത്തതെന്തെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടാവും. സ്വയനീതീകരണത്തിനായി സമയം പാഴാക്കാതിരിക്കുക. മറ്റുള്ളവരുടെ അംഗീകാരം

*ശേഷം പേജ് 15 ൽ*






വിശുദ്ധരുടെ കാലൊച്ച

# ജോൺ വെസ്ലി:

## തീയിൽ നിന്നു വലിച്ചെടുത്ത കൊള്ളി

**സു**വിശേഷ വിഹിത സഭകളുടെ പാരമ്പര്യം അനുസരിച്ച് ദൈവത്തോട് സ്ത്രീപുരുഷഭേദമന്യേ ഏവരും ആദ്യം ഉരുവിടേണ്ട വാക്കുകൾ "ഞാൻ അനുതപിക്കുന്നു" എന്നതായിരിക്കണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അവർ



പാപം ഏറ്റു പറഞ്ഞ് സുവിശേഷത്തിൽ വിശ്വസിക്കണം. പാപത്തേക്കുറിച്ചുള്ള ആഴമായ അനുതാപവും യേശുക്രിസ്തുവിലുള്ള വിശ്വാസവും ഒരുവനിൽ ഉളവാക്കുന്ന അനുഭവത്തെ 'പുതുജനനം' എന്നാണ് വിളിക്കുന്നത്. ദൈവത്തിന് സ്വീകാര്യമായ എല്ലാ ഭക്തിയുടെയും ആദ്യപടി പുതുജനനമാണ്.

എന്നാൽ ഈ 'പുതിയ ജനനം' എന്നു വച്ചാൽ എന്താണ്? ആയിരങ്ങൾ ഈ ചോദ്യത്തിന് ഉത്തരം നൽകാൻ തയ്യാറായിട്ടുണ്ടെങ്കിലും ജോൺ വെസ്ലിയെപ്പോലെ പുതുജനനത്തിന്റെ ഉപദേശവും അനുഭവവും ഉള്ള മറ്റാരെങ്കിലും ഉണ്ടായിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ആറുവയസ്സിലുണ്ടായ ഒരനുഭവത്തിലൂടെ ദൈവത്തിന്റെ കരം തന്റെ ജീവിതത്തിൽ തുടക്കം മുതലേ ഉണ്ടായിരുന്നതായി ജോൺ വെസ്ലി സാക്ഷിക്കുന്നു: "തീയിൽനിന്നും വലിച്ചെടുത്ത കൊള്ളിയാണ് ഞാൻ." ഒരിക്കൽ ഇംഗ്ലണ്ടിലെ എപ്‌വർത്തിൽ തന്റെ പിതാവ് ആഗ്ലിക്കൻ സഭയുടെ ശുശ്രൂഷകനായിരിക്കെ അവർ താമസിച്ചിരുന്ന വീട് മുഴുവനും തീ കത്തി നശിച്ചു. രണ്ടാം നിലയിൽ അഗ്നിനാവുകളാൽ വലയം ചെയ്യപ്പെട്ട ആറു വയസ്സുകാരനായ ജോൺ എന്ന ബാലനെ ഒരു അയൽവാസി ഭാഗ്യവശാൽ കണ്ടതുമൂലം രക്ഷപ്പെടുത്താൻ ഇടയായി.

മുപ്പതു വയസ്സുവരെ തന്റെ ജീവിതത്തിലെ ദൈവികോദ്ദേശ്യത്തെപ്പറ്റി വെസ്ലിക്ക് വ്യക്തതയില്ലായിരുന്നു. ഭക്തയായിരുന്ന മാതാവ് സൂസന്നയും ക്രിസ്താനുകരണം (തോമസ് എ.കെമ്പിസ്) വിശുദ്ധജീവിതവും വിശുദ്ധമരണവും (ജെറമി ടെയ്‌ലർ) എന്നീ ഉത്തമ ഗ്രന്ഥങ്ങളും യൂവാവായിരുന്ന വെസ്ലിയുടെ ഹൃദയത്തിൽ ആഴമായ സ്വാധീനം ചെലുത്തിയിരുന്നെങ്കിലും,

ഓക്സ്ഫോർഡിൽ വിദ്യാർത്ഥിയായിരുന്ന അയാളുടെ ഭക്തി തികച്ചും ബാഹ്യാനുഷ്ഠാനങ്ങളിൽ അധിഷ്ഠിതമായിരുന്നു. ദൈവശക്തി എന്താണെന്ന് ജോൺ വെസ്ലി അനുഭവിച്ചറിഞ്ഞിരുന്നില്ല. ഓക്സ്ഫോർഡിൽ അന്ന് ഉണ്ടായിരുന്ന 'വിശുദ്ധ കൂട്ടായ്മ' (ഹോളിനസ് ക്ലബ്)യിൽ സംബന്ധിക്കയും, അമേരിക്കയിലെ ജോർജിയ സംസ്ഥാനത്ത് മിഷനറിയാകാൻ സന്നദ്ധത പ്രകടിപ്പിക്കയും ഒക്കെ ചെയ്തു എങ്കിലും ദൈവത്തിൽ നിന്നും പാപക്ഷമ ലഭിച്ചു എന്ന ഉറപ്പ് ആ യുവാവിനുണ്ടായിരുന്നില്ല. അമേരിക്കൻ പര്യടനത്തിശേഷം ഒരു രാത്രിയിൽ (1738 മേയ് 24) മാർട്ടിൻ ലൂഥർ എഴുതിയ റോമലേഖന വ്യാഖ്യാനത്തിന്റെ ആമുഖം വായിച്ചുകേട്ടപ്പോൾ തന്റെ ഹൃദയം അത്ഭുതകരമാംവിധം ദൈവസ്നേഹത്താൽ ചൂടുപിടിച്ചു വികസിക്കുന്നതായി വെസ്ലിക്ക് അനുഭവപ്പെട്ടു. ക്രിസ്തു തന്റെ ക്രൂശുമരണത്തിലൂടെ തന്റെ പാപത്തെ ചുമന്നൊഴിച്ചിരിക്കുന്നു എന്ന കാര്യത്തിൽ ഒരു ഉറപ്പ് ലഭിക്കാൻ ഇടയായി. ഈ ദൈവികസന്ദർശനത്തിനു ശേഷം ജോർജ് വൈറ്റ് ഫീൽഡിന്റെ ക്ഷണപ്രകാരം വെസ്ലി തുറസ്സായ സ്ഥലങ്ങളിൽ ഇംഗ്ലണ്ടിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തോട് സുവിശേഷം പ്രസംഗിക്കുന്ന ദൗത്യം ഏറ്റെടുത്തു. പ്രസംഗത്തിന്റെ ഫലം കണ്ട് ഏറ്റവും അധികം അത്ഭുതപ്പെട്ടത് വെസ്ലിതന്നെയായിരുന്നു. ക്രിസ്തുവിങ്കലേക്കുള്ള തന്റെ ആഹ്വാനത്തിന് പതിനായിരങ്ങളാണ് ആ കാലത്ത് പ്രതികരിച്ചത്. വെസ്ലി തന്റെ ജീവിത ദൗത്യം കണ്ടെത്തുകയായിരുന്നു.

പുതിയ ക്രിസ്തീയ വിശ്വാസികളെ പ്രോത്സാഹിപ്പിക്കാനായി വെസ്ലി ആത്മീയ അഭിവൃദ്ധിക്കായി പലവിധത്തിലുള്ള ചെറിയ കൂട്ടങ്ങൾ ഉണ്ടാക്കി. ഈ ചെറിയ സംഘങ്ങളിൽ നിന്നും അൽമായ സുവിശേഷ പ്രസംഗകർ ഉളവാകയും, താമസിയാതെ ഇത്തരം സുവിശേഷകർക്കായി പ്രത്യേക സമ്മേളനങ്ങൾ ആവശ്യമായി വരികയും ചെയ്തു. വെസ്ലിയുടെ പ്രസംഗത്തിന്റെ ശക്തിയും ദിശയും ഒരു പുത്തൻ ആത്മീയ മുന്നേറ്റത്തിന് വഴിതെളിക്കയും മെഥോഡിസ്റ്റ് ഉണർവ്വ് എന്ന പേരിൽ അത് പ്രസിദ്ധമാകുകയും ചെയ്തു.

**ദൈവിക സന്ദർശനത്തിനു ശേഷം ജോർജ് വൈറ്റ് ഫീൽഡിന്റെ ക്ഷണപ്രകാരം വെസ്ലി തുറസ്സായ സ്ഥലങ്ങളിൽ ഇംഗ്ലണ്ടിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തോട് സുവിശേഷം പ്രസംഗിക്കുന്ന ദൗത്യം ഏറ്റെടുത്തു. പ്രസംഗത്തിന്റെ ഫലം കണ്ട് ഏറ്റവും അധികം അത്ഭുതപ്പെട്ടത് വെസ്ലിതന്നെയായിരുന്നു. ക്രിസ്തുവിങ്കലേക്കുള്ള തന്റെ ആഹ്വാനത്തിന് പതിനായിരങ്ങളാണ് ആ കാലത്ത് പ്രതികരിച്ചത്. വെസ്ലി തന്റെ ജീവിത ദൗത്യം കണ്ടെത്തുകയായിരുന്നു.**

വെസ്ലിയുടെ ജീവിതകാലത്ത് ആംഗ്ലിക്കൻ സഭയിൽനിന്നും വേർപിരിയുന്നതിനെ അദ്ദേഹം ശക്തിയുക്തം എതിർത്തെങ്കിലും തന്റെ മരണശേഷം മെഥോഡിസ്റ്റ് പ്രസ്ഥാനം വ്യത്യസ്തമായ ഒരു പാത തെരഞ്ഞെടുക്കുകയാണുണ്ടായത്. സുവിശേഷ വിഹിത ക്രിസ്തീയ സഭകളുടെ കൂട്ടത്തിൽ തനതായ വ്യക്തിമുദ്ര പതിപ്പിക്കാൻ മെഥോഡിസ്റ്റ് പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട് എന്നതിന് ചരിത്രം സാക്ഷിയാണ്.

മെഥോഡിസ്റ്റ് ഉണർവിന്റെ കേന്ദ്ര അനുഭവമായ പുതുജനനത്തെപ്പറ്റിയുള്ള ജോൺ വെസ്ലിയുടെ വിവരണം തുടർന്ന് വായിക്കാം:





## ദൈവത്തോട് സജീവമാകുന്നു

ഈ ലോകത്തിൽ പിറന്നു വീഴുന്നതിനുമുമ്പ് ഒരു കുഞ്ഞിന് കണ്ണുകൾ ഉണ്ടെങ്കിലും കാണുന്നില്ല, കാതുകൾ ഉണ്ടെങ്കിലും കേൾക്കുന്നില്ല. മറ്റ് ഇന്ദ്രിയങ്ങളും ഏറെക്കുറെ പ്രവർത്തനരഹിതമാണ്. ലോകത്തിലെ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ആ ശിശു തികച്ചും അജ്ഞനാണ്. സ്വാഭാവികമായ അറിവുകളൊന്നും ജനിക്കുന്നതിന് മുമ്പ് ഒരു ശിശുവിനില്ല. ഗർഭപാത്രത്തിലുള്ള ആ ശിശുവിന് അസ്തിത്വം ഉണ്ടെങ്കിലും ജീവിക്കുന്ന ഒരു വ്യക്തിയായി നാം അതിനെ അംഗീകരിക്കുന്നില്ല. പിറവിക്കു ശേഷമാണ് ഒരു മനുഷ്യൻ ജനിച്ചിരിക്കുന്നു എന്ന് നാം പറയുന്നത്. അതിനുശേഷമാണ് യഥാർത്ഥത്തിൽ ശിശു 'ജീവിക്കുവാൻ' തുടങ്ങുന്നത്. പിറന്നുവീണാൽ ഉടൻ ആ കുട്ടി വെളിച്ചം കാണുകയും ആ വെളിച്ചത്തിൽ ചുറ്റുമുള്ള മനുഷ്യരെയും വസ്തുക്കളെയും കാണാൻ തുടങ്ങുകയും ചെയ്യുന്നു. ചെവികൾ തുറക്കപ്പെടുകയും വ്യത്യസ്ത ശബ്ദങ്ങൾ ശ്രവിച്ചു തുടങ്ങുകയും ചെയ്യുന്നു. ഇതേസമയം മറ്റ് ഇന്ദ്രിയങ്ങൾ ഒക്കെ പ്രവർത്തനക്ഷമമാകുന്നു. പ്രാണവായു സ്വയമായി ശ്വസിക്കുന്ന ശിശുവിന് പിറവിക്കുശേഷം തികച്ചും വ്യത്യസ്തമായ ഒരു ജീവിതമാണുള്ളത്.

ആത്മീയ ലോകത്തിൽ ഈ കാര്യത്തിനുള്ള പ്രസക്തി എന്താണ്? ഒരു മനുഷ്യൻ ജന്മനാ ഉള്ള പ്രാകൃതമായ അവസ്ഥയിൽ ആയിരിക്കുമ്പോൾ (ദൈവത്തിൽ നിന്നും ജനിക്കുന്നതിനു മുമ്പ്) ആത്മീയ ഭാഷയിൽ പറഞ്ഞാൽ കണ്ണുണ്ടെങ്കിലും കാണുന്നില്ല. കട്ടിയുള്ള ഒരു ആവരണം ആന്തരികദൃഷ്ടിയെ മറച്ചിരിക്കുന്നു. ആ ശിശുവിന് കാതുകൾ ഉണ്ടായിരുന്നെങ്കിലും കേൾക്കുന്നില്ല. അത് കേൾക്കേണ്ടതായ പല അത്യാവശ്യ ശബ്ദങ്ങളും കേൾക്കാത്ത ബധിരമായ ചെവികളാണ്. പിറവിക്കുമുമ്പ് മറ്റ് ഇന്ദ്രിയങ്ങളൊക്കെ ബന്ധിക്കപ്പെട്ടിരിക്കുന്നു. അവ ഉള്ളതും ഇല്ലാത്തതും ഏതാണ്ട് ഒരുപോലെയത്രേ. ആ വ്യക്തിക്ക് ദൈവിക പരിജ്ഞാനമില്ല. ദൈവിക സംസർഗമില്ലാത്ത അയാൾ ദൈവിക പരിചയമില്ലാത്തവൻ തന്നെ. ആത്മീയവും നിത്യവുമായ കാര്യങ്ങളെ സംബന്ധിച്ച്–ദൈവിക കാര്യങ്ങളെപ്പറ്റി– അയാൾ അജ്ഞനാണ്. തന്മൂലം ഭൗമികമായി ജീവനുള്ളവനെങ്കിലും ക്രിസ്ത്യാനി എന്ന നിലയിൽ അയാൾ മരിച്ചവനാണ്.

**ദൈവത്തിൽ നിന്നും ജനിച്ചു കഴിഞ്ഞാൽ അവന്റെ 'ഹൃദയ ദൃഷ്ടി പ്രകാശിക്കുകയായി' ഇരുട്ടിൽ നിന്നും വെളിച്ചം പ്രകാശിക്കണം എന്ന് പുരാതന കാലത്തേ കൽപിച്ചവൻ യേശുക്രിസ്തുവിന്റെ മുഖത്തുള്ള ദൈവതേജസ്സ് അവന്റെ ഹൃദയത്തിലും പ്രകാശിക്കുവാൻ ഇടയാക്കുന്നു. ആത്മീയമായി ചെവികൾ തുറക്കപ്പെടുകയാൽ "ധൈര്യപ്പെടുക; നിന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു, ഇനിമേലിൽ പാപം ചെയ്യരുത്," എന്ന ദൈവശബ്ദം അന്തരംഗത്തിൽ ശ്രവിക്കുന്നു.**

എന്നാൽ ദൈവത്തിൽ നിന്നും ജനിച്ചു കഴിഞ്ഞാൽ ഈ കാര്യങ്ങളിലെല്ലാം വലിയ മാറ്റമാണ് സംഭവിക്കുന്നത്. അവന്റെ 'ഹൃദയ ദൃഷ്ടി പ്രകാശിക്കുകയായി' ഇരുട്ടിൽ നിന്നും വെളിച്ചം പ്രകാശിക്കണം എന്ന് പുരാതന കാലത്തേ കൽപിച്ചവൻ യേശുക്രിസ്തുവിന്റെ മുഖത്തുള്ള ദൈവതേജസ്സ് അവന്റെ ഹൃദയത്തിലും പ്രകാശിക്കുവാൻ ഇടയാക്കുന്നു. ആത്മീയമായി ചെവികൾ തുറക്കപ്പെടുകയാൽ "ധൈര്യപ്പെടുക; നിന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു, ഇനിമേലിൽ പാപം

ചെയ്യരുത്," എന്ന ദൈവശബ്ദം അന്ത രംഗത്തിൽ ശ്രവിക്കുന്നു. തനിക്കു നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ, ദൈവസ്നേഹം ഹൃദയങ്ങളിൽ പകര പ്പെട്ടിരിക്കുന്നു എന്ന് അവൻ അനുഭ വിച്ചറിയുന്നു. ആത്മീയമായി നന്മതിന്മ കളെ തിരിച്ചറിയുവാൻ തക്കവണ്ണം അവന്റെ ആത്മീയ ഇന്ദ്രിയങ്ങൾ പ്രവർത്തനക്ഷമമാകുന്നു. അപ്പോഴാണ് യഥാർത്ഥമായ അർത്ഥത്തിൽ അവൻ ജീവിക്കുന്നത്. ദൈവം അവന്റെ ആത്മാവിനെ ജീവിപ്പിച്ചിരിക്കയാൽ യേശുക്രിസ്തു മുഖാന്തിരം ദൈവ ത്തിന് ജീവിക്കുന്നു.

**ഒരു ലോക ദർശനം**

ഈ കാര്യത്തിൽ ജീവിത പ്രമാണ ങ്ങൾ എന്താണെന്ന് പറയുവാൻ എന്നെ അനുവദിക്കുക. മുഴുലോക ത്തെയും എന്റെ സ്വന്തം ഇടവകയായി കാണുവാനാണ് എനിക്ക് താത്പര്യം. അതുകൊണ്ട് എന്താണ് ഞാൻ അർത്ഥമാക്കുന്നത്? ലോകത്തിന്റെ ഏതുകോണിലാണെങ്കിലും, കേൾക്കു വാൻ തയ്യാറുള്ള എല്ലാവരോടും രക്ഷ യുടെ സുവാർത്ത വിളംബരം ചെയ്യേ ണ്ടത് എന്റെ ഉത്തരവാദിത്വമാണെന്ന് ഞാൻ കരുതുന്നു. ദൈവം എന്നെ വിളി ച്ചിരിക്കുന്നത് ഒരു മഹനീയമായ വേല യ്ക്കുവേണ്ടി ആണെന്നും ആ ശുശ്രൂഷ നിറവേറ്റുന്നതിൽ ദൈവിക മായ അനുഗ്രഹം എനിക്ക് ലഭ്യമാ ണെന്നും എനിക്ക് ഉറപ്പുണ്ട്. ആയതി നാൽ ദൈവം എന്നെ ഭരമേല്പിച്ചിരി ക്കുന്ന ഈ ശുശ്രൂഷ ചെയ്യുന്നതിൽ എനിക്ക് വലിയ ഉത്സാഹമുണ്ട്. വിശ്വ സ്തതയോടെ അത് ചെയ്യുന്ന അവി ടുത്തെ ദാസനാണ് ഞാൻ. ദൈവവ ചനം വളരെ തെളിമയോടെ പറയുന്നു: "അവസരം കിട്ടുംപോലെ സകലമനു ഷ്യർക്കും നന്മചെയ്യുവിൻ...." ദൈവ ത്തിന്റെ രാജ്യത്തിലേക്ക് നിത്യജീവനി ലേക്ക് ഒരുവനെ ആഹ്വാനം ചെയ്യുന്ന തിൽപരം നന്മ എന്താണുള്ളത്? മറ്റെല്ലാ കാര്യങ്ങളിൽ നിന്നും രക്ഷപ്പെട്ട് ഏകാഗ്രഹൃദയത്തോടെ സകല മനു ഷ്യർക്കും നന്മചെയ്യുന്ന കാര്യ ത്തിൽതന്നെ ഞാൻ ശ്രദ്ധിക്കുന്നു. ഇതാണെന്റെ ലോകദർശനം. ○

# എഡിറ്റോറിയൽ *തുടർച്ച*

പൗലൊസ് സ്വന്ത അനുഭവത്തിൽ നിന്ന് ഇതു വിശദീകരിക്കുന്നതു ശ്രദ്ധിക്കുക "വെളിപ്പാടുകളുടെ ആധിക്യത്താൽ ഞാൻ അതിയായി നിഗളിച്ചു പോകാതിരി പ്പാൻ എനിക്കു ജഡത്തിൽ ഒരു ശൂലം തന്നിരിക്കുന്നു. ഞാൻ നിഗളിച്ചുപോകാ തിരിക്കേണ്ടതിന് എന്നെ കുത്തുവാൻ സാത്താന്റെ ദൂതനെത്തന്നെ. അത് എന്നെ വിട്ടു നീങ്ങേണ്ടതിന് ഞാൻ മൂന്നുവട്ടം കർത്താവിനോട് അപേക്ഷിച്ചു. അവൻ എന്നോട് എന്റെ കൃപ നിനക്കു മതി എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു എന്നു പറഞ്ഞു" (2 കൊരി. 12:7-9).

ദൈവം പൗലൊസിനെ എപ്പോഴും ബലഹീനതയിൽ നിലനിർത്താൻ ആഗ്ര ഹിച്ചു. എപ്പോഴും അവൻ ആത്മാവിൽ ദരിദ്രനായിരിക്കണമെന്ന് അവിടുന്ന് താൽപ ര്യപ്പെട്ടു. കാരണം, ബലഹീനൻ മാത്രമേ ദൈവശക്തിക്കായി വാഞ്ഛിക്കുകയുള്ളൂ; ആത്മാവിൽ ദരിദ്രനായവൻ മാത്രമേ ദൈവത്തെ നിരന്തരം ആശ്രയിക്കുകയുള്ളൂ. ദിനംതോറും ദൈവത്തിന്റെ പടിവാതിൽക്കൽ ജാഗരിച്ചു നിൽക്കുക എന്നതാണ് നമ്മെക്കുറിച്ച് അവിടുന്ന് ആഗ്രഹിക്കുന്നത്.

നാം ഈ നിലയിൽ താഴ്മയിൽ, ദാരിദ്ര്യത്തിൽ ആയിരിക്കുന്നുവോ? ഇല്ലെ ങ്കിൽ നാം വീണ്ടും തന്നിൽ നിന്നു തന്നെ പഠിക്കേണ്ടിയിരിക്കുന്നു (മത്തായി 11:29). ○





# താഴ്മയുടെ അർത്ഥതലങ്ങൾ

*പേജ് 10 ൽ നിന്ന് തുടർച്ച*

നേടാനും പരിശ്രമിക്കേണ്ട. സ്വയജീ വനെ മരണത്തിന് ഏല്പിച്ചു കൊടു ക്കുക മാത്രം ചെയ്താൻ മതി.

സത്യംഗ്രഹിച്ചിട്ട് അനേകവർഷ ങ്ങൾ കഴിഞ്ഞിട്ടും നമ്മിൽ പലരും ആത്മീയമായി വളരാത്തത് എന്തുകൊ ണ്ടാണ്? ഒരിക്കൽ നാം താഴ്മയുള്ളവ രായിരുന്നു, ഇന്ന് നിഗളികളായി മാറി യിരിക്കുന്നു. അതുകൊണ്ടാണ് നിത്യേന യേശുവിൽനിന്നു നമുക്ക് താഴ്മ പഠിക്കേണ്ടത് ആവശ്യമായിരി ക്കുന്നത്.

പൗലൊസിൽനിന്നും നമുക്ക് താഴ്മ പഠിക്കാൻ കഴിയും. ഫിലിപ്പിയർ 3:13,14ൽ താൻ പറയുന്നത് എന്താണ്? "ഒന്നു ഞാൻ ചെയ്യുന്നു; പിമ്പിലുള്ള തിനേ മറന്നും മുമ്പിലുള്ളതിനായി ആഞ്ഞും കൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ ലാക്കി ലേക്ക് ഞാൻ ഓടുന്നു". ഭൂതകാല ത്തിലെ നേട്ടങ്ങൾ നമ്മെ നിഗളികളാ ക്കാം. കഴിഞ്ഞകാലനേട്ടങ്ങൾ മറന്ന് മുമ്പോട്ട് ആയുവാൻ പൗലൊസ് തീരു മാനിച്ചിരുന്നു. ഇന്ന് ഒരുപക്ഷേ ആത്മീ യമായി നിങ്ങൾ സമൃദ്ധിയിലായിരി ക്കാം. ദീർഘ വർഷങ്ങളിലെ വിശ്വസ്ത തയുടെ ഫലമായി ലഭിച്ച നേട്ടമാണി തെന്ന് ചിന്തിച്ച് നിങ്ങളുടെ ഹൃദയം നിഗളിക്കാൻ സാദ്ധ്യതയുണ്ട്. നിങ്ങൾ ആകുന്നത് ദൈവകൃപയാൽ മാത്രം ആണെന്ന് ഓർക്കുക. നിങ്ങളുടെ നേട്ട ങ്ങളും വിജയങ്ങളും മറക്കാൻ നിങ്ങൾ തയ്യാറാവുമോ?

പല സഹോദരന്മാരും ആത്മീയ മായി വളരാത്തതിന്റെ ഒരു കാരണം പറയാം. അന്യോന്യം സ്നേഹവും കൂട്ടായ്മയും ഇല്ലാത്തതാണ് ആ കാര ണം. താൻ മാത്രം എല്ലാവരെയും സ്നേഹിക്കുന്നു, താൻ മാത്രം എല്ലാം ശരിയായി ചെയ്യുന്നു എന്നിങ്ങനെ ഓരോരുത്തരും ചിന്തിക്കുന്നു. ഒരി ക്കൽ എല്ലാവരെയും നിങ്ങൾ സ്നേഹിച്ചിരിക്കാം. ഇന്ന് ഹൃദയ ത്തിന്റെ അവസ്ഥ എങ്ങനെയുണ്ട്? സ്നേഹത്തിന്റെ കടപ്പാട് എല്ലാ സമ യത്തും ഹൃദയത്തിൽ വഹിക്കുവാൻ പൗലൊസ് നമ്മെ പ്രബോധിപ്പിക്കുന്നു. (റോമർ 13:8) ഈ കടത്തെപ്പറ്റി നാം ബോധ്യമുള്ളവരാണോ? നമ്മുടെ ജീവി തപങ്കാളികളെയും സഹോദരീ സഹോ ദരന്മാരെയും വേണ്ടവണ്ണം നാം സ്നേഹിച്ചിട്ടില്ല എന്ന് എത്രപേർ അംഗീകരിക്കും? അവർക്കെല്ലാം നാം കടപ്പെട്ടിരിക്കുന്നു. ഒരിക്കലും കൊടു ത്തുതീർക്കാൻ കഴിയാത്ത സ്നേഹ ത്തിന്റെ കടം.

നമ്മുടെ മക്കളുടെ സ്നേഹം പ്രതീക്ഷിക്കുന്ന നാം അവർക്കുവേണ്ടി എത്രമാത്രം അദ്ധ്വാനിക്കയും കഷ്ടപ്പെ ടുകയും ചെയ്തു എന്ന് കൂടെക്കൂടെ പറയാറില്ലേ? നിങ്ങളോട് മറ്റുള്ളവർ സദാ നന്ദിയുള്ളവരായിരിക്കയും, നിങ്ങളെ സ്നേഹിക്കയും ചെയ്യണം എന്ന പ്രതീക്ഷയിലാണോ ജീവിക്കു ന്നത്? മറ്റുള്ളവർ നമ്മെ കുറച്ചു സ്നേഹിക്കുന്നു എന്നു പരിഭവിക്കാതെ നാം മറ്റുള്ളവരെ എത്ര കുറച്ച് മാത്രമേ സ്നേഹിച്ചുള്ളു എന്ന ബോധം നമ്മെ ഭരിക്കട്ടെ. നാമാണ് കടക്കാർ, അവരല്ല!

2 കൊരി 12:15ൽ പൗലൊസ് പറ യുന്നത് ശ്രദ്ധിക്കുക. "ഞാൻ നിങ്ങളെ കൂടുതൽ സ്നേഹിക്കുന്തോറും നിങ്ങൾ കുറച്ചുമാത്രം സ്നേഹിക്കുന്നു എന്ന് തോന്നിയാലും നിങ്ങളുടെ ആത്മീയ നന്മയ്ക്കുവേണ്ടി എന്നെത്ത ന്നെയും എനിക്കുള്ളതും നൽകുവാൻ ഞാൻ സന്തോഷത്തോടെ ഒരുങ്ങിയി രിക്കുന്നു" (ലിവിംഗ് ബൈബിൾ)

**ഭൂതകാലത്തിലെ നേട്ടങ്ങൾ നമ്മെ നിഗളികളാക്കാം. കഴിഞ്ഞകാല നേട്ടങ്ങൾ മറന്ന് മുമ്പോട്ട് ആയുവാൻ പൗലൊസ് തീരുമാനിച്ചിരുന്നു. ഇന്ന് ഒരുപക്ഷേ ആത്മീയമായി നിങ്ങൾ സമൃദ്ധിയിലായിരിക്കാം. ദീർഘ വർഷങ്ങളിലെ വിശ്വസ്തതയുടെ ഫലമായി ലഭിച്ച നേട്ടമാണിതെന്ന് ചിന്തിച്ച് നിങ്ങളുടെ ഹൃദയം നിഗളിക്കാൻ സാദ്ധ്യതയുണ്ട്. നിങ്ങൾ ആകുന്നത് ദൈവകൃപയാൽ മാത്രം ആണെന്ന് ഓർക്കുക. നിങ്ങളുടെ നേട്ടങ്ങളും വിജയങ്ങളും മറക്കാൻ നിങ്ങൾ തയ്യാറാവുമോ?**

താഴ്മയുള്ളവരായിരിക്കുക എന്നാൽ ഇതേ മനോഭാവം നമുക്കും ഉണ്ടായിരിക്കുക എന്നാണർത്ഥം. "നിങ്ങൾ എന്നെ എത്ര കുറച്ച് സ്നേഹിച്ചാലും ഞാൻ സ്നേഹത്തിന്റെ കടക്കാരനാകയാൽ നിങ്ങളെ എത്രയും അധികം സ്നേഹിക്കുവാനാണ് എന്റെ ആഗ്രഹം. സ്നേഹിക്കേണ്ടുംവണ്ണം ഞാൻ ഇതുവരെ സ്നേഹിച്ചിട്ടില്ല. നിങ്ങൾ വേണ്ടവണ്ണം എന്നെ സ്നേഹിച്ചിട്ടില്ല. നിങ്ങൾ വേണ്ടവണ്ണം എന്നെ സ്നേഹിച്ചിട്ടില്ല എന്ന യാതൊരു പരാതിയും എനിക്കില്ല." ഇതായിരിക്കും യഥാർത്ഥ താഴ്മയുണ്ടെങ്കിൽ നാം പറയുക.

നമ്മുടെ ഭാര്യയെക്കുറിച്ചോ, മക്കളെക്കുറിച്ചോ, സഹോദരങ്ങളെക്കുറിച്ചോ നാം പരാതി ഉള്ളവരെങ്കിൽ നമുക്ക് ക്രിസ്തുവിന്റെ മനസ്സില്ല എന്ന് വ്യക്തമാണ്. നമ്മുടെ ബലത്തിലൂന്നി നൽക്കുന്നവരും, നമ്മുടെ കഴിഞ്ഞ കാലത്യാഗങ്ങളെപ്പറ്റി ചിന്തിച്ച് കഴിയുന്നവരുമായ നാം ഒരിക്കലും താഴ്മയുള്ളവരല്ല.

പോണ്ടിച്ചേരിയിൽ അടുത്ത സമയത്തുണ്ടായ ഒരു അനുഭവം ഓർക്കുന്നു. ഒരു ഞായറാഴ്ച രാവിലെ ഞാൻ ദൈവത്തിന്റെ നീതിയെപ്പറ്റി എരിവോടെ സംസാരിക്കുമ്പോൾ ഇങ്ങനെ പറഞ്ഞു: "ഞാൻ ഈ സഭയിൽ ഉണ്ടായിരിക്കുന്ന കാലത്തോളം ഏതെങ്കിലും വിധത്തിലുള്ള അനീതി അനുവദിക്കുകയില്ല." വീട്ടിലെത്തി വിശ്രമിക്കുമ്പോൾ എന്റെ പ്രസംഗത്തെപ്പറ്റി കർത്താവ് എന്തു പറയുന്നു എന്ന് ചിന്തിച്ചു. ഇവ്വണ്ണം കർത്താവ് പറയുന്നതായി എനിക്കു തോന്നി: " നീ സഭയിൽ മൂപ്പനായിരുന്ന് എല്ലാ കാര്യങ്ങളും വേണ്ടവിധത്തിൽ കൈകാര്യം ചെയ്യുന്നതുകൊണ്ട് നിനക്ക് എന്നെ ആവശ്യമില്ലല്ലോ?" എന്റെ പാപം കാണാൻ ഇടയായതിനാൽ അടുത്ത ബുധനാഴ്ചത്തെ സഭാ മീറ്റിംഗിൽ ഞാൻ പരസ്യമായി എന്റെ പാപം ഏറ്റുപറഞ്ഞു. സഹോദരി സഹോദരന്മാരേ, നാം നമ്മിൽത്തന്നെ എത്ര ശക്തരാണ്! ദൈവത്തെ ശുശ്രൂഷിക്കുവാൻ നാം സ്വയം പ്രാപ്തരല്ല എന്ന തിരിച്ചറിവ് പൗലൊസിനുണ്ടായിരുന്നു. (2 കൊരി. 3:5) ഞാൻ സഭയിൽ ഉള്ള കാലത്തോളം അനീതി അനുവദിക്കില്ല എന്നാണ് പറഞ്ഞത്. കർത്താവ് ചോദിക്കുന്നത് എത്ര കാലം നീ സഭയിൽ ഉണ്ടായിരിക്കും? സഭയുടെ ഉത്തരവാദിത്വം ഞാൻ വഹിക്കാൻ തയ്യാറാണ്. നിനക്ക് സ്വസ്ഥമായിരിക്കാം." നാം നുറുക്കപ്പെട്ടവരാകണം. ഈ ഞായറാഴ്ച പ്രസംഗിക്കുന്ന പ്രഭാകറിനെക്കാൾ കൂടുതൽ നുറുക്കപ്പെട്ടവനാകണം അടുത്ത ആഴ്ച പ്രസംഗിക്കുന്ന പ്രഭാകർ.

നാം ഏറ്റവും അധികം വിലമതിക്കേണ്ടത് ദൈവത്തോടുള്ള അടുത്ത ബന്ധമായിരിക്കണം. സഹോദരങ്ങളേ, ഈ ലോകത്തിൽ എന്താണ് നിങ്ങളുടെ ഏറ്റവും വലിയ മോഹം? ദൈവ





ത്തോടുള്ള ആഴമായ കൂട്ടായ്മയ്ക്കു വേണ്ടി മറ്റെല്ലാം ഉപേക്ഷിക്കാൻ ഞാൻ തയ്യാറാണെന്ന് ശുദ്ധമനസ്സാക്ഷിയോടെ പറയാൻ എനിക്കിന്ന് കഴിയും. നാളെ മുതൽ ഞാൻ സഭയിലെ മൂപ്പനല്ല എന്ന് എന്നോട് പറഞ്ഞാൽ സന്തോഷത്തോടെ ആ കാര്യം അംഗീകരിച്ച് മീറ്റിംഗിൽ ഒരു സാധാരണ സഹോദരനായി സംബന്ധിക്കാനും എനിക്കു പകരം ഒരു നല്ല മൂപ്പനെ നിയമിക്കാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കാനും എനിക്കു കഴിയും. ഒരു മീറ്റിംഗിൽ ഞാൻ സംസാരിച്ചത് ശരിയായില്ല എന്ന് എന്നോടു പറഞ്ഞാൽ നിശ്ശബ്ദനായിരുന്ന് മറ്റുള്ളവർ പറയുന്നത് ശ്രദ്ധിക്കാൻ എനിക്ക് പൂർണ്ണ മനസ്സാണ്.

നാം യഥാർത്ഥമായി യേശുവിനെ അനുഗമിച്ചാൽ യേശുവിനെപ്പോലെ ദൈവികസാന്നിദ്ധ്യം നിരന്തരം അനുഭവിക്കാനും ഏകാന്തതാബോധം അശേഷം ഇല്ലാതിരിക്കാനും കഴിയും. അപ്പോൾ മറ്റുള്ളവർ എന്നെ തെറ്റിദ്ധരിച്ചാൽ എനിക്കതു പ്രശ്നമാകയില്ല. എന്റെ ശുശ്രൂഷ നഷ്ടപ്പെട്ടാൽ അതെന്നെ അസ്വസ്ഥനാക്കേണ്ട കാര്യമില്ല. രോഗബാധിതനായി ഞാൻ കിടപ്പിലായാലും നിരാശപ്പെടേണ്ട കാര്യമില്ല. ഒരു ദിവസം ഊന്നുവടിയുടെ സഹായത്താൽ നടക്കേണ്ടിവന്നാലും "കർത്താവേ, അങ്ങയുടെ കൃപ എനിക്കുമതി" എന്ന് പൗലൊസിനെപ്പോലെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ രോഗം ഒരിക്കലും സൗഖ്യമായില്ലെങ്കിലും കർത്താവിന്റെ സാന്നിദ്ധ്യവും, കർത്തവ്യവും എല്ലാ ജീവിത സാഹചര്യങ്ങളിലും ഉണ്ടായാൽ മാത്രം മതി.

സങ്കീർത്തനങ്ങൾ 25:14ൽ നാം വായിക്കുന്നു "യഹോവയുടെ സഖിത്വം അവന്റെ ഭക്തന്മാർക്കുണ്ടാകും" എന്ന്. ഹൃദയ രഹസ്യങ്ങൾ കൈമാറുന്ന ഏറ്റവും അടുത്ത ഒരു

**നാം യഥാർത്ഥമായി യേശുവിനെ അനുഗമിച്ചാൽ യേശുവിനെപ്പോലെ ദൈവിക സാന്നിദ്ധ്യം നിരന്തരം അനുഭവിക്കാനും ഏകാന്തതാബോധം അശേഷം ഇല്ലാതിരിക്കാനും കഴിയും. അപ്പോൾ മറ്റുള്ളവർ എന്നെ തെറ്റിദ്ധരിച്ചാൽ എനിക്കതു പ്രശ്നമാകയില്ല.**

ബന്ധത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

പ്രിയപ്പെട്ട സഹോദരങ്ങളേ, നിങ്ങൾ ഏതുവിധത്തിലുള്ള സാഹചര്യങ്ങളെ അഭിമുഖീകരിച്ചാലും, കർത്താവിന്റെ സാന്നിധ്യവും, സഖിത്വവും, ആലോചനയും അവിടെ നിങ്ങൾക്കുണ്ടെങ്കിൽ മറ്റെന്താണ് വേണ്ടത്?

സഖിത്വം ഹൃദയങ്ങളുടെ അടുപ്പത്തെയാണ് കാണിക്കുന്നത്. ഞാൻ വിവാഹിതനായിട്ട് 33 വർഷങ്ങൾ കഴിഞ്ഞു. ഭാര്യ വീട്ടിൽ ഉള്ളപ്പോൾ എനിക്ക് ഒരു പ്രശ്നവുമില്ല. കുഞ്ഞുങ്ങളെ ഏതെങ്കിലും വിധത്തിൽ സഹായിക്കാനോ മറ്റോ ഒരാഴ്ചത്തേക്ക് അവൾ പോകുമ്പോൾ വീട്ടിൽ കാര്യങ്ങൾ എല്ലാം തകിടം മറിയും. ഭാര്യയുടെ വീട്ടിലെ സാന്നിധ്യം മാത്രമാണ് ഞാൻ കൊതിക്കുന്നത്. അതുപോലെ യേശു എന്നോടൊപ്പം ഉള്ളപ്പോൾ എനിക്ക് ഒന്നിനും കുറവില്ല. യേശുക്രിസ്തുവിനെയും പിതാവായ ദൈവത്തെയും അറിയുന്നതുതന്നെയാണ് നിത്യജീവൻ. അവിടുത്തെ സാന്നിദ്ധ്യത്തിൽ സദാ വസിക്കുന്നവർ വാസ്തവമായും അനുഗൃഹീതരത്രേ.

*മൊഴിമാറ്റം:*

*മാത്യു ജോർജ്*

ചിന്തയ്ക്ക്

# ആരാണു ക്രിസ്ത്യാനി?

ഏലിയാസ് ആസ്‌ലാക്സൻ

**ക**ന്യകമറിയാമിൽനിന്നു ജനിക്കുകയും നമ്മെപ്പോലെ മാംസരക്തങ്ങൾ ധരിക്കുകയും ചെയ്ത യേശു ദൈവപുത്രനായിരുന്നു, ദൈവത്തിന്റെ അഭിഷിക്തനായിരുന്നു എന്ന് നാം വിശ്വസിക്കുമ്പോൾ നാം ദൈവത്തിൽ നിന്നു ജനിച്ചവരായിത്തീരുന്നു. അപ്പോൾ ലോകത്തിലെ എല്ലാ തിന്മകളെയും നാം ജയിക്കുന്നു; അപ്പോൾ നാം ക്രിസ്ത്യാനികളായിത്തീരുന്നു. (1 യോഹ. 5:1,5).

ഒരു ക്രിസ്ത്യാനിയായിത്തീരുക എന്നു വച്ചാൽ സ്നേഹിക്കുക, വിശുദ്ധസ്നേഹത്തോടെ, ദൈവസ്നേഹത്തോടെ തന്നെ സ്നേഹിക്കുക എന്നതാണ് അതിന്റെ സാരാർത്ഥം. (1 യോഹ. 3:14:4:7) ക്രിസ്തുവിനെ സ്നേഹിക്കുകയും അവിടുത്തെ കല്പനകൾ പാലിക്കുകയും ചെയ്യുക, അന്യോന്യം സ്നേഹിക്കുക, എല്ലാവരെയും സ്നേഹിക്കുക-ഇതുതന്നെയാണ് ക്രിസ്തുമാർഗ്ഗം. ഒരു വ്യക്തിയെ സ്നേഹിക്കുക എന്നു പറഞ്ഞാൽ അവനോട് സന്തോഷത്തോടുകൂടി പെരുമാറുക എന്നു മാത്രമല്ല അതിന്റെയർത്ഥം; നേരേ മറിച്ച് അവന് കേൾക്കുവാൻ ആവശ്യമായിരിക്കുന്നതെന്തോ അത്, ഒരുവേള അവനെ മുറിപ്പെടുത്തുന്നതായാൽ പോലും, അവനോടു പറയുക എന്നതും അതിൽ അടങ്ങിയിരിക്കുന്നു. നിത്യതയിൽ അവന് ഏറ്റവുമധികം പ്രയോജനം വരുത്തുന്നകാര്യം, ഒരുവേള അത് അവന്റെ സ്വന്തം ഇച്ഛയ്ക്ക് കടകവിരുദ്ധമായിരുന്നാൽപോലും, അവനു ചെയ്തു കൊടുക്കുകയാണ് സ്നേഹം. തന്റെ അയൽക്കാരന്റെ നിത്യമായ പ്രയോജനത്തിൽ സദാ മുഴുകിയിരിക്കുന്നവനാണ് ഒരു ക്രിസ്ത്യാനി.

നാം ക്രിസ്ത്യാനികളായിത്തീരണമെങ്കിൽ നാം പുതുതായി ജനിക്കേണ്ടതാവശ്യമാണ്. സ്വന്തം കഴിവുകൊണ്ടോ, സ്വഭാവനിഷ്ഠകൊണ്ടോ, ഇച്ഛാശക്തി, ജ്ഞാനം, നീതിബോധം തുടങ്ങിയവ കൊണ്ടോ ഒരുത്തനും ക്രിസ്ത്യാനിയായിത്തീരുക സാധ്യമല്ല (യോഹ. 3:6,7). നമ്മെ സംബന്ധിച്ച എല്ലാം തന്നെ പാപത്താൽ മലിനമാണ്. നമുക്കൊരു പുതിയ ഹൃദയം ഉണ്ടാകണമെന്ന് ദൈവം ആവശ്യപ്പെടുന്നു (യെഹെ 18:31) ദൈവം തന്നെ സൗജന്യമായി ആ പുതിയ ഹൃദയം നമുക്കു വാഗ്ദാനം ചെയ്യുന്നു. (യെഹെ. 36:26, 27). അതിലേക്കു നാം ചെയ്യേണ്ട ഒരേ ഒരു കാര്യം, ദൈവത്തിന്റെ അടുക്കൽ ചെന്ന് അപ്രകാരമുള്ള ഒരു ഹൃദയത്തിനായി യാചിക്കുകയും വിശ്വാസത്താൽ അതു ദാനമായി സ്വീകരിക്കുകയുമാണ്.

ഒരു ക്രിസ്ത്യാനിയായിത്തീരുക എന്നു വച്ചാൽ ദൈവത്തോടു നിരപ്പു പ്രാപിക്കുക എന്നതു കൂടിയാണ്. (2 കൊരി. 5:19,20) ദൈവത്തോടുള്ള നമ്മുടെ ശത്രുത വിട്ടുകളയുകയും





പൂർണ്ണമായി അവിടുത്തേക്കു കീഴടങ്ങുകയുമാണത്.

ഒരു ക്രിസ്ത്യാനിയാകുക എന്നു വച്ചാൽ അനുതപിച്ചു ദൈവത്തിങ്കലേക്കു തിരിയുകയാമ്. ആദാമ്യസന്തതികളെന്ന നിലയിൽ നാം എന്തായിരുന്നുവോ അതിനു നേർവിരുദ്ധമായ ഒരവസ്ഥയിലെത്തുകയാണ്. (അപ്പോ. പ്ര. 17:3) മറ്റുള്ളവർ അനീതിയുള്ളവരായിരിക്കെ നീതിമാന്മാരാകുക, മറ്റുള്ളവർ അക്ഷമരായിരിക്കെ ക്ഷമയുള്ളവരാകുക, മറ്റുള്ളവർ അലസരായിരിക്കെ, ഉത്സാഹശാലികളാകുക, മറ്റുള്ളവർ വ്യാജം സംസാരിക്കയും ചെയ്യുമ്പോൾ സത്യംമാത്രം സംസാരിക്കുക, മറ്റുള്ളവർ മുൻകോപികളായിരിക്കെ സൗമ്യരും ദീർഘക്ഷമയുള്ളവരുമായിരിക്കുക ഇതൊക്കെയാണ് ക്രിസ്ത്യാനിത്വം (1 പത്രോസ് 1:15)

ഒരു ക്രിസ്ത്യാനിയായിരിക്കുക എന്നുവച്ചാൽ രക്ഷയുടെ അനുഭവം പ്രാപിക്കുകയാണ്. നാം രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നതു ശരി തന്നെ എഫേ. 2:8 എന്നാൽ നമ്മുടെ രക്ഷ ഇനിയും പൂർത്തിയായിട്ടില്ല. അവസാനത്തോളം സഹിച്ചുനിൽക്കുന്ന പക്ഷം നാം രക്ഷപ്രാപിക്കും(മത്തായി 24:13). മുറുകെപ്പറ്റുന്ന എല്ലാ പാപങ്ങളിൽ നിന്നും ഒരു ക്രിസ്ത്യാനി ക്രമാഗതമായി കൂടുതൽ കൂടുതൽ രക്ഷപ്രാപിച്ചുകൊണ്ടിരിക്കേണ്ടതാണ്. ( 2 പത്രോസ് 2:2 NASB)

ശിഷ്യന്മാർക്ക് ക്രിസ്ത്യാനികൾ എന്നു പേരുണ്ടായി. (അപ്പോ. പ്ര. 11:26) അതിനാൽ ഒരു ക്രിസ്ത്യാനിയാകുക എന്നുവച്ചാൽ ക്രിസ്തുവിന്റെ കാൽപ്പാടുകളെ പിന്തുടരുക, അവിടുന്നു നടന്നതുപോലെ നടക്കുക എന്നാണർത്ഥം. (1 യോഹ. 2:6).

ഒരു ക്രിസ്ത്യാനിയാകുക എന്നു വച്ചാൽ മതഭക്തനാകുക എന്നല്ല, പിന്നെയോ സ്വന്ത ജീവിതത്തിൽ യഥാർത്ഥമായി ദൈവഹിതം ചെയ്യുക എന്നാണ് അതിന്റെ അർത്ഥം. (മത്തായി 7:23). നമ്മുടെ ജീവിതത്തിന്റെ ഭരണകർത്താവെന്ന നിലയിൽ ക്രിസ്തുവിനെ അംഗീകരിച്ച് സമ്പൂർണ്ണമായും ആകമാനമായും അവിടുത്തേക്കു കീഴടങ്ങുക എന്നതാണ് അതിലേക്കു നാം ചെയ്യേണ്ടിരിക്കുന്നത്. തൽഫലമായി തലയായ ക്രിസ്തുവിന്റെ ഹിതം മാത്രം നമ്മുടെ ജീവിതത്തിൽ നടക്കുമാറ് സ്വന്തഹിതത്തെ നാം നിരാകരിക്കേണ്ടത് ആവശ്യമത്രേ.

ഒരു ക്രിസ്ത്യാനിയാകുക എന്നു വച്ചാൽ ക്രിസ്തുവിന്റെ ശിഷ്യനാകുക തന്നെയാണ്. (അപ്പോ. പ്ര. 11:26) ലൂക്കോസ് 14:26, 27, 33 എന്നീ വാക്യങ്ങളിൽ കാണുന്ന ശിഷ്യത്വത്തിന്റെ മൂന്നു വ്യവസ്ഥകൾ പാലിക്കുന്നവൻ മാത്രമേ യഥാർത്ഥത്തിൽ ഒരു ക്രിസ്ത്യാനിയാകുന്നുള്ളൂ. അതാണ് ക്രിസ്ത്യാനിത്വത്തിന്റെ പ്രവേശനപരീക്ഷ. മാതാപിതാക്കളോടും വിവാഹപങ്കാളിയോടും മക്കളോടും വസ്തുവകകളോടും സ്വന്തജീവനോടുതന്നെയുമുള്ള നമ്മുടെ ബന്ധം ആ ഭാഗത്ത് ക്രിസ്തു പഠിപ്പിച്ച വിധത്തിൽ ആയിരിക്കണം. അപ്പോഴാണ് നാം ക്രിസ്ത്യാനികളായിത്തീരുന്നത്.

ഒരു ക്രിസ്ത്യാനിയാകുക എന്നു വച്ചാൽ വിജയജീവിതം നയിക്കുക എന്നാണ് അതിന്റെയർത്ഥം. പാപക്ഷമ ലഭിച്ചശേഷം പാപത്തോട് നിരന്തരമായി തോൽവിയടഞ്ഞുകൊണ്ടുള്ള ഒരു ജീവിതത്തിൽ തുടരുന്നവനാണ് ക്രിസ്ത്യാനിയെന്ന ധാരണ ഒരു വലിയ തെറ്റിദ്ധാരണതന്നെയാണ്. (1 യോഹ. 2:1, 13) പൊടുന്നനവേ, ഒറ്റയടിക്ക് നമുക്കു വിജയം ലഭിക്കുവാൻ സാധ്യമല്ലായിരിക്കാം. അതുകൊണ്ടാണ് നാം പാപം ചെയ്യുന്നുവെങ്കിൽ നമുക്ക് ഒരു കാര്യസ്ഥൻ പിതാവിന്റെയടുക്കലുണ്ട്

എന്ന് അവിടെപ്പറയുന്നത് (1 യോഹ 2; 1,2) എന്നാൽ ഒരു വിജയജീവിതത്തിൽ നാം ചെന്നെത്തി പാപത്തെ അതിജീവിച്ചവരായി (overcomers)ത്തീരുന്നതുവരെ പാപത്തിനെതിരെ പോരാടിക്കൊണ്ട് നാം മുന്നേറേണ്ടത് ആവശ്യമാണ്.

ഒരു ക്രിസ്ത്യാനിയാകുക എന്നുവച്ചാൽ സുഖത്തിലും ദുഃഖത്തിലും ഒരുപോലെ സന്തുഷ്ടനായി ജീവിക്കുക എന്നാണർത്ഥം. സന്തുഷ്ടിയുടെ സമ്പന്നമായ നിറവു പ്രാപിക്കുന്ന അനുഭവമാണത്. അനുകൂലസാഹചര്യങ്ങളിൽ ആർക്കും സന്തുഷ്ടനായിരിപ്പാൻ കഴിയും. എന്നാൽ കഷ്ടപ്പാടുകളിലും പീഡനങ്ങളിലും സന്തുഷ്ടനായിത്തീരുക എന്നത് പ്രകൃത്യാതീതമായ ഒരു കാര്യമാണ്. ഒരു യഥാർത്ഥ ക്രിസ്ത്യാനിക്കു മാത്രമേ അപ്രകാരമൊരവസ്ഥയിൽ എത്താൻ സാധിക്കുകയുള്ളൂ.

ക്രിസ്ത്യാനി എപ്പോഴും ഒരു നല്ല മനസ്സാക്ഷിയുള്ളവനാണ്. അവന്റെ എല്ലാ ജീവിതരംഗങ്ങളും ക്രമീകൃതമാണ്. അതിനാൽ അവൻ എപ്പോഴും അചഞ്ചലനായിരിക്കും. അപ്രകാരമുള്ള ഒരു ക്രിസ്ത്യാനിയോടു പോരാടുന്നവൻ സത്യത്തിൽ ദൈവത്തോടു തന്നെയാണ് പോരാടുന്നത്.

ഒരു ക്രിസ്ത്യാനിയായിരിക്കുക എന്നുവച്ചാൽ തിന്മയ്ക്കു പകരം നന്മ ചെയ്യുക എന്നാണതിന്റെ അർത്ഥം. നന്മയുടേയും സ്നേഹത്തിന്റെയും സമ്പൂർണ്ണതയിൽ ജീവിക്കുകതന്നെയാണത്. അതിന്റെ ഫലമായി നമ്മുടെ ഹൃദയത്തിൽനിന്ന് നന്മ നിറഞ്ഞൊഴുകുന്നു. അതുമൂലം എല്ലായ്പ്പോഴും ഏതു സാഹചര്യത്തിലും നമ്മുടെ ഹൃദയത്തിന്റെ അക്ഷയഭണ്ഡാരത്തിൽനിന്ന് നന്മ പകർന്നുകൊടുക്കുവാനുള്ള വാഞ്ഛയും കഴിവും നമുക്കുണ്ടാകുന്നു. അപ്പോൾ എല്ലാ തിന്മയ്ക്കും നന്മ പകരം കൊടുക്കുവാൻ സാധിക്കുന്നതിനാൽ നാം സന്തോഷിക്കുന്നു.

സ്വാർത്ഥമന്വേഷിക്കുക എന്ന ആദാമ്യ സ്വഭാവം വെടിഞ്ഞു തികച്ചും നിസ്വാർത്ഥമതിയായി ജീവിക്കുന്നവനാണ് ക്രിസ്ത്യാനി. മറ്റുള്ളവർ തങ്ങളെ സ്നേഹിക്കയും സേവിക്കയും ചെയ്യണമെന്നാണ് ലൗകികമനുഷ്യരും മതഭക്തന്മാരുമാഗ്രഹിക്കുന്നത്. എന്നാൽ ഒരു യഥാർത്ഥക്രിസ്ത്യാനി തന്റെ ഗുരുവിനെപ്പോലെതന്നെ മറ്റുള്ളവർക്ക് സേവനം ചെയ്യുന്നതിൽ സന്തോഷിക്കുന്നു. മറ്റുള്ളവർക്ക് ഏറ്റവും കൂടുതൽ നൽകുവാൻ കഴിയേണ്ടതിന് തനിക്കുവേണ്ടിത്തന്നെ ഏറ്റവും കുറച്ചു സ്വീകരിക്കുവാൻ സ്നേഹം അയാളെ നിർബ്ബന്ധിക്കുന്നു. ഇങ്ങനെ മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്നവനാണ് ക്രിസ്ത്യാനി.

ഒരു ക്രിസ്ത്യാനി എന്നുവച്ചാൽ എല്ലായ്പ്പോഴും നന്ദിനിറഞ്ഞവനും സംതൃപ്തനുമായിരിക്കുക എന്നാണർത്ഥം. എല്ലായിടത്തും എല്ലാ മനുഷ്യരും ഏതെങ്കിലും ചില കാര്യങ്ങളെപ്പറ്റി പരാതി പറയുന്നവരാണ്. അതുപോലെ മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നതിലും അവർ എപ്പോഴും ഏർപ്പെട്ടിരിക്കുന്നു. വീടുകളിലും വഴിയിലും കച്ചവടസ്ഥലത്തും ബസ്സിലും ട്രെയിനിലുമെല്ലാം ഇതു സത്യമാണ്. എല്ലായിടത്തും പരാതിയുടെയും കുറ്റം പറച്ചിലിന്റെയും ഒരു വലിയ വേലിയേറ്റം നാം കാണുന്നു. താന്താങ്ങളെ മാത്രമേ ആളുകൾ കുറ്റപ്പെടുത്താതെയുള്ളു. ഈ ഗതികേടിന് ഒരു വലിയ അപവാദമാണ് ക്രിസ്ത്യാനിയുടെ ജീവിതം. അയാൾ എപ്പോഴും സന്തുഷ്ടനും നന്ദിനിറഞ്ഞവനും സംതൃപ്തനുമാണ്. അയാൾക്ക് ആരെപ്പറ്റിയും പരാതിയില്ല. ആരെയും അയാൾ കുറ്റപ്പെടുത്തുന്നുമില്ല. ആരോടും അയാൾക്ക് അതൃപ്തി





യില്ല. (ഫിലി. 4:4, എഫേ. 5:19, 20) തന്റെ ഹൃദയത്തിന്റെ ആഴത്തിൽ നന്മയുടെ ഒരു വലിയ ഭണ്ഡാരം ഉള്ളവനാണ് ക്രിസ്ത്യാനി. അതിനോടു താരതമ്യപ്പെടുത്തുമ്പോൾ ബാഹ്യകാര്യങ്ങൾ എല്ലാം അവാച്യമായ വിധം നിസ്സാരമാണ്. തന്മൂലം അയാൾക്ക് ഒന്നിനെപ്പറ്റിയും നിരാശതയില്ല. അതേസമയം തന്നെ നന്മയ്ക്കായുള്ള വലിയ താൽപര്യം നിമിത്തം യഥാർത്ഥ ക്രിസ്ത്യാനി തന്നെക്കുറിച്ചുതന്നെ അസന്തുഷ്ടനും അതൃപ്തനുമാണ്. നന്മയ്ക്കായി അധികമായ ദാഹവും അയാൾക്കുണ്ട്.

ഒരു ക്രിസ്ത്യാനിയായിരിക്കുക എന്നുവച്ചാൽ എപ്പോഴും അക്ഷോഭ്യനും പ്രശാന്തനുമായിരിക്കുക എന്നാണർത്ഥം. ഒരു വിഷമഘട്ടം വരുമ്പോൾ ആളുകൾ അസ്വസ്ഥരാകുന്നു. അവരുടെ മനസ്സാക്ഷി ശുദ്ധമല്ലാത്തതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. പണക്കൊതിയുള്ളവരും മരണത്തെ ഭയപ്പെടുന്നവരുമാണവർ. എന്നാൽ ക്രിസ്ത്യാനിക്കാകട്ടെ, ഒന്നിനെക്കുറിച്ചും ഭയമില്ല. തനിക്ക് ഒന്നും നഷ്ടപ്പെടാനുമില്ല. ദൈവം എല്ലാറ്റിനെയും തന്റെ പരമമായ നന്മയ്ക്കായി നിയന്ത്രിക്കുന്നു എന്നറിയുകമൂലം അയാളുടെ ഹൃദയം എപ്പോഴും പ്രശാന്തമായിരിക്കുന്നു.

എപ്പോഴും ക്ഷമാശാലിയും ലക്ഷ്യപ്രാപ്തിവരെ സഹിഷ്ണുത പുലർത്തുന്നവനുമാണ് ക്രിസ്ത്യാനി. ക്ഷമയറ്റു പിൻവാങ്ങുന്ന അനുഭവം അയാൾക്കൊരിക്കലും ഉണ്ടാകുന്നില്ല. സകലസഹിഷ്ണുതയ്ക്കും ദീർഘക്ഷമയ്ക്കുമായി ആത്മാവിന്റെ ശക്തിയാൽ ബലം പ്രാപിച്ചവനാണ് അയാൾ. (കൊലോ. 1:11) അയാൾ ക്ഷമയോടെ ഫലം കായ്ക്കുന്നു (ലൂക്കോസ് 8:15)

ഒരു ക്രിസ്ത്യാനി വളരെ ധൈര്യമുള്ള ഒരുവനാണ്; കാരണം, സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവുമുള്ള ദൈവം അയാളോടു കൂടിയുണ്ട്. ദൈവം ഒരിക്കലും നമുക്ക് ഭീരുത്വത്തിന്റെയോ നിരാശതയുടേയോ ആത്മാവിനെ നൽകുന്നില്ല. (2 തിമൊഥി 1:7) ബാഹ്യമായ പല ഭാരങ്ങളും തന്റെ തലയ്ക്കുമീതെ കുന്നുകൂടിയാൽപ്പോലും എപ്പോഴും തികഞ്ഞ ധീരതയ്ക്കുള്ളവനാണ് ക്രിസ്ത്യാനി. എന്തെന്നാൽ ദൈവം അയാളെ സ്നേഹക്കയും പരിപാലിക്കയും ഭരിച്ചു നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ഒരു മനുഷ്യനിൽ നിന്നുപോലും ബഹുമാനം അന്വേഷിക്കാതെ ദൈവത്തിന്റെ അംഗീകാരം മാത്രം അന്വേഷിക്കുന്നവനാണ് ക്രിസ്ത്യാനി. (ഗലാ. 1:10; യോഹ. 5:44) ലൗകികരോ മതഭക്തരോ ആയ മനുഷ്യരെ പ്രസാദിപ്പിക്കുവാനാഗ്രഹിക്കുന്നവർക്ക് അവരുടെ രുചിഭേദങ്ങൾക്കനുസരിച്ച് പെരുമാറേണ്ടിവരും. തന്മൂലം അവർ അഭക്തരായി മാറും. എങ്കിലും ഒരു ക്രിസ്ത്യാനി ദൈവത്തെ മാത്രം പ്രസാദിപ്പിക്കുന്നവനാകയാൽ ലൗകികരും മതഭക്തരുമായ ആളുകളുടെ നിന്ദയ്ക്കും പരിഹാസത്തിനും അയാൾ എപ്പോഴും പാത്രമായിത്തീരുന്നു. അന്തിമമായി അയാൾ ലോകം വിട്ടുപോകുമ്പോൾ ഒരു നല്ല മനസ്സാക്ഷിയോടെ ദൈവം നൽകുന്ന നിത്യമഹത്വവും മാനവും നേടുവാനായി അയാൾ അവിടുത്തെ സന്നിധിയിലേക്കു പോകുന്നു.

ഒരു ക്രിസ്ത്യാനിയാകുക എന്നുവച്ചാൽ ജീവജലനദികൾ തന്റെ ഉള്ളിൽ നിന്നൊഴുകുമാറ് പരിശുദ്ധാത്മാവിനാലും ശക്തിയാലും നിറഞ്ഞവനാകുക എന്നാണ് അതിന്റെയർത്ഥം. (യോഹ. 7:37-39) പരിശുദ്ധാത്മാവാകുന്ന വറ്റാത്ത ഉറവയുമായി നിരന്തരബന്ധത്തിൽ ജീവിക്കുക മൂലം

*ശേഷം പേജ് 34 ൽ*

തിരുവെഴുത്തുകളെ പരിശോധിക്കുക



# ബൈബിളിലൂടെ...

## മർക്കോസ് എഴുതിയ സുവിശേഷം

**സാക്പുന്നൻ**

**ഏ**കനാൽ രചിതമായ ഒരൊറ്റ ജീവചരിത്രത്തിനു പകരം നാലു വ്യത്യസ്തവ്യക്തികളെക്കൊണ്ടു യേശുവിന് നാലു ജീവചരിത്രം ഉണ്ടാക്കിയതിന് ചില ലക്ഷ്യങ്ങൾ ഉണ്ടാകാം.

യേശുവിനെ "അബ്രഹാമിന്റെ മകൻ" എന്നും "ദാവീദിന്റെ മകൻ" എന്നുമൊക്കെ സംബോധന ചെയ്തും യേശു യഹൂദന്മാരുടെ വാഗ്ദത്ത മിശിഹായാണെന്നു തെളിയിക്കുവാൻ വേണ്ട തിരുവെഴുത്തുകൾ ഉദ്ധരിച്ചുമൊക്കെയാണ് മത്തായി തന്റെ സുവിശേഷം ആരംഭിക്കുന്നത്. എന്നാൽ മർക്കൊസാകട്ടെ, "ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷം" എന്നു പറഞ്ഞുകൊണ്ടാണ് തന്റെ എഴുത്തു തുടങ്ങുന്നത്. യേശുവിന്റെ ദിവ്യത്വത്തിനു പ്രാധാന്യം നൽകുകയാണ് മർക്കൊസ്. മർക്കൊസിൽ മത്തായിയുടെ സുവിശേഷത്തിലേതുപോലെ ഉപദേശങ്ങൾക്കോ ഉപമകൾക്കോ അല്ല, യേശുവിന്റെ അത്ഭുത പ്രവൃത്തികൾക്കും പ്രവർത്തനങ്ങൾക്കുമാണ് പ്രാധാന്യം. സ്വർഗ്ഗരാജ്യത്തിന്റെ ഉപദേശങ്ങൾ മത്തായി വിശദമായി രേഖപ്പെടുത്തുമ്പോൾ യേശു ദൈവപുത്രൻ എന്ന നിലയിൽ ഭൂമിയിൽ എങ്ങനെയായിരുന്നു എന്ന് വ്യക്തമാക്കുന്നു മർക്കൊസ്.


### അധ്യായം ഒന്ന്

യേശു ഗലീലക്കടൽക്കരയിലൂടെ നടക്കുമ്പോൾ ശീമോനും സഹോദരനായ അന്ത്രെയോസും വല വീശുന്നതു കണ്ടു. അവർ മീൻ പിടിക്കുന്നവരായിരുന്നു. യേശു അവരോട്: "എന്നെ അനുഗമിക്ക. ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും" എന്നു പറഞ്ഞു. (1:16, 17) ഗലീലതീരത്ത് നൂറു കണക്കിനു മീൻപിടിക്കാർ വലവീശുന്നുണ്ടായിരുന്നിരിക്കാം. യേശു നാലു പേരെ മാത്രമാണു വിളിച്ചത്- പത്രൊസ്, അന്ത്രെയോസ്, യാക്കോബ് യോഹന്നാൻ. നാമൊക്കെ വിളിക്കപ്പെട്ടത് ക്രിസ്തുവിന്റെ സാക്ഷികളാകാനാണ്. എന്നാൽ ദൈവം പ്രത്യേകമായി വിളിക്കാതെ ആർക്കും തന്നെ അവിടുത്തെ മുഴുസമയ വേലക്കാരനാകാൻ കഴിയില്ല." എനിക്ക് ഒരു സുവിശേഷകനാകണം" "ഒരു ഉപദേഷ്ടാവ് ആകണം" എന്ന് ആർക്കും പറയാൻ കഴിയില്ല. ദൈവം ആ വേലയ്ക്കു നിങ്ങളെ വിളിക്കുകയും അതിനു വേണ്ടി സജ്ജരാക്കുയും ചെയ്യേണ്ടതായിട്ടുണ്ട്. ദൈവം തന്റെ പരമാധികാരത്തിലാണ് തന്റെ ഭൃത്യരെ വിളിക്കുന്നത്. ശരീരത്തിലെ ഓരോ അവയവത്തിന്റെ പ്രവർത്തനവും ശരീരത്തെ സംബന്ധിച്ച് എത്രമാത്രം പ്രാധാന്യമുള്ളതായിരിക്കുന്നുവോ അതുപോലെ ക്രിസ്തുശരീരമാകുന്ന സഭയിലെ ഓരോ അംഗങ്ങളുടെയും ശുശ്രൂഷ വിലപ്പെട്ടതു തന്നെയാണ്. മുഖം പോലെ ചില അവയവങ്ങൾ ദൃശ്യവും





*നിങ്ങൾ അനുഗമിക്കാൻ താത്പര്യമില്ലാതെ പഠനം മാത്രം നടത്തുന്ന ഒരാളെങ്കിൽ "ഇടത്ത്, ഇടത്ത്" എന്ന ആജ്ഞകേട്ട് ഇടതുകാൽ മാത്രം വച്ച് മുന്നോട്ടു ഗമിക്കുന്ന ഒരാളെപ്പോലെയായിരിക്കും!!*



വൃക്ക, കരൾ എന്നിവ പോലെ മറ്റു ചില അവയവങ്ങൾ അദൃശ്യവുമാണ്. ഇപ്രകാരം ക്രിസ്തുശരീരത്തിലെ ചില ശുശ്രൂഷകൾ മറ്റു ചിലതിനെക്കാൾ പ്രകടമാണ്.

മത്തായി 11:29-ൽ യേശു ഇപ്രകാരം പറഞ്ഞു: "എന്നിൽ നിന്നും പഠിക്കുക" ഇവിടെ യേശു പറയുന്നു: "എന്നെ അനുഗമിക്കുക" എന്ന്. ഈ രണ്ടു കാര്യങ്ങളാണ് ഒരു ശിഷ്യൻ പ്രധാനമായും ചെയ്യേണ്ടത്. ശിഷ്യൻ എന്നാൽ ഒരേസമയം പഠിതാവും അനുഗമിക്കുന്നവനുമാണ്. ജീവിതം മുഴുവനും യേശുവിൽനിന്നും പഠിക്കുകയും ആ പാദമുദ്രകളിലൂടെ നടക്കുകയും ചെയ്യുക. ഇത് പട്ടാളക്കാർ "ഇടത്ത്, വലത്ത്" "ഇടത്ത്, വലത്ത് എന്ന ആജ്ഞകൾ കേട്ട് മുന്നോട്ടു നീങ്ങുന്നതുപോലെയാണ്. "പഠിക്കുക, അനുഗമിക്കുക" എന്ന ആജ്ഞകേട്ട് നാം ജീവിതത്തിൽ മുന്നോട്ടു ഗമിക്കുന്നു- കർത്താവു വരുന്നതു വരെയും.

നിങ്ങൾ അനുഗമിക്കാൻ താത്പര്യമില്ലാതെ പഠനം മാത്രം നടത്തുന്ന ഒരാളെങ്കിൽ "ഇടത്ത്, ഇടത്ത്" എന്ന ആജ്ഞകേട്ട് ഇടതുകാൽ മാത്രം വച്ച് മുന്നോട്ടു ഗമിക്കുന്ന ഒരാളെപ്പോലെയായിരിക്കും!! യേശുവിന്റെ ഒരു യഥാർത്ഥ ശിഷ്യൻ പഠിക്കുക മാത്രമല്ല പഠിച്ചതു പ്രയോഗത്തിലാക്കുന്നവനുമായിരിക്കും. നിങ്ങൾ പഠിച്ചതു പ്രയോഗത്തിലാക്കുന്നില്ല എങ്കിൽ നിങ്ങൾ പരിശീലിപ്പിക്കുന്ന ശിഷ്യരും അങ്ങനെ തന്നെയാകും- ഒറ്റക്കാലിൽ നടക്കുന്നവർ. നമുക്കൊരിക്കലും നമ്മുടെ പഠനം പൂർത്തിയായി എന്നു പറയാൻ കഴിയില്ല. നമ്മുടെ ജീവിതാവസാനം വരെയും നമുക്കു യേശുവിൽ നിന്നും പഠിക്കേണ്ടതുണ്ട്.

ഈ വാഗ്ദാനത്തിന്റെ രണ്ടാം ഭാഗം ശ്രദ്ധിക്കുക: "ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും." ആ പ്രയോഗം ശ്രദ്ധിക്കുക "ഞാൻ നിങ്ങളെ.....ആക്കും" ഇത് ഒരു കുശവൻ ഒരു പാത്രം ഉണ്ടാക്കുന്നതുപോലെയാണ്. കുശവൻ ഉണ്ടാക്കുന്ന എല്ലാ പാത്രങ്ങളും ഒരുപോലെയുള്ളതല്ല. ദൈവവും നമ്മെ വ്യത്യസ്ത രൂപങ്ങ

**കുശവൻ ഉണ്ടാക്കുന്ന എല്ലാ പാത്രങ്ങളും ഒരുപോലെയുള്ളതല്ല. ദൈവവും നമ്മെ വ്യത്യസ്ത രൂപങ്ങളിലാക്കുന്നു. നിങ്ങളുടെ ശുശ്രൂഷ മറ്റൊരാളുടേതുപോലെയാക്കുവാൻ നിങ്ങൾ ദൈവത്തോട് ആവശ്യപ്പെടുന്നതു ശരിയല്ല. ദൈവം ഒരിക്കലും അങ്ങനെ ചെയ്യുന്നില്ല. നിങ്ങളെ തികച്ചും പ്രത്യേകമായ നിലയിലായിരിക്കും അവിടുന്നു രൂപപ്പെടുത്തുക. നിങ്ങൾ മറ്റൊരാളിന്റെ ശുശ്രൂഷ ആഗ്രഹിച്ചാൽ ദൈവം നിങ്ങൾക്കു വേണ്ടി ഒരുക്കിയ ആ രൂപപ്പെടുത്തലിനെ നിങ്ങൾ തടയുകയായിരിക്കും.**

ളിലാക്കുന്നു. നിങ്ങളുടെ ശുശ്രൂഷ മറ്റൊരാളിന്റേതുപോലെയാക്കുവാൻ നിങ്ങൾ ദൈവത്തോട് ആവശ്യപ്പെടുന്നതു ശരിയല്ല. ദൈവം ഒരിക്കലും അങ്ങനെ ചെയ്യുന്നില്ല. നിങ്ങളെ തികച്ചും പ്രത്യേകമായ നിലയിലായിരിക്കും അവിടുന്നു രൂപപ്പെടുത്തുക. നിങ്ങൾ മറ്റൊരാളിന്റെ ശുശ്രൂഷ ആഗ്രഹിച്ചാൽ ദൈവം നിങ്ങൾക്കുവേണ്ടി ഒരുക്കിയ ആ രൂപപ്പെടുത്തലിനെ നിങ്ങൾ തടയുകയായിരിക്കും.

ഞാൻ എന്റെ സഭയിലുള്ള സഹോദരന്മാരോടു കൂടെക്കൂടെ പറയാറുണ്ട്: “നിങ്ങൾ എന്റെ ശുശ്രൂഷയെ അനുകരിക്കാൻ ശ്രമിക്കരുത്. കാരണം നിങ്ങൾ ഒരു സവിശേഷതയുള്ള വ്യക്തിയായിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. നിങ്ങൾ നിങ്ങളായിരിക്കുക. സഭയിൽ നിങ്ങളെപ്പോലെ നിങ്ങൾ മാത്രമേ പാടുള്ളു. അതാണു ദൈവേഷ്ടം.”

നിങ്ങൾ കർത്താവിനെ അനുഗമിക്കുന്നു എങ്കിൽ നിങ്ങൾ ആകേണ്ട രൂപത്തിൽ അവിടുന്നു നിങ്ങളെ ആക്കും. അതു കർത്താവിന്റെ ഉത്തരവാദിത്വമാണ്. ആ മനുഷ്യരുടെ കാര്യത്തിൽ യേശു അവരെ മനുഷ്യരെ പിടിക്കുന്നവരാക്കി. നിങ്ങളുടെ കാര്യത്തിൽ അതു മറ്റെന്തെങ്കിലുമായിരിക്കും. ഒരു പക്ഷേ സഭയിൽ ഒരു സഹായിയെന്ന നിലയിലായിരിക്കും, ചിലരെ അപ്പൊസ്തലന്മാരായും മറ്റു ചിലരെ പ്രവാചകന്മാരായും ചിലരെ ഉപദേഷ്ടാക്കന്മാരായും മറ്റുചിലരെ സുവിശേഷകന്മാരായും എന്നിങ്ങനെ പലതരത്തിൽ വിളികൾ നാം കാണുന്നു. സുവിശേഷകന്മാരാണ് മനുഷ്യരെ പിടിക്കുന്നത്. പൗലോസിനെപ്പോലെ ചിലർ ബഹുമുഖശുശ്രൂഷകളുള്ളവരാണ്— അപ്പോസ്തോലനും പ്രവാചകനും ഉപദേഷ്ടാവും ഇടയനും സുവിശേഷകനും അങ്ങനെ പലതും. എന്നാൽ അങ്ങനെ ദൈവം നൽകുന്നത് അപൂർവ്വമാണ്. നമ്മിൽ അധികം പേരും ഒരേ ഒരുവരം മാത്രമുള്ളവരാണ് ആരംഭകാലത്ത് അപ്പൊസ്തലന്മാർ നിരവധി കൃപാവരങ്ങളുള്ളവരാകേണ്ടിയിരുന്നു. കാരണം, സഭയിൽ വരങ്ങളുള്ളവർ തുലോം വിരളമായിരുന്നു. എന്നാൽ പിൽക്കാലത്ത് സഭ അധികം വളർന്നതോടെ ദൈവം കൃപാവരങ്ങൾ അധികം പേർക്കു പങ്കുവച്ചുതുടങ്ങി. നിങ്ങളുടെ കൃപാവരം ഏതായിരുന്നാലും കർത്താവുതന്നെ നിങ്ങളെ അതിലേക്കു രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. നമുക്ക് ഒരിക്കലും സ്വയം രൂപപ്പെടുത്താനാവില്ല.

നിങ്ങൾ സ്വയം ഒരു സുവിശേഷകനോ, ഉപദേഷ്ടാവോ അപ്പൊസ്തലനോ ആയിക്കൂടാ. അങ്ങനെയായാൽ നിങ്ങൾ പരാജയപ്പെടും. ദൈവം ഭരമേല്പിക്കാത്ത ഒരു ശുശ്രൂഷ ഒരിക്കലും ചെയ്യാൻ പാടില്ല. സ്വയം ശുശ്രൂഷ ഏറ്റെടുക്കുന്ന ധാരാളം ശുശ്രൂഷകരെ ഞാൻ നമ്മുടെ രാജ്യത്തു കണ്ടിട്ടുണ്ട്. അവർ അമേരിക്കയിൽ നിന്നും പണം സ്വീകരിച്ചുകൊണ്ട് ശുശ്രൂഷ ഏറ്റെടു





ക്കുന്നു. ഒരു ദിവസം ദൈവം അതിനെ ഇല്ലാതെയാക്കും. നിങ്ങൾക്ക് ഒരു ജീവിതമേയുള്ളു എന്ന് ഓർത്തിരിക്കുക. ആ ജീവിതം ഞാൻ വലിയ ഒരു ശുശ്രൂഷകനാണെന്ന മതിപ്പ് ആളുകളിൽ ഉളവാക്കുവാൻ വേണ്ടി അതുമിതും ചെയ്തു പാഴാക്കരുത്. ക്രിസ്തുശരീരത്തിൽ നിങ്ങൾ നിർവ്വഹിക്കേണ്ട ധർമ്മം നിറവേറ്റുവാൻ ശ്രമിക്കുക. “കർത്താവിൽ നിങ്ങൾ കാത്തിരിക്കുന്നു എങ്കിൽ നിങ്ങളെ അവിടുന്നു ആഗ്രഹിക്കുന്ന തരത്തിലുള്ള ഒരു പാത്രമാക്കിത്തീർക്കും.” എല്ലാവരെയും ഒരേകാര്യത്തിനു വേണ്ടിയല്ല അവിടുന്നു വിളിച്ചത്. ഗലീലക്കടൽക്കരയിൽ കണ്ടുമുട്ടിയവരെ യേശു തന്റെ ശിഷ്യന്മാരാകുവാനാണ് വിളിച്ചത്. പക്ഷേ അവർക്കെല്ലാം അപ്പൊസ്തോലന്മാരാകുവാൻ കഴിഞ്ഞില്ല. അപ്പൊസ്തോലന്മാർ പ്രത്യേകമായി വിളിക്കപ്പെടേണ്ടിയിരിക്കുന്നു. നമ്മുടെ ജീവിതത്തെ സംബന്ധിച്ച വിളിയെയും നമ്മുടെ ശുശ്രൂഷ സംബന്ധിച്ച വിളിയെയും തിരിച്ചറിയുവാൻ നാം പഠിക്കേണ്ടിയിരിക്കുന്നു. താങ്കളുടെ ശുശ്രൂഷ മറ്റൊരാൾക്കുണ്ടാകുവാൻ നിർബന്ധം പിടിക്കരുത്. അതു ഭോഷത്തമാണ്. യേശു ഭൂതങ്ങളെ പുറത്താക്കുമ്പോൾ ചില ഭൂതങ്ങൾ യേശുവിനെക്കണ്ട് “നീ ദൈവപുത്രൻ” (1:34) എന്നു നിലവിളിച്ചിരുന്നു. നിങ്ങളെ കണ്ടിട്ട് ഭൂതങ്ങൾ അങ്ങനെ നിലവിളിച്ചാൽ അതു നിങ്ങളെ ഉന്മത്തരാക്കുകയില്ലേ? എന്നാൽ യേശു അവരെ നിശ്ശബ്ദരാക്കി. ഭൂതങ്ങളിൽ നിന്നും യേശുവിനു സാക്ഷ്യം ആവശ്യമായിരുന്നില്ല. ഭൂതങ്ങൾ ഭോഷ്ക്കിന്റെ ആത്മാക്കളാണ്. അവരുടെ സാക്ഷ്യത്തിന്റെ മൂല്യം എന്താണ്? അതൊന്നുമില്ല. യേശു ചെയ്തതുതന്നെ നമുക്കും ചെയ്യാം. ചില ആളുകൾ ഭൂതങ്ങളെ പുറത്താക്കുംമുമ്പേ അവയുമായി സംഭാഷണ

**നിങ്ങൾ സ്വയം ഒരു സുവിശേഷകനോ, ഉപദേഷ്ടാവോ അപ്പൊസ്തലനോ ആയിക്കൂടാ. അങ്ങനെയായാൽ നിങ്ങൾ പരാജയപ്പെടും. ദൈവം ഭരമേല്പിക്കാത്ത ഒരു ശുശ്രൂഷ ഒരിക്കലും ചെയ്യാൻ പാടില്ല. സ്വയം ശുശ്രൂഷ ഏറ്റെടുക്കുന്ന ധാരാളം ശുശ്രൂഷകരെ ഞാൻ നമ്മുടെ രാജ്യത്തു കണ്ടിട്ടുണ്ട്. അവർ അമേരിക്കയിൽ നിന്നും പണം സ്വീകരിച്ചുകൊണ്ട് ശുശ്രൂഷ ഏറ്റെടുക്കുന്നു. ഒരു ദിവസം ദൈവം അതിനെ ഇല്ലാതെയാക്കും. നിങ്ങൾക്ക് ഒരു ജീവിതമേയുള്ളു എന്ന് ഓർത്തിരിക്കുക. ആ ജീവിതം ഞാൻ വലിയ ഒരു ശുശ്രൂഷകനാണെന്ന മതിപ്പ് ആളുകളിൽ ഉളവാക്കുവാൻ വേണ്ടി അതുമിതും ചെയ്തു പാഴാക്കരുത്.**

ത്തിലേർപ്പെടാറുണ്ട്. അതും ഭോഷത്തമാണ്. യേശു ഒരിക്കലും അവയെ സംസാരിക്കാൻ അനുവദിച്ചിരുന്നില്ല. അവയെ പുറത്താക്കുക മാത്രം ചെയ്തു.

1:35-ൽ യേശുവിന്റെ ഒരു പ്രത്യേക ശീലം നാം കാണുന്നു. അതു നമുക്കും ഉണ്ടായിരിക്കുന്നതു നല്ലതായിരിക്കും. അതികാലത്തെ ഉണർന്നു ദൈവത്തെ ശ്രവിക്കുക (യെശ. 50:4 വായിക്കുക) രാത്രി വളരെ ഇരുട്ടുന്നതുവരെ നീളുന്ന അവിശ്രമശുശ്രൂഷകൾക്കു ശേഷം പോലും അതികാലത്തെ ഉണർന്നുള്ള പിതൃസംസർഗ്ഗത്തിനു യേശു പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഏതു കാര്യത്തിലാണ് യേശുവിനെ അനുഗമിക്കുന്നതിൽ നിങ്ങൾ മുൻതൂക്കം നൽകുന്നത്? രോഗികളെ സൗഖ്യമാക്കുന്നതിനാണോ? എന്തുകൊണ്ട് ഇവിടെ എഴു

തിയിരിക്കുന്ന ഇക്കാര്യത്തിൽ ആരംഭം കുറിച്ചുകൂടാ? യേശു പ്രഭാതം മുതൽ പ്രദോഷം വരെയും പിതാവിനെ ശ്രദ്ധിക്കുന്നതിൽ ജാഗ്രത കാണിച്ചിരുന്നു. ഒരു പുതിയ സ്ഥലത്ത് വിനോദസഞ്ചാരികൾ എത്തുമ്പോൾ തങ്ങൾ കാണേണ്ടുന്ന സ്ഥലം നോക്കിവയ്ക്കുംപോലെ യേശുവും ഒരു സ്ഥലത്തെത്തിയാൽ അവിടെയുള്ള നിർജ്ജന പ്രദേശങ്ങൾ നോക്കിവയ്ക്കാറുണ്ടായിരുന്നു- പിതാവിനോടൊത്ത് ഏകാന്തതയിൽ ചെലവഴിക്കാൻ. ഇന്ന് ക്രിസ്ത്യാനികൾ ഏകാന്തതയെ ഭയപ്പെടുന്നു. അവർ എപ്പോഴും മറ്റുള്ളവരോടൊത്ത് ആയിരിക്കാൻ ഇഷ്ടപ്പെടുന്നു. അതുകൊണ്ട് അവരുടെ ജീവിതങ്ങൾ തീരെ ആഴം കുറഞ്ഞതായിരിക്കുന്നു. യേശു നിത്യവും പിതാവിനോടു സംഭാഷിക്കുന്നതിനു സമയം കണ്ടെത്തിയിരുന്നു. അവിടെനിന്നായിരുന്നു തനിക്കാവശ്യമായ ജ്ഞാനവും ശക്തിയും ലഭ്യമായിരുന്നത്.

ഒരു സ്ഥലത്ത് ഒരുണർവ്വുണ്ടാകുമ്പോൾ അവിടെത്തന്നെ കൂടുതൽ സമയം ചെലവഴിക്കാൻ ആളുകൾ നിർബന്ധിക്കാറുണ്ട്. യേശു അതു ശ്രദ്ധിക്കാതെ മറ്റൊരിടത്തേക്കു യാത്രയാകും. കാരണം പിതാവിൽനിന്നും അങ്ങനെയൊരു സ്വരം താൻ കേട്ടതുകൊണ്ട് യേശു ആളുകളുടെ ആവശ്യമനുസരിച്ചായിരുന്നില്ല, പിതാവിന്റെ ശബ്ദം കേട്ടായിരുന്നു നീങ്ങിയിരുന്നത്. അതേസമയം യേശു രാത്രിയിലോ പുലർച്ചയ്ക്കോ പിതാവിനെ ശ്രവിക്കാൻ സമയം കണ്ടെത്തിയിരുന്നില്ലെങ്കിൽ സ്വന്തം വിവേകത്തിലൂന്നി പ്രവർത്തിക്കേണ്ടി വരുമായിരുന്നു. അങ്ങനെയെങ്കിൽ ഒരേ സ്ഥലത്തു തന്നെ താമസിക്കയും പിതാവിന്റെ ഇഷ്ടം ഒന്നോ രണ്ടോ ദിവസത്തേക്കു നിവർത്തിക്കാതിരിക്കയും ചെയ്യുമായിരുന്നു. ഒരു ഉണർവ്വ് പൊട്ടിപ്പുറപ്പെടുമ്പോൾ അവിടെ ഒന്നിലധികം ദിവസങ്ങൾ തങ്ങുവാനാണ് മാനുഷ വിവേകം എപ്പോഴും ഉപദേശിക്കുക. ഇപ്രകാരം ഒരു ദിവസത്തേക്കെങ്കിലും പിതാവിന്റെ ഹിതം നിറവേറ്റാതെ പോകുന്നതിലെന്താണു തെറ്റ് എന്നു നാം ചോദിച്ചേക്കാം. എന്നാൽ യേശുവിനെ സംബന്ധിച്ച് പിതാവ് തന്നെ ഭരമേല്പിച്ച ദൗത്യം നിറവേറ്റുക എന്നത് ഓരോ ദിവസവും വളരെ പ്രാധാന്യമുള്ളതായിരുന്നു. നാം നമ്മുടെ സമ്പത്തിനെക്കുറിച്ചു കരുതലുള്ളവരായിരിക്കുന്നതുപോലെ യേശുവും തന്റെ സമയത്തെക്കുറിച്ചു വളരെ കരുതലുള്ളവനായിരുന്നു.

"കർത്താവേ ഞാൻ ഒരു ദിവസം പോലും പാഴാക്കാൻ ആഗ്രഹിക്കുന്നില്ല. അങ്ങ് എന്നെക്കുറിച്ച് ആഗ്രഹിക്കുന്ന ഇടത്തു ഞാൻ ഓരോ ദിവസവും ആയിരിപ്പാൻ തക്കവണ്ണം എന്റെ സാഹചര്യങ്ങളെ നിയന്ത്രിക്കേണമേ." ഈ മനോഭാവം നമ്മിലുണ്ടായിരിക്കണം. അതൊരു നല്ല പ്രാർത്ഥനയാണ്. നാം ദൈവത്തിൽ നിന്നും ഒന്നും കേൾക്കുന്നില്ലെങ്കിൽക്കൂടി ദൈവം ആഗ്രഹിക്കുന്നിടത്തു നാം ആയിരിക്കാൻ തക്കവണ്ണം നമ്മുടെ സാഹചര്യങ്ങളെ ക്രമപ്പെടുത്താൻ അവിടുത്തേക്കു കഴിയും. നമുക്കു സുഖകരമായി താമസിക്കുവാൻ കഴിയുന്ന ഒരിടമെന്ന നിലയിൽ ഒരു സ്ഥലത്തെക്കുറിച്ചും ഒരു തിരഞ്ഞെടുപ്പു നടത്തിക്കൂടാ. നാം അവിടെ ആയിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നുവോ എന്നു ദൈവത്തോടു ചോദിക്കുക. അങ്ങനെയെങ്കിൽ ദൈവഹിതം നഷ്ടമാക്കാതിരിക്കാൻ നമുക്കു കഴിയും. നിങ്ങളുടെ ജീവിതാന്ത്യത്തിൽ നിങ്ങൾ ദുഃഖിക്കേണ്ടി വരികയുമില്ല.

*(തുടരും)*

**മൊഴിമാറ്റം: സുജ ഏബ്രഹാം.**

○





**സഹോദരിമാരോട്**

# ആകർഷകമായ വ്യക്തിത്വത്തിന്റെ ഉടമയാകാൻ....

**ആച്ചിയമ്മ കുരുവിള**

**ആ**കർഷകമായ വ്യക്തിത്വം, മുഖസൗന്ദര്യം തുടങ്ങിയവയുടെ ഉടമയാകാൻ നാമെല്ലാം ഇഷ്ടപ്പെടുന്നു. ഒന്നാം നൂറ്റാണ്ടിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. അതിനു തെളിവാണല്ലോ പൗലോസ് അപ്പോസ്തലന്റെ പ്രബോധനം "പിന്നിയ തലമുടി, പൊന്ന്, മുത്ത്...." (1 തിമൊ 2:10)

പത്രപരസ്യങ്ങളിലും മറ്റും ധാരാളം മോഡലുകളെ നാം കാണുന്നു. നന്നേ ഒരുങ്ങിയിട്ടുണ്ട്. പക്ഷേ മുഖത്ത് നിസ്സംഗതയും, നിർവികാരതയും മാത്രം. അല്പം പോലും ആകർഷണീയത അവരിൽ പലരിലും കാണാനില്ല. അപ്പോൾ എന്താണ് നമ്മെ ആകർഷകത്വമുള്ളവരാക്കുന്ന ഘടകം? മുഖപ്രസാദം. പുഞ്ചിരിതൂകുന്ന ഒരു മുഖം. അതേ ആരും കാണാൻ ഇഷ്ടപ്പെടുന്നത് അതാണ്. തിരുവചനം പറയുന്നു, "സന്തോഷമുള്ള ഹൃദയം മുഖപ്രസാദം ഉണ്ടാക്കുന്നു." (സദൃ 15:13) സന്തോഷഭരിതമായ ഒരു ഹൃദയത്തിനുമാത്രമേ മുഖത്തെ പ്രസന്നമാക്കാൻ കഴിയൂ.

'സന്തുഷ്ടഹൃദയം നല്ലൊരു ഔഷധമാകുന്നു' (സദൃ. 17:22) ദൈവത്തോടും മനുഷ്യരോടും നമ്മുടെ എല്ലാ ജീവിതസാഹചര്യങ്ങളോടും ഉള്ള നന്ദിയും സംതൃപ്തിയും നമുക്ക് ഉണ്ടെങ്കിൽ നമ്മുടെ ഹൃദയം സന്തോഷഭരിതമായിരിക്കും. നാം അറിയാതെ തന്നെ നമ്മുടെ മുഖം അത് പ്രതിഫലിപ്പിക്കും. മുഖം മനസ്സിന്റെ കണ്ണാടിയാണല്ലോ.!

പലപ്പോഴും പെയ്ത മഴ കുടിച്ചിട്ട് വ്യത്യസ്ത അനുഭവം മുളപ്പിച്ച ഭൂമിയെപ്പറ്റി തിരുവചനം പരാമർശിക്കുന്നു (എബ്രായർ 6:7,8) ഈ ഭൂമി, വിവിധ വ്യക്തികളെയും അവരുടെ വ്യത്യസ്ത കാഴ്ചപ്പാടുകളെയും അതുമൂലമുളവാകുന്ന അനുഭവങ്ങളെയും പ്രതിനിധാനം ചെയ്യുന്നു. ഈ 'ഭൂമിയുടെ' ഒന്നാമത്തെ കാഴ്ചപ്പാടും അനുഭവവും നോക്കുക. "ദൈവമേ, ധാരാളം അനുഗ്രഹമഴ അങ്ങിൽ നിന്നും എനിക്ക് ലഭിക്കുന്നു. അത് ഞാൻ പ്രാപിച്ച് തൃപ്തനായിരിക്കുന്നു. ഒരു ചാറ്റൽ മഴപോലും യഥാർത്ഥത്തിൽ ഞാൻ അർഹിച്ചിരുന്നില്ല. എന്നാൽ അങ്ങ് എത്ര നല്ലവൻ! ദുഷ്ടനായ എന്റെ മേലും നല്ലവരായ മറ്റുള്ളവരുടെ മേലും അങ്ങ് അനുഗ്രഹമാരി പെയ്യിക്കുന്നു. ദൈവമേ, നന്ദിയാൽ ഇതാ ഞാൻ അങ്ങേയ്ക്കായി അങ്ങേയ്ക്ക് ഹിതകരമായ സസ്യാദികളെ വിളയിക്കുന്നു." ഈ നിലപാടിൽ പിറുപിറുപ്പിന്, അതൃപ്തിക്ക്, അതിമോഹത്തിന്, മോഹഭംഗത്തിന്, ദുഃഖത്തിന് സ്ഥാനമില്ല.' പകരം സ്തോത്രവും സ്തുതിയും അധികം കവിഞ്ഞു വരുന്നു. ഹൃദയം സന്തോഷപൂരിതവും മുഖം പ്രസന്നവും ആയിത്തീരുന്നു. ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കുന്നു. (എബ്രായർ 6:7) യജമാനന്റെ സന്തോഷത്തിലേക്ക് നമ്മെ പ്രവേശി

**പിറുപിറുപ്പിനാലും നന്ദികേടിനാലും അതൃപ്തിയാലും അത്യാഗ്രഹത്താലും വിഷലിപ്തമായ ഈ ഹൃദയം മുഖത്ത് പ്രതിഫലിപ്പിക്കുന്നത് വെറുപ്പും വിദ്വേഷവും മ്ലാനതയും ആയിരിക്കും. സ്തോത്രത്തിൽ കവിഞ്ഞു വരുന്നതിനു പകരം മുറിപ്പെടുത്തുന്ന വാക്കുകൾ!**

പ്പിക്കുന്നതല്ലേ അവന്റെ ഈ അനുഗ്രഹം?

രണ്ടാമത്തെ കാഴ്ചപ്പാടും അനുഭവവും നോക്കുക. "ഞാൻ ഒന്നും പ്രാപിച്ചിട്ടില്ല. അഥവാ വല്ലതും പ്രാപിച്ചെങ്കിൽത്തന്നെ അത് തികച്ചും ശുഷ്കം. സസ്യാദികൾ വിളയിക്കുന്നത് പോയിട്ട് ഒരു പുല്ലുപോലും മുളപ്പിക്കുവാൻ ഇതുവരെ ലഭിച്ച മഴ പര്യാപ്തമല്ല. ഞാൻ ഇതിലും എത്രയോ സമൃദ്ധമായ മഴ (അനുഗ്രഹങ്ങൾ) അർഹിക്കുന്നു. ദൈവം മുഖപക്ഷം കാണിക്കുന്നു. അവൻ വിതയ്ക്കാത്തിടത്തുനിന്നു കൊയ്യുന്ന കഠിനമനുഷ്യൻ തന്നെ. മരുഭൂമിയുടെ അനുഭവമായ മുള്ളും ഞെരിഞ്ഞിലും അല്ലാതെ മറ്റൊന്നും എനിക്ക് മുളപ്പിക്കുവാൻ കഴിയില്ല. അതിനാൽ നിങ്ങൾക്ക് വേദനയും മുറിവും ഉണ്ടാകുന്നുവോ? ഞാൻ അല്ല അതിന് ഉത്തരവാദി.മഴ സമൃദ്ധമായി എനിക്ക് നൽകാഞ്ഞ ദൈവം തന്നെയാണ് അതിന് ഉത്തരവാദി."

പിറുപിറുപ്പിനാലും നന്ദികേടിനാലും അതൃപ്തിയാലും അത്യാഗ്രഹത്താലും വിഷലിപ്തമായ ഈ ഹൃദയം മുഖത്ത് പ്രതിഫലിപ്പിക്കുന്നത് വെറുപ്പും വിദ്വേഷവും മ്ലാനതയും ആയിരിക്കും. സ്തോത്രത്തിൽ കവിഞ്ഞുവരുന്നതിനു പകരം മുറിപ്പെടുത്തുന്ന വാക്കുകൾ!

മുടിയനായ പുത്രന്റെ ഉപമയിൽ (ലൂക്കോസ് 15) ഈ രണ്ടുതരം കാഴ്ചപ്പാടും അനുഭവവും കാണാൻ കഴിയും. അപ്പനിൽ നിന്നും അനുഗ്രഹമാരി ധാരാളം പ്രാപിച്ചിട്ട് അത് മുടിച്ചുകളഞ്ഞ് അനുതാപത്തോടെ മടങ്ങിവരുന്ന ഇളയമകൻ. അവന്റെ ഹൃദയം പറയാൻ വെമ്പൽകൊണ്ടത് എന്തൊക്കെയാണ്? "അപ്പാ, ഞാൻ ഇതാ നിന്നോടും ദൈവത്തോടും പാപം ചെയ്തിരിക്കുന്നു. ഞാൻ ഇനിയും ഒന്നും അർഹിക്കുന്നില്ല. നിന്റെ അനുഗ്രഹമാരി എത്രയധികം ഞാൻ കുടിച്ചു! പക്ഷേ മുടിച്ചു കളഞ്ഞു. നിനക്കായി ഫലം പുറപ്പെടുവിക്കുവാൻ എനിക്കു കഴിഞ്ഞില്ലല്ലോ. നിന്റെ ദയാപൂർണ്ണമായ ഒരു നോട്ടം ഒരു സ്പർശം പോലും (ചാറ്റൽ മഴ) ഇപ്പോൾ എനിക്ക് മഹാമാരി പോലെയാണ്. ഒരു വേലക്കാരനോടെന്നപോലെ എന്നോടു പെരുമാറിയാലും ഞാൻ എത്ര നന്ദിയുള്ളവനായിരിക്കും! അതുപോലും ഞാൻ അർഹിക്കുന്നില്ലല്ലോ?" ഈ നിലപാടും മനോഭാവവും അവന്റെ ഹൃദയത്തെ ആനന്ദപൂർണമാക്കി. അവന്റെ തീരുമാനങ്ങളെ സ്വാധീനിച്ചു. അവന്റെ അവസ്ഥയ്ക്കു ഭേദം വരുത്തി. ആ സന്തോഷം അപ്പനിലും ഭവനത്തിലൊക്കെയും പരന്നു '' നമുക്ക് ഭക്ഷിച്ച് ആനന്ദിക്കാം'' എന്ന അപ്പന്റെ നിർദ്ദേശം ശ്രദ്ധിക്കുക.

അടുത്തതായി മൂത്തപുത്രനെ നോക്കുക. എപ്പോഴും അപ്പന്റെ ഭവനത്തിൽ ജീവിച്ചവൻ. അവിടുത്തെ സമൃദ്ധി, സമ്പന്നത എന്നും ആവോളം അനുഭവിച്ചവൻ, 'അപ്പന്റെ സകലസമ്പത്തിനും അവകാശി എന്നു കരുതപ്പെട്ടവൻ. ധാരാളം 'മഴ' കുടിച്ചവൻ പറയുന്നു "ഞാൻ ഒന്നും പ്രാപിച്ചിട്ടില്ല.





എന്റെ കൂട്ടുകാരുമായി ആനന്ദിക്കേണ്ടതിന് നീ ഒരിക്കലും എനിക്ക് ഒരു ആട്ടിൻകുട്ടിയെ തന്നിട്ടില്ല. അടിമയെപ്പോലെ എത്രയോ വർഷമായി നിനക്കുവേണ്ടി വേലചെയ്യുന്നു! നിന്റെ കല്പനകൾ ഒന്നും ഒരിക്കലും ലംഘിച്ചിട്ടില്ലാത്ത ഞാൻ എത്രയോ അധികം മഴ (അനുഗ്രഹം) അർഹിക്കുന്നു. എന്നാൽ നിങ്കൽ നിന്നും ഒരു ചാറ്റൽ മഴപോലും എനിക്ക് ലഭിച്ചിട്ടില്ല. നീ കഠിനമനുഷ്യൻ. മുഖപക്ഷം കാണിക്കുന്നു. സകലവും മുടിച്ചിട്ട് മടങ്ങി വന്ന എന്റെ അനുജനെ നീ എന്നെക്കാളേറെ സ്നേഹിക്കുന്നു. നിന്റെ സന്തോഷത്തിലേക്ക് എനിക്ക് പ്രവേശിക്കുവാൻ മനസ്സില്ല." അവന്റെ അതൃപ്തിയും നന്ദികേടും നിറഞ്ഞ ഹൃദയം പ്രതിഫലിപ്പിച്ചത് കോപമായിരുന്നു. മരുഭൂമിക്ക് തുല്യമായ വരൾച്ച നിറഞ്ഞ അവന്റെ ഹൃദയം മുളപ്പിച്ച മുള്ളും ഞെരിഞ്ഞിലും അപ്പന്റെ ഹൃദയത്തെ മുറിപ്പെടുത്തി. നന്ദികേടും കുറ്റാരോപണവും പിറുപിറുപ്പും അതൃപ്തിയും മ്ലാനതയും വെറുപ്പും കോപവുമാണ് അവൻ വമിച്ചത്. അപ്പന്റെ അനുഗ്രഹമായ അവന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുവാൻ കഴിയാത്തവണ്ണം ഹൃദയം കടുത്തുപോയി! എത്ര ശോചനീയമായ അവസ്ഥ!

നാം അധിവസിക്കുന്ന ഭൂമിയിലേക്ക് നോക്കുക. ഭൂപ്രകൃതി എല്ലാടവും ഒരുപോലെയല്ല. മഴയുടെ ലഭ്യതയും ഒരുപോലെയല്ല. സൂര്യനുമായുള്ള അടുപ്പം, അകലം, ഭൂമിയുടെ ചെരിവ്, ചലനത്തിലൂടെയുണ്ടാവുന്ന വ്യതിയാനങ്ങൾ എന്നിവയെ ആശ്രയിച്ചാണ് പ്രകൃതി വ്യത്യാസങ്ങൾ. ദൈവം അവന്റെ ജ്ഞാനത്തിൽ സകലവും മനോഹരമായി ചെയ്യുന്നു. അവന് ഗതിഭേദത്താലുള്ള ആച്ഛാദനമില്ല. മുഖപക്ഷവും ഇല്ല. അവനവന്റെ പ്രാപ്തിപോലെയാണ് അവൻ നൽകുന്നത് (മത്തായി 25:15) മാത്രമല്ല, മലയുടെ അനുഭവം മരുഭൂമിയിൽനിന്നും, താഴ്‌വരയുടെ അനുഭവം പീഠഭൂമിയിൽനിന്നും അവൻ പ്രതീക്ഷിക്കുന്നില്ല. മഴയുടെ ലഭ്യതയ്ക്ക് ആനുപാതികമായേ സസ്യാദികളെ വിളയിക്കുവാൻ നമുക്ക് കഴിയുകയുള്ളു എന്ന് അവനറിയാം. പക്ഷേ ഒരു താലന്തുപോലും ലഭിക്കാത്തവരായി ആരുമില്ല.

നമുക്ക് നമ്മെത്തന്നെ ശോധന ചെയ്യാം. നീതിസൂര്യനുമായുള്ള നമ്മുടെ അടുപ്പം, അകലം, എങ്ങനെ? സ്വർഗ്ഗസ്ഥ പിതാവിന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? അതിനുള്ള ഏകവഴി "യേശുവേ, ഞാൻ സകലവും മുടിച്ചുകളഞ്ഞ വ്യക്തി. നിന്റെ കൃപകൾ ധാരാളം പ്രാപിച്ചു; പക്ഷേ പാഴാക്കിക്കളഞ്ഞു. ഞാൻ ഇനിയും ഒന്നും അർഹിക്കുന്നില്ല. അവിടുന്നു ചൊരിയുന്ന ചാറ്റൽ മഴപോലും അത്യന്തം കുളിർമ്മയുള്ളത്! നിന്റെ നോട്ടം പോലും അത്യന്തം കുളിർമ്മയുള്ളത്! നിന്റെ നോട്ടം പോലും എന്നെ തൃപ്തനാക്കുന്നു. നന്ദിയാലും സ്തോത്രത്താലും ഇതാ എന്റെ ഹൃദയം നിറയുന്നു. അവിടുത്തേക്ക് ഹിതകരമായ വിളവ് ഇതാ ഞാൻ വിളയിക്കുന്നു. രക്ഷയുടെ പാനപാത്രം എടുത്ത് നിന്റെ നാമം വിളിച്ചപേക്ഷിക്കുന്നു" (സങ്കീ. 116:12, 13)

ഈ കാഴ്ചപ്പാടും മനോഭാവവും നമ്മുടെ ഹൃദയത്തെ സന്തോഷഭരിതമാക്കും. മുഖപ്രസാദവും അതോടൊപ്പം ഉണ്ടായിവരും. (ദാനിയേൽ 4:34, 36) പിറുപിറുപ്പും മ്ലാനതയും ക്ഷീണവും നീങ്ങിപ്പോകും. ആകർഷകമായ വ്യക്തിത്വത്തിന് നാം ഉടമകളാവും. അതോടൊപ്പം സ്വർഗ്ഗസ്ഥപിതാവിന്റെ സന്തോഷത്തിലേക്ക് നാം പ്രവേശിക്കയും ചെയ്യും.

ചരിത്രകഥ



# മരണത്തെ പേടിയില്ലാത്തവർ

കഥ ഇതുവരെ

*റോമാനഗരം. ആദ്യനൂറ്റാണ്ടിൽ റോമൻചക്രവർത്തിമാരുടെ പീഡനത്തെ ഭയന്ന് ക്രിസ്ത്യാനികൾ രഹസ്യതാവളത്തിൽ കഴിയുന്ന കാലം. റോമിലെ അരീനയിൽ ക്രിസ്തീയവിശ്വാസികൾ മൃഗങ്ങളോട് ഏറ്റുമുട്ടി രക്തസാക്ഷി മരണം വരിക്കുന്നത് റോമൻ പട്ടാളഉദ്യോഗസ്ഥനായ മാർസില്ലസ് തന്റെ സഹപ്രവർത്തകനായ ലൂക്യുല്ലസിനോടൊപ്പം കാണാൻ ഇടയായി. മാർസില്ലസിന് ക്രിസ്ത്യാനികളോട് സഹതാപം തോന്നി. ഇതിനിടെ ക്രിസ്ത്യാനികളെ പിടികൂടി നിയമത്തിനു മുൻപിൽ കൊണ്ടുവരിക എന്ന ദൗത്യം ചക്രവർത്തി മാർസില്ലസിനെ ഏൽപ്പിച്ചു. മാർസില്ലസ് ഒരു കുട്ടിയെ പിന്തുർന്ന് ക്രിസ്ത്യാനികളുടെ ഭൂഗർഭതാവളത്തിൽ എത്തിച്ചേർന്നു. അവിടെ അദ്ദേഹം ക്രിസ്ത്യാനികളെ സംബന്ധിച്ച സത്യങ്ങൾ മനസ്സിലാക്കി. മാർസില്ലസും സുവിശേഷം അംഗീകരിച്ചു...* ***തുടർന്നു വായിക്കുക.***

### അദ്ധ്യായം 4

## വിശ്വാസം ഏറ്റുപറയുന്നു

ആ യുവസൈനികൻതന്റെ മുറി വിട്ടുപോയിട്ട് നാലു ദിവസം കഴിഞ്ഞു.

അവൻ തീരുമാനം എടുത്തുകഴിഞ്ഞിരുന്നു. പാപത്തിന്റെ താത്ക്കാലിക സുഖഭോഗങ്ങളെക്കാളും ദൈവജനത്തോടുകൂടെ കഷ്ടം സഹിക്കുന്നത് അവൻ തിരഞ്ഞെടുത്തു.

അവൻ മടങ്ങിവന്ന് ജനറലിനെ സന്ദർശിക്കുകയും വിവരങ്ങൾ ധരിപ്പിക്കുകയും ചെയ്തു. താൻ ക്രിസ്ത്യാനികളുടെ ഇടയിലായിരുന്നുവെന്നും തന്നെ ഭരമേല്പിച്ച ദൗത്യം തനിക്കു പൂർത്തിയാക്കാൻ കഴിയില്ലെന്നും അതിന്റെ ഭവിഷ്യത്ത് ഏറ്റുവാങ്ങാൻ താൻ തയ്യാറാണെന്നും മാർസില്ലസ് ജനറലിനെ അറിയിച്ചു. തന്റെ താമസസ്ഥലത്തു പോയി നിശ്ശബ്ദനായിരിക്കുവാൻ ജനറൽ അവനെ താക്കീതു ചെയ്തു വിട്ടയച്ചു.

തന്റെ മുറിയിൽ അവൻ ചിന്താമഗ്നനായിരിക്കുമ്പോൾ സുഹൃത്ത് ലൂക്യുല്ലസ് കടന്നുവന്നു.

"ഞാൻ ഇപ്പോൾ ജനറലിനെ കണ്ടിരുന്നു." ലൂക്യുല്ലസ് പറഞ്ഞു. "നിനക്ക് ഒരു സന്ദേശം തന്നയച്ചിട്ടുണ്ട്. പക്ഷേ നീ എന്തൊക്കെയാണ് ചെയ്തതെന്നും ജനറലിനോടു പറഞ്ഞതെന്നും എന്നോട് പറയുമോ?"

മാർസില്ലസ് ഇവിടുന്ന് പുറപ്പെട്ടതു മുതൽ മടങ്ങിവന്ന് ജനറലുമായി കൂടിക്കാഴ്ച നടത്തിയതുവരെ നടന്ന സംഭവങ്ങൾ ഒന്നും മറച്ചുവയ്ക്കാതെ ല്യൂക്യല്ലസിനെ ക്രമമായി വിവരിച്ചു കേൾപ്പിച്ചു. ഒടുവിൽ ജനറലുമായി നടത്തിയ സംഭാഷണത്തിന്റെ വിശദാംശങ്ങൾ മാർസില്ലസ് ഇങ്ങനെ വിവരിച്ചു:





"ജനറൽ എന്നെ ഹാർദ്ദമായി സ്വീകരിച്ചു. കാരണം ഞാൻ എന്റെ അന്വേഷണത്തിന്റെ നിർണ്ണായകമായ ജയം നേടിയെന്ന് അദ്ദേഹം കരുതിക്കാണും. ഞാൻ ഇവിടെനിന്ന് പോയതും ക്രിസ്ത്യാനികളുടെയിടയിൽ ആയിരുന്നതും അവരിൽ ഞാൻ കണ്ടതും അവരോടുള്ള എന്റെ മനോഭാവം മാറ്റുവാൻ ഇടയായതും ഒക്കെ ഞാൻ ജനറലിനോടു വിവരിച്ചു പറഞ്ഞു. ക്രിസ്ത്യാനികൾ രാജ്യത്തിന്റെ ശത്രുക്കളാണെന്നും മരണയോഗ്യരാണെന്നും ഞാൻ വിചാരിച്ചിരുന്നു. എന്നാൽ അവർ രാജ്യത്തോട് കൂറുള്ള പ്രജകളാണെന്നും വിശ്വസ്തരും വിശുദ്ധരുമായ മനുഷ്യരാണെന്നും ഞാൻ കണ്ടെത്തി. ഇത്തരം ആളുകൾക്കെതിരെ ഞാൻ എന്റെ വാൾ പ്രയോഗിക്കില്ല. വാൾ വേണ്ടെന്ന് വയ്ക്കുന്നതായിരിക്കും അതിലുത്തമം" എന്നിങ്ങനെ ഞാൻ ജനറലിനോടു പറഞ്ഞു.

"ഒരു പട്ടാളക്കാരന്റെ വികാരങ്ങൾക്ക് അവന്റെ കർത്തവ്യത്തെ തടയുവാൻ അവകാശമില്ല" ജനറൽ ഇടയ്ക്ക് കയറി പറഞ്ഞു.

"എന്റെ സ്രഷ്ടാവായ ദൈവത്തോടുള്ള കടമയാണ് മനുഷ്യനോടുള്ള കടമയേക്കാൾ പ്രധാനമായി ഞാൻ കാണുന്നത്-ഞാൻ ജനറലിനോടു ധൈര്യത്തോടെ പ്രസ്താവിച്ചു.

"ക്രിസ്ത്യാനികളോടുള്ള അനുകമ്പ നിന്റെ സുബോധം നഷ്ടപ്പെടുത്തിയോ? ഇത് രാജ്യദ്രോഹമാണെന്ന് നീ അറിയുന്നില്ലേ?" ജനറൽ എന്നോടു ചോദിച്ചു. "ഭവിഷ്യത്ത് ഞാൻ ഏറ്റെടുക്കുന്നു". ഞാൻ തലകുനിച്ചുകൊണ്ടു പറഞ്ഞു.

"പമ്പരവിഡ്ഢി" ജനറൽ അലറി. "നിന്റെ ക്വാർട്ടേഴ്സിലേക്ക് പോവുക. എന്റെ തീരുമാനം ഞാൻ അവിടേയ്ക്കു കൊടുത്തയയ്ക്കാം."

"അത്രയും കേട്ടപ്പോൾ ജനറലിനെ കൂടുതൽ ദേഷ്യം പിടിപ്പിക്കരുതെന്നു കരുതി ക്വാർട്ടേഴ്സിലേക്കു വന്ന് എനിക്കുള്ള വിധി എന്തെന്നറിയാൻ ഞാൻ ആകാംക്ഷയോടെ കാത്തിരിക്കുകയായിരുന്നു."-മാർസില്ലസ് തന്റെ സുദീർഘമായ വിവരണം അവസാനിപ്പിച്ചു.

ഇടയ്ക്ക് ഒരു വാക്ക് പോലും ഉരിയാടാതെ മാർസില്ലസ് പറഞ്ഞതു മുഴുവൻ ലൂക്യുല്ലസ് ശ്രദ്ധയോടെ കേട്ടിരിക്കുകയായിരുന്നു. മാർസില്ലസ് പറഞ്ഞ് അവസാനിപ്പിച്ചു കഴിഞ്ഞപ്പോൾ ലൂക്യുല്ലസ് ദുഃഖഭാവത്തിൽ സംസാരിച്ചു:

"ആ വിധി എന്തായിരിക്കുമെന്ന് ഞാൻ അറിയുംപോലെ നിനക്കു അറിയാമെന്ന് ഞാൻ കരുതുന്നു. സാധാരണ സമയങ്ങളിൽ പോലും റോമൻ അച്ചടക്കം വളരെ കർക്കശമാണ്. ഈ സമയങ്ങളിലാകട്ടെ ക്രിസ്ത്യാനികൾക്കെതിരെ ഭരണകൂടം അസാധാരണ ശ്രദ്ധയോടെ ജാഗ്രത പാലിക്കുകയുമാണ്."

"ഞാൻ എന്റെ കാര്യങ്ങൾ നിന്നോട് പറഞ്ഞുകഴിഞ്ഞു."

"എനിക്കറിയാം നീ സത്യസന്ധനും ഉദ്ദേശ്യശുദ്ധിയുള്ള പ്രകൃതക്കാരനും ആണെന്ന്. മാർസില്ലസ്, നിനക്ക് ഈശ്വര ഭക്തിയുള്ള ഒരു മനസ്സുമുണ്ട്. തത്വശാസ്ത്രത്തിന്റെ ശ്രേഷ്ഠമായ ഉപദേശങ്ങളെ നീ സ്നേഹിച്ചിരുന്നു. മുമ്പുള്ളതുപോലെ അതുകൊണ്ടൊക്കെ നിനക്കു തൃപ്തിപ്പെട്ടുകൂടേ? ഈ ക്രൂശിതനായ യഹൂദന്റെ വിചിത്രമായ ഉപദേശത്തിൽ ആകൃഷ്ടനായി എന്തിന് പോകണം?" ലൂക്യുല്ലസ് ചോദിച്ചു.

"നീ പറഞ്ഞ തത്വശാസ്ത്രം എന്നെ ഒരിക്കലും തൃപ്തിപ്പെടുത്തീട്ടില്ല. ക്രിസ്തീയതയെന്നത് ക്രിസ്തു തന്നെ ലോകത്തിലേക്ക് കൊണ്ടുവന്നതും തന്റെ മരണംകൊണ്ടു പൂർണ്ണമാക്കിത്തീർത്തതുമായ ദൈവികസത്യമാണ്."

"ക്രിസ്തുവിശ്വാസം മുഴുവനും

നീയെനിക്ക് വ്യക്തമായി വിവരിച്ചു തന്നുകഴിഞ്ഞു. നിന്റെ ആവേശം കൊണ്ട് അത് വളരെ ആകർഷകമായി ത്തീരുകയും ചെയ്തുവെന്ന് ഞാൻ പറയട്ടെ. അതിന്റെ അനുയായികളെല്ലാം, എന്റെ പ്രിയപ്പെട്ട മാർസില്ലസേ, യഥാർത്ഥത്തിൽ നിന്നെപ്പോലെയായിരുന്നെങ്കിൽ ലോകം അനുഗൃഹീതമാകാൻ ആ വിശ്വാസം സ്വീകരിച്ചാൽ മതിയാകുമായിരുന്നു. പക്ഷേ ഞാനിവിടെ വന്നത് മതത്തെക്കുറിച്ച് ഒരു വാഗ്വാദത്തിനല്ല. നീ തത്വചിന്തയെയോ ക്രിസ്തീയതയെയോ തിരഞ്ഞെടുക്കുന്നത് എന്നതല്ല ഇപ്പോൾ നമ്മുടെ മുമ്പിലുള്ള പ്രശ്നം. നീയൊരു സൈനികനായിട്ടോ ക്രിസ്ത്യാനിയായിട്ടോ തുടരുവാനാഗ്രഹിക്കുന്നത് എന്നതാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഇത് രണ്ടുംകൂടി ഒരേസമയം കൊണ്ടുപോകാൻ കഴിയുകയില്ല. നീയൊരു സൈനികനായി തുടരുവാനാഗ്രഹിക്കുന്നുവെങ്കിൽ നീ ക്രിസ്ത്യാനികൾക്കെതിരെ യുദ്ധം ചെയ്യുകതന്നെ വേണം. നിന്റെ അത്യുൽസാഹമുള്ള പ്രകൃതമെനിക്കറിയാം. അതുകൊണ്ട് ഞാൻ നിനക്കുവേണ്ടി ജനറലിനോടപേക്ഷിച്ചു. നിന്നിലുള്ള സൈനിക ഗുണങ്ങളെ അദ്ദേഹവും ആദരിക്കുന്നുണ്ട്. ചില നിബന്ധനകൾക്ക് വിധേയമായി നിന്നോട് ക്ഷമിക്കുവാനും അദ്ദേഹം തയ്യാറാണ്"–ലൂക്യുല്ലസ് മനസ്സുതുറന്നു.

"അതെന്തൊക്കെയാണ്?"

"കരുണാപൂർവ്വമായ ആദ്യത്തെ നിബന്ധന കഴിഞ്ഞ നാലു ദിവസങ്ങളിലേയും സഭവങ്ങൾ വിസ്മരിക്കണം. അവയെ നിന്റെ ഓർമ്മയിൽനിന്നും പൂർണ്ണമായി നീക്കിക്കളയണം. നിന്റെ ദൗത്യം പുനരാരംഭിക്കണം. നിന്റെ പട്ടാളക്കാരെയും കൂട്ടിക്കൊണ്ടുവന്ന് ആ ക്രിസ്ത്യാനികളെ മുഴുവനും അറസ്റ്റ് ചെയ്യണം"–ലൂക്യുല്ലസ് വ്യക്തമായി പറഞ്ഞു.

"ലൂക്യുല്ലസ്, ഞാനിപ്പോഴും നിന്നെയൊരു സുഹൃത്തിനെപ്പോലെ സ്നേഹിക്കുന്നു." മാർസില്ലസ് കൈകൂപ്പിക്കൊണ്ടു പറഞ്ഞു.: "നിന്റെ വിശ്വസ്തമായ സേവനത്തിന് ഞാൻ നന്ദിയുള്ളവനാണ്. നിനക്ക് അപരിചിതമായ കാര്യങ്ങൾ ഇപ്പോൾ എന്റെയുള്ളിലുണ്ട്. രാഷ്ട്രം എനിക്ക് തരുന്ന എല്ലാ ബഹുമാനങ്ങളെക്കാളും അത് ശക്തിയേറിയതാണ്. അത് ദൈവത്തിന്റെ സ്നേഹമാണ്. അതിനുവേണ്ടി ഞാനെല്ലാം – ബഹുമാനവും പദവിയും എന്റെ ജീവനെത്തന്നെയും–ത്യജിക്കുവാൻ തയ്യാറാണ്. എന്റെയീ തീരുമാനം മാറ്റമില്ലാത്തതാണ്. ഞാനൊരു ക്രിസ്ത്യാനിയാണ്."

ല്യൂക്യുല്ലസ് ഒരു നിമിഷം അത്ഭുതത്തോടും ദുഃഖത്തോടും തന്റെ സ്നേഹിതനെ നോക്കിയിരുന്നു. കുറച്ചു സമയത്തിനുശേഷം അവൻ വീണ്ടും സംസാരിച്ചു. പല വാദമുഖങ്ങളും അവൻ അവതരിപ്പിച്ചു. അതെല്ലാം വിഫലമായി.

"മാർസില്ലസ്, നീ ദുർവിധിയെ ക്ഷണിച്ചുവരുത്തുകയാണ്. ഞാൻ ഒരു സ്നേഹിതനെപ്പോലെ നിന്റെ അവിവേകത്തിൽ നിന്ന് നിന്നെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. അത് വിഫലമായി. അതുകൊണ്ട് ജനറലിന്റെ വിധി ഞാൻ നിനക്ക് കൈമാറുകയാണ്. നിന്നെ നിന്റെ ഉദ്യോഗത്തിൽനിന്നും നീക്കിയിരിക്കുന്നു. ഒരു ക്രിസ്ത്യാനിയെന്ന നിലയിൽ നിന്നെ അറസ്റ്റ് ചെയ്തിരിക്കുന്നു. എങ്കിലും ചില മണിക്കൂറികൾ നിന്റെ മുമ്പിലുണ്ട്. നിന്നെ രക്ഷപ്പെടാൻ സഹായിച്ചുവെന്ന ദുഃഖകരമായ ഒരു സംതൃപ്തിയെങ്കിലും എനിക്കുണ്ടാകട്ടെ."

മാർസില്ലസ് നിശ്ശബ്ദനായി ലൂക്യുല്ലസ് പറഞ്ഞതെല്ലാം കേട്ടു. വാക്കുകളുടെ അർത്ഥം അവനു മനസ്സിലായി. മാർസില്ലസ് തന്റെ ആയുധമെല്ലാം പതുക്കെയെടുത്തുമാറ്റി. തന്റെ സാധാരണ വേഷത്തിൽ തന്റെ സുഹൃത്തിന്റെ





മുമ്പിൽ അവൻ നിന്നു.

"ലൂക്യുല്ലസേ, നിന്റെ വിശ്വസ്തമായ സ്നേഹം എനിക്കൊരിക്കലും മറക്കാൻ കഴിയില്ല എന്ന് വീണ്ടും ഞാൻ നിന്നോട് പറയുന്നു. നാം ഒരുമിച്ച് ഓടിയിരുന്നെങ്കിൽ എന്നു ഞാനാശിക്കുന്നു. എന്നാൽ മതി, ഞാൻ പോകട്ടെ, വിട."

"വിട, മാർസില്ലസ്. നിനക്ക് എന്തെങ്കിലും ആവശ്യം ഉണ്ടാകുമെങ്കിൽ ആരെ ആശ്രയിക്കണമെന്ന് നിനക്കറിയാമല്ലോ."

രണ്ടു യുവാക്കളും പരസ്പരം കെട്ടിപ്പിടിച്ചു. എന്നിട്ട് മാർസില്ലസ് വേഗത്തിൽ നടന്നുപോയി.

(തുടരും)

മൊഴിമാറ്റം: ബോബി ചെറിയാൻ

# യാചകന്റെ നിധി

ഒരു യാചകൻ സ്വർണ്ണപ്പണിക്കാരന്റെ കടയുടെ മുമ്പിൽ തന്റെ ഭിക്ഷാപാത്രം നീട്ടിക്കൊണ്ട് ദയനീയമായി യാചിച്ചു: 'ഈ പാവത്തിന് എന്തെങ്കിലും തരണേ'.

കടയുടമ മേശവലിപ്പിൽ നിന്ന് രണ്ടു രൂപയുടെ ഒരു നാണയം അയാളുടെ ഭിക്ഷാപാത്രത്തിലേക്ക് നീട്ടിയെറിഞ്ഞു. നാണയം പാത്രത്തിൽ വീണ ശബ്ദം കേട്ടപ്പോൾ സ്വർണ്ണക്കടയുടമയ്ക്ക് ഒരു സംശയം. അയാൾ യാചകന്റെ ഭിക്ഷാപാത്രം വാങ്ങി പരിശോധിച്ചു. അഴുക്കു പുരണ്ടു കറുത്ത ആ പാത്രം സ്വർണ്ണപ്പണിക്കാരൻ കഴുകിത്തുടച്ച് വൃത്തിയാക്കിയപ്പോൾ അത്ഭുതം അതൊരു സ്വർണ്ണപ്പാത്രമായിരുന്നു! 'സ്വർണ്ണപ്പാത്രം കൊണ്ടാണോടോ ഭിക്ഷയാചിക്കാൻ നടക്കുന്നത്?' ചോദ്യം കേട്ട് യാചകൻ അമ്പരന്നുപോയി.

കടയുടമ പാത്രം തൂക്കിനോക്കി വിലയിട്ടപ്പോൾ യാചകന് വിശ്വസിക്കാൻ കഴിയാത്ത വലിയൊരു തുകയാണ് കൈയിൽ കിട്ടിയത്. അയാളുടെ അമ്പരപ്പുകണ്ട് കടയുടമ ഈ പാത്രം അയാൾക്ക് എങ്ങനെ ലഭിച്ചു എന്നു ചോദിച്ചു. തന്റെ പിതാവും പൂർവ്വീകരും തലമുറകളായി യാചകരായിരുന്നുവെന്നും പിതാവു മരിച്ചപ്പോൾ അദ്ദേഹം ഉപയോഗിച്ചുകൊണ്ടിരുന്ന ഈ ഭിക്ഷാപാത്രം താൻ എടുത്തതാണെന്നും യാചകൻ മറുപടി പറഞ്ഞു.

നോക്കുക: കൈയിലിരുന്ന പാത്രത്തിന്റെ വില മനസ്സിലാക്കാതെ എത്ര തലമുറ അവർ യാചകരായിത്തന്നെ കഴിഞ്ഞു. ഇന്നും ദൈവം നമുക്ക് ഒരുക്കിയിരിക്കുന്ന അനുഗ്രഹസമൃദ്ധി അറിയാതെ പലരും യാചകരെപ്പോലെ കഴിയുന്നു. ക്രിസ്തുവിൽ നമുക്കുള്ള അനുഗ്രഹങ്ങൾ നാം തിരിച്ചറിയുന്നുവോ? (എഫേ. 1:3)


## 'Now, you can pay your subscription, online!'.

**Jeevamozhikal - Direct Fund transfer Details**

Account Name: **JEEVAMOZHIKAL**
Account No. : 67074193088
Bank & Branch: SBT, Kumaranalloor, Kottayam
Bank IFSC CODE : SBTR0000677

**Note:** Immediately after the fund transfer, kindly email to jeevamozhikal@gmail.com with the **transaction details, your address, phone number and the subscription reference number**.

# ആരാണു ക്രിസ്ത്യാനി? *പേജ് 21 ൽ നിന്ന് തുടർച്ച*

അയാൾ ഒരിക്കലും ശുഷ്കഹൃദയനോ അസന്തുഷ്ടനോ ആയിത്തീരുകയില്ല. ഇതേ കാരണം മൂലം ഒരു പ്രത്യേക ഒരുക്കവും കൂടാതെതന്നെ മറ്റുള്ളവർക്ക് എന്തെങ്കിലും പകർന്നുകൊടുക്കുവാൻ അയാൾക്കു കഴിവുണ്ടായിരിക്കും. യേശു ദൈവത്തിന്റെ അഭിഷിക്തനായിരുന്നതുപോലെ അവിടുത്തെ അനുയായികളും അഭിഷിക്തന്മാർ തന്നെ.

ഒരു ക്രിസ്ത്യാനിയാകുക എന്നുവച്ചാൽ അതാതു കാലഘട്ടത്തിന്റെ പ്രത്യേകാത്മാവിനാൽ സ്വാധീനിക്കപ്പെടാതെ ജീവിക്കുന്നവൻ എന്നാണർത്ഥം. ഓരോ തലമുറയിലും വളരെ പ്രചാരത്തോടെ പടർന്നു വ്യാപിക്കുന്ന ഓരോ വിധ പാപങ്ങൾ ഉണ്ട്. അവ സാമാന്യജനങ്ങൾക്കിടയിൽ വേരൂന്നി വളരുന്നു. ഇതലൊരാത്മാവിന്റെ വ്യാപാരമുണ്ട്. കാലഘട്ടത്തിന്റെ ആത്മാവെന്ന് അതിനെ വിളിക്കാം. വേഷത്തിലും മറ്റും കാണപ്പെടുന്ന ഫാഷനുകൾ ഇതിന്റെ ഒരു ഭാഗമാണ്. ഈ ആത്മാവിനോട് എതിർത്തു നില്ക്കുക വളരെ വിഷമമാണ്. സ്വന്തം ജീവിതത്തിൽ ദൈവത്തിന്റെ ശക്തി അനുഭവിച്ചിട്ടില്ലാത്തവർ എല്ലാവിധത്തിലും ഈ ആത്മാവിന്നധീനരായിത്തീരുന്നു. നദീപ്രവാഹത്തിൽ പൊങ്ങുതടിപോലെ കാലത്തിന്റെ ഒഴുക്കനുസരിച്ച് അവർ ഒഴുകിപ്പോകുന്നു. എന്നാൽ ഒരു യഥാർത്ഥ ക്രിസ്ത്യാനി ഒരു മത്സ്യത്തെപ്പോലെ ഒഴുക്കിനെതിരേ നീന്തുന്നവനാണ്. കാലത്തിന്റെ ദുഷിച്ച അഭിരുചികൾക്കധീനനാകാതെ അയാൾ തന്റെ ശിരസ്സായ ക്രിസ്തു മുഖാന്തരം എല്ലാ നന്മയിലേക്കും നയിക്കപ്പെടുന്നു.

ഒരു ക്രിസ്ത്യാനിയായിരിക്കുക എന്നുവച്ചാൽ നല്ലതും ശരിയുമായ കാര്യങ്ങൾ ചെയ്യുക എന്നതുമാത്രമല്ല, പിന്നെയോ മറ്റുള്ളവർ നമ്മോടു ചെയ്യു്നന എല്ലാ തിന്മകളും സഹിക്കുകയും ക്ഷമിക്കുകയും ചെയ്യുക എന്നു കൂടിയാണ് അതിന്റെ അർത്ഥം. (1 പത്രോസ് 2:12, 23) ഒരു യഥാർത്ഥ ക്രിസ്ത്യാനി സന്തോഷത്തിന്റെയും നന്മയുടേയും സമൃദ്ധിയുള്ളവനാകയാൽ അവന് ദോഷം സഹിക്കുവാൻ കഴിവുണ്ട്. ഈ ലോകത്തിൽ തനിക്കുള്ളതെല്ലാം നഷ്ടപ്പെട്ടാലും അയാൾക്ക് അതു നിസ്സാരകാര്യമാണ്. കാരണം, അയാൾ ക്രിസ്തുവിനോടുകൂടി സ്വർഗ്ഗീയസമ്പത്തുകളിൽ പങ്കുകാരനാണ്. (1 കൊരി 3:21) ക്രിസ്തു ക്രൂരമായ അനീതികൾ സഹിച്ചു. അവിടുത്തോടൊപ്പം കഷ്ടത സഹിക്കുക എന്നത് ക്രിസ്ത്യാനിക്കൊരു ബഹുമതിയാണ് (1 പത്രോസ് 4:16).

താൽക്കാലികമായതിനെയല്ല, നിത്യമായതിനെ അന്വേഷിക്കുന്നവനാണ് ക്രിസ്ത്യാനി. തന്റെ ജീവിതത്തെപ്പറ്റിയും ശരീരത്തിലിരിക്കെ താൻ ചെയ്യുന്ന നന്മയോ തിന്മയോ ആയ എല്ലാറ്റിനെപ്പറ്റിയും ഒരിക്കൽ കണക്കു ബോധിപ്പിക്കേണ്ടവനാണ് താൻ എന്ന ചിന്ത ഒരു ക്രിസ്ത്യാനിക്ക് എപ്പോഴും ഉണ്ടായിരിക്കും. (2 കൊരി. 5:9,10) അതിനാൽ ഭൂമിയിലുള്ളതല്ല, ഉയരത്തിലുള്ളതു തന്നെ അയാൾ അന്വേഷിക്കുന്നു. ഭൂമിയിലല്ല, സ്വർഗ്ഗത്തിൽതന്നെ അയാൾ നിക്ഷേപം സ്വരൂപിക്കുന്നു. ഭൂമിയിൽ താൻ ദരിദ്രനായാലും താൻ മരിക്കുമ്പോൾ നിത്യമായ സൗഭാഗ്യത്തിലേക്കും മഹത്വത്തിലേക്കും താൻ പ്രവേശിക്കുമെന്ന് അയാൾക്കറിയാം.

ദൈവം തന്നോടുകൂടിയുള്ളതുകൊണ്ട് ഒന്നിനെപ്പറ്റിയും ചിന്താകുലമില്ലാത്തവനാണ് ക്രിസ്ത്യാനി. ദൈവത്തിന്റെസംരക്ഷണയിൻ കീഴിൽ പൂർണ്ണസുരക്ഷിതനായി അയാൾ വിശ്രമസുഖമനുഭവിക്കുന്നു. ദൈവത്തിന്റെ അനു





മതി കൂടാതെ അവന്റെ തലയിലെ ഒരു രോമത്തിനുപോലും കേടുവരുത്തുവാൻ ആർക്കും കഴിവില്ലതന്നെ.

ഒരു ക്രിസ്ത്യാനി **സമ്പൂർണ്ണമായ നീതിയും സമ്പൂർണ്ണമായ കാരുണ്യവും** നിറഞ്ഞവനാണ്. നാം മാനസാന്തരപ്പെടുന്ന സമയത്ത് അപ്പോഴും നാം നീതികെട്ടവരായിത്തന്നെ ഇരിക്കുന്നുവെങ്കിലും ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം നീതിയായി കണക്കാക്കപ്പെടുന്നു. എന്നാൽ ഇത് ഒരാരംഭം മാത്രമാണ്, അവസാനമല്ല. അതുകൊണ്ടാണ് താഴെക്കാണുന്ന വചനങ്ങൾ എഴുതപ്പെട്ടിട്ടുള്ളത്: “കർത്താവിന്റെ നാമം ഉച്ചരിക്കുന്നവൻ എല്ലാം അനീതി വിട്ടകന്നുകൊള്ളട്ടെ....നീതിയും വിശ്വാസവും സ്നേഹവും....ആചരിക്കുക....നീതി ചെയ്യുന്നവൻ ഒക്കെയും അവനിൽനിന്നു ജനിച്ചിരിക്കുന്നു (2 തിമൊഥി 2:18, 22. 1 യോഹ. 2:29) തന്റെ എല്ലാ വഴികളിലും നീതി പാലിക്കുന്നവനാണ് ക്രിസ്ത്യാനി. അതിനാൽ കഴിഞ്ഞകാലത്ത് വല്ലതും മോഷ്ടിക്കയോ വല്ല അനീതിയും പ്രവർത്തിക്കയോ ചെയ്ത ഒരുവൻ ക്രിസ്ത്യാനിയായിത്തീരുമ്പോൾ അതെല്ലാം മടക്കിക്കൊടുക്കുകയും താൻ ചെയ്ത തെറ്റിനു പരിഹാരം ചെയ്യുകയും ചെയ്യുന്നു. താൻ ഒരു കടക്കാരനായിരുന്നുവെങ്കിൽ അയാൾ കടം വീട്ടുവാനാരംഭിക്കുന്നു. ഇത് അവഗണിക്കുവാനാവാത്ത കാര്യമാണ്. ഇപ്രകാരം എല്ലാ കാര്യങ്ങളിലും നീതി പ്രവർത്തിക്കാത്ത ആളുകൾ ക്രിസ്ത്യാനികളല്ല; അവർ ഒരു കാലത്തും ദൈവരാജ്യത്തിൽ പ്രവേശിക്കുകയുമില്ല. (1 കൊരി 6:9) കാരുണ്യത്തിന്റെ കാര്യവും ഇതുപോലെ തന്നെയാണ്. ദൈവം മനസ്സലിവുള്ളവനാകയാൽ നാമും മറ്റുള്ളവരോട് തികഞ്ഞ മനസ്സലിവു കാണിപ്പാൻ ബാധ്യസ്ഥരാണ്. മാറ്റമില്ലാത്ത ദൈവികനിയമമാണിത് (യാക്കോബ് 2:13-16 മത്തായി 18: 21-35).

ബോധപൂർവ്വമുള്ള സകല പാപങ്ങളെയും ജീവിതത്തിൽനിന്നു സമ്പൂർണ്ണമായി നീക്കിക്കളഞ്ഞശേഷം ദൈവമുമ്പാകെ വിശുദ്ധനും നിഷ്കളങ്കനും അനിന്ദ്യനുമായി ജീവിക്കുവാനാവശ്യമായ കൃപയും ദൈവശക്തിയും പ്രാപിക്കുന്ന ഒരുവനാണ് ക്രിസ്ത്യാനി. യൂദാ. 24:2 പത്രോസ് 3:14)

അവസാനിമായി, ഒരു ക്രിസ്ത്യാനിയായിരിക്കുക എന്നുവച്ചാൽ മാനുഷികനിലവാരമനുസരിച്ച് അസാധ്യമായ കാര്യങ്ങൾ ചെയ്യുക എന്നാണ് അതിന്റെയർത്ഥം. നന്മയും പൂർണ്ണതയുമുള്ള കാര്യങ്ങൾ ചെയ്യുവാൻ തങ്ങൾ കഴിവില്ലാത്തവരാണ് എന്ന വസ്തുത എല്ലാ മനുഷ്യരുടേയും അനുഭവമാണ്. അങ്ങനെ വരുമ്പോൾ അക്കാര്യത്തിൽ രണ്ടു പോംവഴികളാണുള്ളത്. ഒന്നുകിൽ അതു ചെയ്യാനുള്ള പരിശ്രമം ഉപേക്ഷിക്കുക. (ഇതാണ് മിക്കവരും ചെയ്യാറുള്ളത്) അല്ലെങ്കിൽ അതു സാധിക്കുവാൻ ദൈവത്തിൽ നിന്നുള്ള സഹായം തേടുക. വിശ്വാസം കൂടാതെ ഈ കാര്യത്തിൽ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല. (എബ്രാ. 11:6) ക്രിസ്തുവിലുള്ള വിശ്വാസമാണ് അസാധ്യകാര്യങ്ങൾ സാധിക്കുവാൻ നമുക്കു ശക്തി നൽകുന്നത്. (മത്തായി 17:20; 19:26) ദൈവത്തിന്റെ കൃപകൂടാതെ നന്മയായുള്ളതൊന്നും ചെയ്‌വാൻ എനിക്കു കഴിവില്ല. എന്നാൽ എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു. (ഫിലി 4:13) നമ്മിലേക്കു തന്നെ നോക്കുമ്പോൾ നാം ആശയറ്റവരും നന്നാകാനുള്ള ഒരു സാധ്യതയും ഇല്ലാത്തവരുമാണ്. എന്നാൽ ക്രിസ്ത്യാനികളെന്ന നിലയിൽ ദൈവശക്തിമൂലം സ്വാഭാവികരീതിയിൽ അസാധ്യമായതു ചെയ്യുവാൻ നാം ശക്തരായിത്തീരുന്നു.




# HOW TO UNDERSTAND GOD'S WORD

**Sandeep Poonen**

### Question:

I have three related questions for you about the Bible and growing as a Christian:

1. How do I instruct a non-Christian friend to read and understand the Bible? Even I as a Christian do not understand so much of the New Testament.
2. I have read that the Bible was originally written in Hebrew and Greek. Should I take some courses to learn these languages, so that I can properly understand the Bible?
3. How can I help others know more about God? Is there a particular book besides the Bible that I should also give them?

### Answer:

1. I personally do not think that many who read the entire New Testament for the first time will get a good understanding of the beauty of Christianity.

   But that does not worry me, because having a good knowledge of the Bible is not most important. Because even if folks accurately grasped the main truths of Christianity, this is no guarantee that they will be ***born again***. For example, the Pharisees were a group of people who lived in Jesus' time and were the top experts of the Law of God. But they still could not identify Jesus as the Messiah when He came. They completely missed the Person that all their Scriptures were pointing to.

   So I have learned that WHO reads the Bible is what is most important. I believe that the Holy Spirit will not open the eyes of everybody, but will only open the eyes of a certain kind of people. I heard of one person who just read Genesis 1 and met with God in a real way. Yet, I also know of many others who keep reading the Bible but there is a thick veil over their eyes, so to speak.

   So what kind of person will find life from the Bible? Let me use this analogy to answer this:





   - A 10th grade student reads *Romeo and Juliet*. Then he tries to mimic the style of Shakespeare and is convinced that he too can write poetry like Shakespeare.
   - A PhD student reads *Romeo and Juliet*. Then he makes his expert analysis, marveling at the brilliance of Shakespeare, and probably uncovering meanings that even Shakespeare never intended!
   - Juliet reads *Romeo and Juliet* and she is reminded afresh of Romeo himself. And reading it warms her heart and re-ignites a deep longing for him.

   In the same way,

   - There is the college student who can out-debate anybody about the superiority of Christianity and can maybe even quote whole chapters out of the Bible
   - There are so many Bible schools that educate Bible students by teaching them to be experts in the Greek and the Hebrew. And they use these skills to find all kinds of hidden and subtle nuances of the text – some of which I am convinced even the Holy Spirit never intended! But none of this helps them meet with Jesus in a personal way, because this is not the way to Jesus as described in the Bible.
   - But then there are a few who read the Bible (regardless of degree or pedigree) and are awakened to their desperate need for God by the incredible love and sacrificial life of Jesus.

   So even for us who are Christians, we might have stagnated in our knowledge of God because we have lost that sense of desperate need for God. For myself, I find that I have to guard strongly against losing my hunger for the Person of Jesus – because I am so prone to approach the Bible as one who knows a thing or two about His Word.

   **So "who" the person is that reads the Bible, is most important.**

   That said, I would personally point a seeker or a new believer to read the life of Jesus. So I would suggest one of the gospels (Matthew, Mark, Luke, or John – the first 4 books of the New Testament). The life and the teachings of Jesus are central to our faith, so this is why I would personally begin here.

2. I ***highly discourage*** students from spending ANY TIME AT ALL studying the Hebrew and the Greek. As I have interacted with some Hebrew/ Greek experts, I am not at all envious of their knowledge of the Biblical languages. I really envy those who *know* Jesus intimately (as described in John 17:3). And my personal experience so far has been this: *Many people who pursue a depth of knowledge of Hebrew and Greek seem to lose their passionate and singular devotion to the Person of Jesus.*

   And then on the flip side, I have interacted with cobblers, carpenters, and stay-at-home mothers who had no access to in-depth Bible studies, but

whose heart of devotion to Jesus in their secret life and whose attitude towards their own sins, put me to shame. And God has clearly revealed Himself to them in ways that the scholars just can't replicate. I see strong reflections of the Divine in these simple people that I covet. So I choose to follow the path they chose: total and pure devotion to Jesus.

So I would say that to you too. Waste none of your time on the Greek and the Hebrew. Focus on staying close to Jesus from day to day – and obeying Him in the simple commands of His. And if you want to know a place to start, I would suggest the Beatitudes – Matthew 5:1-12. Meditate much on just these words of Jesus, and try to whole-heartedly obey them. I guarantee you that simply trying to live out these few verses will keep you busy for quite a while!

3. In order to help others know Jesus, I would not point first to a book. With the folks that have asked me for the next step with Jesus in their lives, I give them this one verse: *1 Corinthians 11:1 – Be imitators of me, just as I also am of Christ*.

So I should live my life in a way that others can imitate me as a helpful start of how to imitate Jesus. And so, if they find that I am not a faithful imitator of the Jesus of the Bible (as they get to know me and my heart), then they should quickly leave me but still seek out somebody who is pursuing Jesus more fully and more passionately.

I am reminded of the story in the Bible when an Ethiopian was reading the Scriptures, and the apostle Philip asked him whether he understood what he read. The Ethiopian replied: *Well, how could I, unless someone guides me*? (Acts 8:31)

**The world is in dire need of Christians who know how to guide others. The world does not need more Christian how-to guidebooks.**

So the world needs sheep who can act as guides to the younger lambs:

- By their non-negotiable devotion to the Person of Jesus in their innermost hearts (not minds or actions primarily)
- By their worship – living a life of reverence before a most Holy God
- By demonstrating the authority of Jesus in their lives (which in turn can only come from a fully surrendered life)
- By being ordinary and normal people in their day-to-day lives, but yet raising their families to live wholly for another King

So may we be people such as these. The harvest is plentiful, but the laborers are few. So I pray that the Lord will give you wisdom and grace as you desire to represent Jesus to others.

(please mail your genuine doubts to: **sandeep@poonen.org**)





ഇത്തിരിവെട്ടം

# യാഥാർത്ഥ്യത്തിനുവേണ്ടിയുള്ള അന്വേഷണവും രക്ഷയും

സാധുസുന്ദർ സിങ്

**വി**ദൂരദേശക്കാരായ കിഴക്കുനിന്നുള്ള ജ്ഞാനികൾ നീതിയിൻ സൂര്യന്റെ നക്ഷത്രത്താൽ വഴിനടത്തപ്പെട്ടു. ദൂരദേശത്തുനിന്നു വന്ന ഈ മനുഷ്യർ നീതിയിൻ സൂര്യനെ കണ്ടു വന്ദിച്ച് അവരുടെ ഹൃദയാഭിലാഷം സാധിച്ചു. എന്നാൽ അവന്റെ സ്വന്തജനമായ യെഹൂദന്മാരാകട്ടെ, അവനെ തള്ളിക്കളഞ്ഞു കുരിശിലേറ്റുകയും, അനുഗ്രഹം നഷ്ടപ്പെടുത്തുകയും ചെയ്തു.

കിഴക്കും പടിഞ്ഞാറുമുള്ള ജനങ്ങൾ യാഥാർത്ഥ്യം എന്താണെന്നന്വേഷിച്ച് അവന്റെയടുക്കൽ വരികയും അവനെക്കണ്ടു പൂർണആത്മാവോടും പൂർണ മനസ്സോടും കൂടി വന്ദിച്ച് അവന്റെ പാദാന്തികത്തിൽ സ്വയമർപ്പിക്കുകയും ചെയ്യുന്നു. ഈ യാഗം മൂലം അവന്റെ രാജ്യത്തിൽ നിത്യജീവന് അവർ അവകാശികളായിത്തീരുന്നു. നേരെ മറിച്ച്, ഒരുവിധത്തിൽ പറഞ്ഞാൽ തന്റെ സ്വന്തജനമായ 'ക്രിസ്ത്യാനികൾ' വാക്കിലും പ്രവൃത്തിയിലും അവനെ നിരാകരിച്ച് അവർണനീയമായ നഷ്ടം സഹിക്കുന്നു.

ക്രിസ്തുവിന്റെ ഉപദേശങ്ങൾ കേൾക്കുന്നതിനോ, അവന്റെ അത്ഭുത പ്രവൃത്തികൾ, കുരിശുമരണം, പുനരുത്ഥാനം, സ്വർഗാരോഹണം ഇവ കാണുന്നതിനോ വേണ്ടി ജ്ഞാനികൾ താമസിച്ചില്ല. തന്മൂലം ലോകത്തിനു നൽകുവാൻ അവർക്കു ദൂതുകളൊന്നുമില്ലായിരുന്നു. കർത്താവിന്റെ അനുഗ്രഹദായകമായ കൂട്ടായ്മയിൽ ജീവിക്കുകയോ, അവന്റെ ജീവദായകമായ രക്ഷാശക്തി അനുഭവിക്കുകയോ ചെയ്യാത്തവരായി ചില സത്യാന്വേഷികളുണ്ട്. ലോകത്തിനു നൽകുവാൻ അവർക്കു ദൂതുകളൊന്നുമില്ല.

2. 'അങ്ങനെ ഉള്ളവന് ഏവനും ലഭിക്കും; അവനു സമൃദ്ധിയും ഉണ്ടാകും; ഇല്ലാത്തവനോടോ, ഉള്ളതും കൂടെ എടുത്തുകളയും' (മത്തായി 25:29).

ഒരു മനുഷ്യന്റെ പക്കൽ ഒന്നുമില്ലെങ്കിൽ അവനിൽ നിന്നു എടുത്തുകളയാൻ എന്തുള്ളു? സ്വയം അവഗണന മൂലം എല്ലാം എടുക്കപ്പെട്ടുപോയ ഒരാൾക്ക് എന്തെങ്കിലും താലന്തുകളോ ഉത്തരവാദിത്വമുള്ള ജോലിയോ ഇല്ലായിരിക്കാം. എന്നാൽ യഥാർത്ഥവും അയഥാർത്ഥവുമായതു തമ്മിൽ തിരിച്ചറിയുന്നതിനുള്ള കഴിവെങ്കിലും അവനിൽ അവശേഷിച്ചിട്ടുണ്ടായിരിക്കും. പ്രായോഗക്ഷമമാകാത്തതിനാൽ ഈ വിവേചനശക്തിപോലും അവനിൽ നിന്ന് എടുത്തുകളയും. അതിനുശേഷം അവന്റെ മനസ്സാക്ഷി മരവിച്ചതും മൃതവുമായിത്തീരുന്നു. അവനിൽ ഒന്നും തന്നെ അവശേഷിച്ചിട്ടില്ല.

3. അതീവ ലോലമായ ശാസ്ത്രോപകരണങ്ങളുപയോഗിച്ചു ലോകത്തിൽ ജീവന്റെ ഉൽപത്തി കണ്ടുപിടിക്കാനുദ്യമിക്കുന്നവർ എല്ലാ ജീവന്റെയും ഉൽപത്തി ദൈവമാണെന്നു വിശ്വസിക്കുന്നതിനു പകരം ഉൽക്കകളിൽനിന്നു ജീവന്റെ പരമാണുക്കൾ നിപതിച്ചു എന്ന കേവലം അസാധ്യകാര്യം പറയുവാൻ തക്കവണ്ണം വിവേചന ശക്തി അത്രയ്ക്കു മൃതമായിത്തീർന്നിരിക്കു

**ഒരു മനുഷ്യൻ പാപത്തിൽ വീണ് എത്ര കണ്ട് അധഃപതിച്ചാലും അവൻ സത്യത്തെ ഇഷ്ടപ്പെടുകയും ആസ്വദിക്കുകയും ചെയ്യുന്നു. ഒരു അസത്യവാദി കള്ളം പറഞ്ഞേക്കാമെങ്കിലും മറ്റുള്ളവർ കള്ളം പറയുന്നത് അവനിഷ്ടമില്ല. ഒരാൾ എത്ര നീതികെട്ടവനാണെങ്കിലും മറ്റുള്ളവർ നീതികേടു കാണിക്കുന്നത് അവനിഷ്ടമില്ല. സത്യം, നീതി ഇവയ്ക്കു വേണ്ടിയുള്ള ആഗ്രഹവും അവ ആസ്വദിക്കുന്നതിനുള്ള വാഞ്ഛയും സ്വയമറിയാതെതന്നെ അവരുടെ സ്വഭാവത്തിൽ കുടികൊള്ളുന്നു എന്നത്രേ ഇതിന്റെയത്ഥം.**

ന്നു. ഭൂമിയിലെ മൃതപദാർത്ഥങ്ങൾ ജീവൻ ഉല്പാദിപ്പിക്കാൻ അസമർത്ഥങ്ങളാണെങ്കിൽ ഭൂമിയിൽ കാണപ്പെടുന്ന പദാർത്ഥങ്ങൾ കൊണ്ടുതന്നെ നിർമിതമായ ഉൽക്കകൾക്കു ജീവൻ ഉത്പാദിപ്പിക്കുവാൻ എങ്ങനെ സാധിക്കും? ഉൽക്കകളിലെയും ഭൂമിയിലെയും പദാർത്ഥങ്ങൾ വിഭിന്നമാണെങ്കിൽ ഉൽക്കകളിൽ നിന്ന് ഉദ്ഭൂതമായ ജീവനു വിഭിന്ന പരിസരങ്ങളോടുകൂടിയ ഭൂമിയിൽ എങ്ങനെ വളരുവാൻ സാധിക്കും? ചൂടുള്ള വെള്ളത്തിലും തണുത്തുറഞ്ഞ വെള്ളത്തിലും ജീവപ്രാണികളുണ്ടെന്നുള്ളത് ഒരു സത്യമത്രേ. ചൂടുവെള്ളമുള്ള അരുവികളിൽ ജീവജാലങ്ങൾ കാണപ്പെടുന്നില്ലേ?

ദൈവത്തിന്റെ സൃഷ്ടിപരസാമീപ്യത്തിന്റെ ഫലമാണിത്. എല്ലാ അവസ്ഥകളിലും ദൈവം ജീവൻ ഉല്പാദിപ്പിക്കുന്നു.

4. സത്യം അല്ലെങ്കിൽ യഥാർത്ഥ്യം അറിയപ്പെടുന്നത് അതിന്റെ ഫലം കൊണ്ടാണ്. യാഥാർത്ഥ്യത്തിന് അനുയോജ്യമായി പ്രവർത്തിക്കുന്നവർ, അപ്രകാരം പ്രവർത്തിക്കുന്നതു മൂലം അതിന്റെ ഫലവും ഭാവിയിൽ ആത്യന്തിക സൽഗുണങ്ങളും ആസ്വദിക്കും. യാഥാർത്ഥ്യത്തിനു മാത്രമേ ആത്മാവിന്റെ അഭിവാഞ്ഛയെ തൃപ്തിപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

ഒരു മനുഷ്യൻ പാപത്തിൽ വീണ് എത്ര കണ്ട് അധഃപതിച്ചാലും അവൻ സത്യത്തെ ഇഷ്ടപ്പെടുകയും ആസ്വദിക്കുകയും ചെയ്യുന്നു. ഒരു അസത്യവാദി കള്ളം പറഞ്ഞേക്കാമെങ്കിലും മറ്റുള്ളവർ കള്ളം പറയുന്നത് അവനിഷ്ടമില്ല. ഒരാൾ എത്ര നീതികെട്ടവനാണെങ്കിലും മറ്റുള്ളവർ നീതികേടു കാണിക്കുന്നത് അവനിഷ്ടമില്ല. സത്യം, നീതി ഇവയ്ക്കുവേണ്ടിയുള്ള ആഗ്രഹവും അവ ആസ്വദിക്കുന്നതിനുള്ള വാഞ്ഛയും സ്വയമറിയാതെതന്നെ അവരുടെ സ്വഭാവത്തിൽ കുടികൊള്ളുന്നു എന്നത്രേ ഇതിന്റെയത്ഥം. തങ്ങളുടെ സ്വഭാവത്തിനും തങ്ങളെ സൃഷ്ടിച്ചതായ സത്യത്തിനും വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം, സത്യത്തിനെതിരായി വർത്തിക്കുന്നവർ കഷ്ടതയനുഭവിക്കും.

5. സത്യത്തിനു പല ഭാവങ്ങളുണ്ട്. ഓരോരുത്തനും ദൈവദത്തമായ കഴിവനുസരിച്ച് സത്യത്തിന്റെ ഭിന്നഭാവങ്ങൾ വെളിപ്പെടുത്തുകയും ബഹിർമുഖമാക്കുകയും ചെയ്യുന്നു. ഒരു വൃക്ഷം, ചിലർക്ക് അതിന്റെ ഫലം കൊണ്ടും മറ്റു ചിലർക്ക് അതിന്റെ സുന്ദരമായ പുഷ്പംകൊണ്ടും പ്രിയങ്കരമായിത്തീരുന്നു. വൃക്ഷത്തിന്റെ ഏതു ഭാവമാണോ തങ്ങൾക്കു പ്രിയങ്കരമായിരിക്കുന്നത് അതു മനുഷ്യൻ ആസ്വദിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നു.

തത്ത്വജ്ഞാനി, ശാസ്ത്രജ്ഞൻ, കവി, ചിത്രകാരൻ ആദ്ധ്യാത്മികദർശകൻ-ഇവരെല്ലാം തന്നെ അവരവരുടെ കഴിവും സ്വഭാവരീതിയുമനുസരിച്ചു യാഥാർത്ഥ്യത്തിന്റെ ഭിന്നഭാവങ്ങളിൽ തങ്ങളെ സ്വാധീനിച്ചിട്ടുള്ളത് ഏതോ അതിനെ നിർവചിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നു. യാഥാർത്ഥ്യ





ത്തിന്റെ എല്ലാ ഭാവങ്ങളും വിശദീകരിക്കത്തക്ക വിധത്തിൽ യാതൊരു മനുഷ്യനും യാഥാർത്ഥ്യത്തിന്റെ സർവാശ്ലേഷ ദർശനമുണ്ടായിരിക്കുന്നതല്ല.

6. ഒരു വസ്തുത യഥാർത്ഥമോ അല്ലയോ എന്നു കണ്ടുപിടിക്കുന്നതിന് അതിന്റെ എല്ലാ വശങ്ങളിൽ നിന്നും നോക്കേണ്ടതാണ്. ഋജുവായ ഒരു കമ്പിന്റെ ഒരറ്റത്തേക്കു മാത്രം ഒരു കണ്ണുകൊണ്ടു നോക്കുമ്പോൾ ആ കമ്പിന്റെ നീളം എന്താണെന്നു നമുക്കു മനസ്സിലാകയില്ല. ആ കമ്പനിയെപ്പറ്റി ശരിയായ ധാരണ ഉണ്ടാകണമെങ്കിൽ അതിനെ ഭിന്നവശങ്ങളിൽനിന്നു കാണേണ്ടതാണ്.

**അമ്മയെപ്പറ്റി താൻ ചിന്തിക്കുന്നതിനു മുമ്പു തന്നെ അഗാധമായ മാതൃസ്നേഹത്തോടെ അമ്മതന്നെ അന്വേഷിക്കുവാൻ തുടങ്ങിയെന്നു നഷ്ടപ്പെട്ടു പോയ ഒരു കുട്ടി അവന്റെ അമ്മയുടെ മടിയിൽ കയറിയിരുന്ന ശേഷം മനസ്സിലാക്കുന്നു. ഇതുപോലെ യാഥാർത്ഥ്യത്തിനുവേണ്ടി അന്വേഷിക്കുന്ന ഒരാൾ അതു നേടിയ ശേഷം താൻ അന്വേഷണം ആരംഭിക്കുന്നതിനു മുൻപേ തന്നെ യാഥാർത്ഥ്യമായ ദൈവം തന്നെ അന്വേഷിച്ചു തുടങ്ങിയിരുന്നു എന്നു മനസ്സിലാക്കുന്നു.**

അമ്മയെപ്പറ്റി താൻ ചിന്തിക്കുന്നതിനു മുമ്പു തന്നെ അഗാധമായ മാതൃസ്നേഹത്തോടെ അമ്മതന്നെ അന്വേഷിക്കുവാൻ തുടങ്ങിയെന്നു നഷ്ടപ്പെട്ടു പോയ ഒരു കുട്ടി അവന്റെ അമ്മയുടെ മടിയിൽ കയറിയിരുന്ന ശേഷം മനസ്സിലാക്കുന്നു. ഇതുപോലെ പൂർണ്ണ മനസ്സോടും പൂർണ്ണ ആത്മാവോടും കൂടി യാഥാർത്ഥ്യത്തിനുവേണ്ടി അന്വേഷിക്കുന്ന ഒരാൾ അതു നേടിയ ശേഷം താൻ അന്വേഷണം ആരംഭിക്കുന്നതിനു മുൻപേതന്നെ യാഥാർത്ഥ്യമായ ദൈവം തന്നെ അന്വേഷിച്ചു തുടങ്ങിയിരുന്നു എന്നു മനസ്സിലാക്കുന്നു.

7. രക്ഷ ലഭിക്കുന്നതിന് അനുതാപം ആവശ്യമാണ്. എന്നാൽ, ദൈവത്തിന്റെ കൃപയാൽ പാപങ്ങൾ മോചിക്കപ്പെടുന്നില്ലെങ്കിൽ അനുതാപം കൊണ്ടു മാത്രം പാപികൾക്കു രക്ഷ ലഭിക്കുകയില്ല. ഞാനൊരു കല്ലെടുത്ത് എറിഞ്ഞതുമൂലം ഒരു മനുഷ്യൻ മരണമടയുകയും അതിനുവേണ്ടി ഞാൻ അനുതപിക്കുകയും ചെയ്യുന്ന പക്ഷം മേലാൽ ഈ മാതിരി മടയത്തരത്തിൽ നിന്നു തടയുന്നതിന് അനുതാപം എന്നെ സഹായിക്കും. എങ്കിലും ഞാൻ വരുത്തിവച്ച വിനാശം മാറ്റുന്നതിനോ, മരിച്ചുപോയ മനുഷ്യന്റെ ജീവൻ തിരികെ കൊണ്ടുവരുന്നതിനോ സാധ്യമല്ല. എനിക്കു മാപ്പുതരാനും, പെട്ടെന്നുള്ള മരണംമൂലം നേരിട്ട നഷ്ടം മരണാനന്തരജീവിതത്തിൽ നികത്തിയെടുക്കുവാനുള്ള അവസരം ആ മനുഷ്യനു നൽകുന്നതിനും ദൈവത്തിനു മാത്രമേ സാധിക്കുകയുള്ളൂ.

8. മനുഷ്യന്റെ ആന്തരികാവശ്യങ്ങളും നിലപാടുകളും മനസ്സിലാക്കുന്നതിനും, പാപക്ഷമയുടെയോ, ശിക്ഷയുടെയോ, പരിണിതഫലം എന്തായിരിക്കുമെന്ന് അറിയുന്നതിനും ദൈവത്തിനു മാത്രം കഴിവുള്ളതിനാൽ, നീതിപൂർവമായി രക്ഷയോ ശിക്ഷയോ നല്കുന്നതിനും അവിടുത്തേക്കു മാത്രമേ സാധിക്കുകയുള്ളൂ. തെറ്റുകാരന്റെ മനസ്സിലുള്ള ആവശ്യങ്ങളും അന്തർഗതങ്ങളും എന്താണെന്ന് അറിഞ്ഞുകൂടാത്തതുകൊണ്ട് മനുഷ്യൻ ശിക്ഷ നല്കുമ്പോൾ, ശിക്ഷയുടെ ഉദ്ദേശ്യം പലപ്പോഴും നിറവേറുന്നില്ല. ശിക്ഷ ചിലപ്പോൾ നന്മയ്ക്കു പകരം ദോഷം ചെയ്തേക്കാം; എന്നാൽ മാപ്പ്, തെറ്റുകാരെ നവീകരിക്കത്തക്ക മായാശക്തിയുള്ളതാണ്. ചിലരുടെ കാര്യത്തിൽ, മാപ്പു നൽകൽ കൂടുതൽ തെറ്റു ചെയ്യുന്നതിനുള്ള അവസരം കൊടുക്കുന്നു.

അത്തരക്കാരെ നന്നാക്കിയെടുക്കാൻ ശിക്ഷ ആവശ്യമാണ്. മനുഷ്യരുടെ യഥാർത്ഥ പ്രകൃതി എന്താണെന്നു ദൈവത്തിനു മാത്രമേ അറിഞ്ഞുകൂടൂ. പാപകാരണങ്ങളിൽനിന്നും, അതിന്റെ ഭവിഷ്യൽ ഫലത്തിൽനിന്നും ഓരോരുത്തരുടെ ആവശ്യമനുസരിച്ചു ദൈവം രക്ഷ നൽകുന്നു.

9. യഥാർത്ഥവും നിത്യവുമായ സന്തോഷം നേടുക എന്നുള്ളതാണ് ആത്മാവിന്റെ ലക്ഷ്യം. പാപം മുതലായ തെറ്റായ മാർഗ്ഗങ്ങളിൽക്കൂടി ഈ ലക്ഷ്യം സാധിക്കുന്നതിനുള്ള ശ്രമം, സന്തോഷം അനുഭവിക്കുന്നതിനുള്ള ആത്മാവിന്റെ കഴിവിനെ നശിപ്പിക്കുന്നതിനു കാരണമാകുന്നു. ഈ കഴിവു നിരാകരിക്കുന്നതും ദുരുപയോഗപ്പെടുത്തുന്നതും മൂലം കഴിവു നശിക്കുന്നതിനിടയാകുന്നു. ഈ ശക്തികളും കഴിവുകളും സന്തോഷാനുഭവത്തിനുള്ള ത്രാണിയും തന്റെ സ്നേഹംമൂലം നമ്മിൽ സൃഷ്ടിച്ചതായ ദൈവം അവന്റെ കൂട്ടായ്മയിൽ നാം നിത്യഭാഗ്യം അനുഭവിക്കണമെന്ന് ആഗ്രഹിക്കുന്നു. ഇതത്രേ രക്ഷ എന്നു പറയുന്നത്.

10. യഥാർത്ഥത്തിൽ താൻ എന്താണോ അതിനെക്കാൾ കേമനാണെന്നു നിഗളി ചിന്തിക്കുന്നതിനാൽ, നിഗളം ഒരു പാപമത്രേ. നിഗളി ദൈവകൃപ നഷ്ടപ്പെടുത്തി, പാപത്തിൽ വീണു തന്റെ ആത്മാവിനെ നശിപ്പിക്കുന്നു. സത്യവിരോധം സത്യത്തിനെതിരാകയാൽ സത്യവിരോധം പാപമാണ്. അസത്യവാദി തന്നോടുതന്നെ കള്ളം പറഞ്ഞു തുടങ്ങുന്നു. സ്വന്തം ആന്തരിക ബാഹ്യചേതനകളെത്തന്നെ, അവയുടെ നിജസ്ഥിതിയെപ്പറ്റി സ്വയം സംശയം തോന്നുകയാൽ അവൻ വിശ്വസിക്കാതെ വരുന്നു. ഒടുവിൽ, ദൈവത്തിന്റെ സ്നേഹത്തെയും കൃപയെയും പറ്റിത്തന്നെ അവൻ സംശയിച്ചു തുടങ്ങുകയും അവന്റെ ആത്മീയ ജീവിതവും ദൈവത്തിന്റെ സമൃദ്ധമായ അനുഗ്രഹങ്ങളും നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. സ്രഷ്ടാവിനെ വിട്ട് സൃഷ്ടിയിൽ ദുരാഗ്രഹി സംതൃപ്തി നേടുന്നതിനാൽ ദുരാഗ്രഹം പാപമാണ്. കുടുംബങ്ങൾ ശിഥിലമാക്കി വിശുദ്ധിയെയും ജീവിതത്തെത്തന്നെയും നശിപ്പിക്കുന്നതിനാൽ വ്യഭിചാരം പാപമാണ്. മോഷ്ടാവു മറ്റുള്ളവരുടെ സമ്പാദ്യം തട്ടിപ്പറിക്കുന്നതിനാൽ മോഷണവും പാപമത്രെ. മറ്റുള്ളവരുടെ ചേതത്തിൽ മോഷ്ടാവ് ആനന്ദമടയുന്നു. സ്വർഗ്ഗത്തിൽ മാലാഖമാരുടെ ഇടയിലെന്നപോലെ ഭൂമിയിൽ നമ്മുടെ ഇടയിലും ദൈവേഷ്ടം നടക്കുന്നതിന് ഇവയെക്കുറിച്ചും മറ്റുള്ള എല്ലാ പാപങ്ങളെക്കുറിച്ചും നാം അനുതപിച്ച് രക്ഷ പ്രാപിക്കേണ്ടതാവശ്യമാണ്.

11. പരിണാമസിദ്ധാന്തത്തിൽ വിശ്വസിക്കുന്ന ശാസ്ത്രജ്ഞന്മാരും തത്വജ്ഞാനികളും 'അതിശക്തിയുള്ളത് (പ്രകൃതി തെരഞ്ഞെടുക്കുന്നതനുസരിച്ച്) അതിജീവിക്കുന്നു' എന്നു വിശ്വസിക്കുന്നു. എന്നാൽ ലക്ഷോപലക്ഷം ജനങ്ങളുടെ ജീവിതത്തിൽ വന്ന വ്യത്യാസം തെളിയിക്കുന്നതായി ദൈവത്തിന്റെ തെരഞ്ഞെടുപ്പിൽ ശക്തിയില്ലാത്തവ (അതായതു പാപികൾ) അതിജീവിക്കുന്നു എന്ന വേറൊരു വലിയ സത്യമുണ്ട്. മദ്യപാനികൾ, വ്യഭിചാരികൾ, കൊലപാതകികൾ, പിടിച്ചുപറിക്കാർ എന്നിവർ പാപത്തിന്റെയും കഷ്ടപ്പാടുകളുടെയും അഗാധതലങ്ങളിൽ നിന്ന് ഉദ്ധരിക്കപ്പെട്ടു സമാധാനത്തിന്റെയും സന്തോഷത്തിന്റെയും പുതുജീവനിലേക്കു കടന്നിട്ടുണ്ട്. പാപികളെ രക്ഷിക്കാനായി ഈ ലോകത്തിലേക്കു വന്ന യേശുക്രിസ്തുവിൽക്കൂടിയുള്ള രക്ഷ ഇതാണ്. 'ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ; ആ പാപികളിൽ ഞാൻ ഒന്നാമൻ' (1 തിമോ. 1:15)

# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ 6: 68)*

വാല്യം 8 ഡിസംബർ 2010 ലക്കം 12



**എഡിറ്റോറിയൽ ബോർഡ്**

**ജോജി ടി. സാമുവൽ** (കോട്ടയം)
**ജോസ് മാത്യു** (തിരുവനന്തപുരം)
**മാത്യു ജോർജ്** (തിരുവല്ല)
**ബോബി ചെറിയാൻ** (റാന്നി)
**സാജു ജോസഫ്** (ആലപ്പുഴ)
**മാനേജർ**
**ജേക്കബ് മാത്യു** (കായംകുളം)



**വാർഷിക സംഭാവന**

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :

**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള – 686 016,
ഫോൺ: 0481 – 2392753,
9495234087, 9249516234
e-mail : jeevamozhikal@gmail.com
www.jeevamozhikal.org




**വിദേശപ്രതിനിധികൾ**

**U.S.A - Binoy James**
Phone: 512990-2808(R) 512826-5028(O)
Email: benoyjames@hotmail.com
**DUBAI - Shabu Kuruvilla**
Phone: 050-7970839
E-mail: skuruvi@gmail.com


മൊഴിമുത്ത്

## മാനസാന്തരത്തിന്റെ അർത്ഥം




പൂർണഹൃദയത്തോടെ ദൈവനീതിയോട് പറ്റിച്ചേർന്ന് എന്നെ പരിശോധിക്കുന്നതാണ് മാനസാന്തരം. ദൈവത്തിലും ദൈവവ്യവസ്ഥയിലും വിശ്വാസം അർപ്പിക്കാതെ മാനസാന്തരപ്പെടുവാൻ സാധ്യമല്ല. ദൈവത്തിന്റെ നീതിയെ പൂർണഹൃദയത്തോടെ അംഗീകരിക്കുകയും നമ്മെത്തന്നെ പരിശോധിക്കുകയും ചെയ്യുകയല്ലാതെ മറ്റെന്താണ് മാനസാന്തരം? ദൈവത്തിലും ദൈവം ആവശ്യപ്പെടുന്ന കാര്യങ്ങളിലും വിശ്വാസം അർപ്പിക്കാതെ അവിടുത്തേക്കു കീഴടങ്ങുവാനും അസാധ്യം തന്നെ. വിശ്വാസം കൂടാതെ ദൈവത്തെ സ്നേഹിക്കുവാനും സാധ്യമല്ല. 'വിശ്വാസമാണ് ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി' എന്നു ക്രിസ്തു നൽകിയ ഉത്തരം എത്ര ശരിയാണ്!

ചാൾസ് ഫിന്നി

## പ്രാർത്ഥനയുടെ പട്ടം

A **Joyful 'toon** by Mike Waters




നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു. *(യാക്കോബ്. 5:16)*

## Standing at the judgement seat of Christ

(2 Corin. 5:10: 1 Cori. 3:13-15)

When I stand at the Judgement-seat of Christ
And He shows me His plan for me,
The plan of my life as it might have been
Had He had His way, and I see-

How I blocked Him here and I checked Him there
And I would not yied my will.
Will there be grief in my Saviour's eyes-
Grief, though He loves me still?

He would have me rich, and I stand there poor
Stripped of all but his grace
While memory runs like a hunted thing
Down the paths I cannot retrace

Then my desolate heart will well nigh break
With the tears I cannot shed;
I shall cover my face with my empty hands,
I shall bow uncrowned head.

Lord of the years that are left to me
I give them to Thy Hand;
Take me and break me and mould me
To the pattern Thou hast planned.

## *Just a minute*

*ഞങ്ങളെ പരീക്ഷയിൽ*
*കടത്താതെ...*
*ഞങ്ങളെ വിടുവിക്കേണമേ*
*(മത്തായി 6:13)*



***Pheba Cleetus***